ܡܕܪܫܐ

# MADRŌSHŌ

മദ്റോശോ

2

# സുറിയാനി സംവാദഗാനങ്ങൾ

## മലയാളത്തിൽ

പ്രൊഫ. മാത്യു ഉലകംതറ

ST. EPHREM ECUMENICAL RESEARCH INSTITUTE
(SEERI)
BAKER HILL, KOTTAYAM- 686 001
INDIA
ഫെബ്രുവരി 1999

www.malankaralibrary.com

# ܡܕܪ̈ܫܐ

മദ്റോശോ – 2

സുറിയാനി

# സംവാദഗാനങ്ങൾ

## മലയാളത്തിൽ

വിവർത്തനം

പ്രൊഫ. മാത്യു ഉലകംതറ

St. Ephrem Ecumenical Research Institute (SEERI)
Baker Hill, Kottayam - 686 001
Kerala - India

December 1998

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

MALAYALAM TRANSLATIONS OF
SYRIAC DIALOGUE POEMS

Translation in Verse
By
**Prof. Mathew Ulakamthara**

&

**Rev. Dr. Thomas Koonammakkal**

Published by:
**St. Ephrem Research Institute (SEERI)**
**Kottayam - 686 001**

Typesetting:
**Adorn Graphics, Arpookara, Kottayam-8**

Printed at:
**Deepika Offset Printers, Sastri Road, Kottayam-1**

First Published in **Dec. 1998**

Rights Reserved

**Price Rs. 30**

www.malankaralibrary.com

# ആമുഖം

മലയാളഭാഷയ്ക്കെന്നപോലെതന്നെ വിശിഷ്ടവും പുരാതനവുമായ ഒരു കാവ്യപാരമ്പര്യമാണ് സുറിയാനി ഭാഷയ്ക്കുള്ളത്. പ്രാചീനകാവ്യങ്ങളിൽ പ്രമുഖസ്ഥാനം ഇരുഭാഷകളിലും ഭക്തികാവ്യങ്ങൾക്കാണെന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ടതുമുണ്ട്. കേരളത്തിൽ ഹിന്ദുമത പ്രബോധനം നടന്നിട്ടുള്ളത് പുരാണകഥാകാവ്യങ്ങളിലൂടെയും കീർത്തനങ്ങളിലൂടെയും ആണല്ലോ. അതുപോലെ ആദിമനൂറ്റാണ്ടുകളിൽ ക്രിസ്തുമതപ്രബോധനത്തിനും സുറിയാനിഭാഷക്കാർ ഉപയോഗിച്ചിരുന്നത് പദ്യമാധ്യമമാണ്. നമ്മുടെ ചെറുശ്ശേരിയും എഴുത്തച്ഛനുമെന്നപോലെ മതാത്മകവും ആദ്ധ്യാത്മികവുമായ വിഷയങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന പുണ്യാത്മാക്കളായ അനേകം ഭക്തകവികൾ സുറിയാനിഭാഷയിലുമുണ്ടായിട്ടുണ്ട്. വി. അപ്രേം, സാറൂഗിലെ മാർ യാക്കോബ് നാർസായി മുതലായവരുടെ പേർ ഇവിടെ എടുത്തുപറയാം. അവരുടെ ദൈവശാസ്ത്ര ദർശനങ്ങളും ഭാഷാവൃത്തജന്യമായ സംഗീതഭംഗിയും സുറിയാനിഭാഷാജ്ഞാനമുള്ളവരെ പറഞ്ഞറിയിക്കേണ്ടതില്ല. സുറിയാനിപാരമ്പര്യത്തിൽ അഭിമാനം കൊള്ളുകയും, നഷ്ടപൈതൃകം വീണ്ടെടുക്കാനുള്ള യത്നത്തിൽ നിരന്തരം ഏർപ്പെട്ടിരിക്കുകയും ചെയ്യുന്ന ഒരു ക്രൈസ്തവജനവിഭാഗം കേരളത്തിലുമുണ്ട്. അവർ പോലും സുറിയാനിഭാഷാഭ്യസനവിഷയത്തിൽ പ്രായേണ വിമുഖരായിട്ടാണ് കാണപ്പെടുന്നത്. സുറിയാനിയിലെ പ്രഖ്യാതങ്ങളായ കവനതല്ലജങ്ങളുടെ മലയാളവിവർത്തനങ്ങളിലൂടെയെങ്കിലും അവയിലെ കല്പനാസാമ്രാജ്യത്തിലേക്കും കാവ്യബിംബങ്ങളിലേക്കും ഒന്നെത്തിനോക്കാൻ അവർക്കുകഴിയുമാറാകട്ടെ എന്ന വിചാരമാണണ് ഈ പ്രസിദ്ധീകരണത്തിനു പിന്നിലുള്ളത്.

പല കൈ മറിഞ്ഞ് മലയാളത്തിലെത്തുമ്പോൾ മൂലഭാഷയിലെ പദയോഗ സൗന്ദര്യവും സംഗീതഭംഗിയും വലിയൊരളവുവരെ നഷ്ടപ്പെട്ടുപോകുമെന്നുള്ളത് അനുക്തസിദ്ധമാണ്. കവിത വിവർത്തനക്ഷമമല്ല എന്ന ചൊല്ല് അതിപ്രസിദ്ധമാണല്ലോ. എങ്കിലും സമർത്ഥനായ ഒരു വിവർത്തകന്റെ കയ്യിലൂടെ കടന്നുവരുമ്പോൾ വിവർത്തനം തന്നെ ഒരു നൂതനകലാസൃഷ്ടി



www.malankaralibrary.com

യായി രൂപാന്തരപ്പെടുകയും വിവർത്തിതഭാഷയിൽ നിന്ന് ചില പുതുഭംഗികൾ അതുൾക്കൊള്ളുകയും ചെയ്യും. മലയാളവൃത്തങ്ങളുടെയും പദയോഗങ്ങളുടെയും ഭംഗി പ്രകാശിപ്പിച്ചുകൊണ്ടും മൂലകവികളുടെ ആശയങ്ങൾക്ക് അധികം പരിക്കേല്പിക്കാതെയും നമ്മുടെ കാവ്യപാരമ്പര്യങ്ങൾക്കിണങ്ങുന്നവിധത്തിലാണ് ഈ വിവർത്തനം നിർവ്വഹിച്ചിട്ടുള്ളതെന്നുപറയാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്.

പ്രാചീന സുറിയാനി ഗാനശാഖയിൽ സുപ്രധാനമായ ഒരു സ്ഥാനമാണ് സംവാദഗാനങ്ങൾ – അഥവാ സംഭാഷണഗാനങ്ങൾക്കുള്ളത്. രണ്ടു കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെ – വാദപ്രതിവാദങ്ങളിലൂടെ – ഒരു സുവിശേഷഭാഗത്തെയോ വേദരഹസ്യത്തെയോ വ്യാഖ്യാനിക്കാനുള്ള ശ്രമമാണ് മിക്ക സംവാദഗാനങ്ങളിലും കാണുന്നതെന്നുപറയാം. ചില സംവാദങ്ങൾ വേദപുസ്തക സന്ദർഭങ്ങളുടെ വിപുലീകരണവുമാണ്. ഉദാഹരണത്തിന് മറിയവും മാലാഖയും തമ്മിലുള്ള സംവാദം. മാലാഖയുമായി വി. മറിയം നടത്തിയ സംഭാഷണത്തിന്റെ ചെറിയൊരു രൂപം സുവിശേഷത്തിലുണ്ട്. മാലാഖ വെളിപ്പെടുത്തുന്ന ദിവ്യരഹസ്യത്തിന്റെ ആഴങ്ങളിലേക്കിറങ്ങാനുള്ള ശ്രമമാണ് കവി നടത്തുന്നത്. വിരുദ്ധോക്തികൾ, കല്പനകൾ, ബിംബങ്ങൾ, വികാരസംഘട്ടനങ്ങൾ എന്നിങ്ങനെയുള്ള എല്ലാ കവിതന്ത്രങ്ങളും പ്രയോഗിച്ചുകൊണ്ട് ആ അത്ഭുതരഹസ്യത്തെ അപഗ്രഥിക്കാൻ കവി ശ്രമിക്കുന്നു. മാർ അപ്രേമാണ് ആ ഗാനത്തിന്റെ രചയിതാവെന്ന് പലരും വിശ്വസിക്കുന്നു. അതിൽ സംശയിക്കുന്നവരുമില്ലാതില്ല.

മലയാളത്തിൽ സംവാദഗീതങ്ങൾ എന്നൊരു കാവ്യശാഖയില്ല. അടുത്തകാലത്ത് ഇടപ്പള്ളി രാഘവൻപിള്ളയും ചങ്ങമ്പുഴയും തോഴിമാർ തമ്മിലുള്ള സംഭാഷണത്തിന്റെ രീതിയിൽ ഒന്നോ രണ്ടോ ഗീതങ്ങൾ എഴുതിയിട്ടുണ്ട്. പ്രൊഫ. ആനന്ദക്കുട്ടന്റെ ചീത നല്ലൊരു സംഭാഷണഗാനമാണ്. രമണനിൽ സംഭാഷണങ്ങൾ ധാരാളമുണ്ടെങ്കിലും അതിനു മറ്റൊരു കാവ്യവിഭാഗത്തിൽ കവിതന്നെ സ്ഥാനമുറപ്പിച്ചുകൊടുത്തല്ലോ. ഇങ്ങനെ രണ്ടോ മൂന്നോ മാതൃക ചൂണ്ടിക്കാട്ടാമെന്നല്ലാതെ അതൊരു കാവ്യശാഖയായി വികസിച്ചിട്ടില്ല. പ്രാചീന സാഹിത്യത്തിൽ നാമമാത്രമായിപ്പോലും അവ കാണാനില്ല. നേരെമറിച്ച് സുറിയാനിഭാഷയാകട്ടെ സംവാദഗാനങ്ങളെക്കൊണ്ടു സമ്പന്നമാണ്. സുറിയാനിക്കാരുടെ എഴുത്തച്ഛനായ സെന്റ് എപ്രേമാണ് മിക്കതിന്റെയും കർത്താവെന്നു കരുതപ്പെടുന്നു. അവയിൽ ഏറ്റം പ്രധാനപ്പെട്ടത് പാപിനിയായ സ്ത്രീയെപ്പറ്റിയുള്ള മിമ്രൊ ആണ്. എ.ഡി. മാഹർ



www.malankaralibrary.com

(Mahr) എന്ന പണ്ഡിതന്റെ അഭിപ്രായത്തിൽ മാർ അപ്രേമിന്റെ ഈ മിമ്രോയാണ് പിന്നീട് ഗ്രീക്കിലേക്കും ലത്തീനിലേക്കും സംക്രമിച്ച് അവിടെ ആരാധനക്രമനാടകങ്ങൾക്ക് രൂപം നൽകി വളർത്തിയത്. സുറിയാനിയിൽ അവ ആരാധനാക്രമമനാടകങ്ങൾക്കൊന്നും രൂപം കൊടുത്തില്ലെങ്കിലും നൂറ്റാണ്ടുകളോളം ജനജീവിതത്തിൽ സ്വാധീനത നിലനിർത്തിപ്പോന്നു. നവീനസുറിയാനിഭാഷയിലും അവ അതിജീവിക്കുന്നു എന്നുള്ളതുതന്നെ അതിനു തെളിവാണല്ലോ.

ചില സംവാദഗാനങ്ങൾ പോപ്പുലർ പോയട്രി എന്നുപറയുന്ന ജനകീയകാവ്യരൂപങ്ങളോട് വളരെ അടുത്തുനില്ക്കുന്നു. കൈയെഴുത്തുരേഖകളിലാണ് ഇവ ഇന്നും വിശ്രമിക്കുന്നത്. ഹോളണ്ടിലെ സിറിയൻ ഓർത്തഡോക്സ് മൊണാസ്ട്രി ഓഫ് സെന്റ് എഫ്രേം എന്ന ആശ്രമത്തിലെ രേഖാസഞ്ചയത്തിൽ നിന്നാണ് മറിയവും മാലാഖയും, മറിയവും പൗരസ്ത്യവിജ്ഞാനികളും മുതലായവ കണ്ടെടുത്തത്. മറിയവും ജോസഫുമായുള്ള സംഭാഷണങ്ങൾ പാശ്ചാത്യസുറിയാനി ലിറ്റർജിക്കൽ മാനുസ്ക്രിപ്റ്റിൽ നിന്ന് സ്വീകരിച്ചവയുമാണ്. തോട്ടക്കാരന്റെ വേഷത്തിൽ വരുന്ന ക്രിസ്തുവും മറിയവുമായുള്ള സംഭാഷണമാകട്ടെ പൗരസ്ത്യസുറിയാനി രേഖകളിൽ മാത്രമേ കാണുന്നുള്ളു.

പല സംവാദഗാനങ്ങളുടെയും ഇംഗ്ലീഷ് വിവർത്തനങ്ങൾ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രൊഫസ്സറായ സെബാസ്റ്റ്യൻ ബ്രോക്ക് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മൂന്നുഘടകങ്ങളുള്ള ഒരു ശില്പസങ്കേതം ഇവയിൽ കാണുന്നുണ്ടെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നു. (a) ഉചിതമായ ഒരു മുഖവുര (b) രണ്ടു ബൈബിൾ കഥാപാത്രങ്ങൾ ഹ്രസ്വവും തുല്യഅളവിലുള്ളതുമായ സംഭാഷണങ്ങളിലൂടെ വിഷയത്തെ വികസിപ്പിച്ചുകൊണ്ടുവരുന്ന രീതി (c) ആശയസമന്വയരൂപത്തിലുള്ള ഒരു ഉപസംഹാരം. സുമേരിയൻ അക്കേഡിയൻ ഭാഷകളിലുള്ള പ്രാചീനമെസപ്പോട്ടോമിയൻ സാഹിത്യത്തിലേക്ക് സംവാദഗാനസാഹിത്യപാരമ്പര്യത്തിന്റെ വേരുകൾ നീണ്ടുപോകുന്നുണ്ടെന്നും പ്രൊഫ. ബ്രോക്ക് അഭിപ്രായപ്പെടുന്നു.

സുറിയാനി സംവാദഗാനശേഖരത്തിൽ നിന്ന് പ്രധാനപ്പെട്ട പത്തെണ്ണമാണ് ഇവിടെ വിവർത്തനത്തിനു തിരഞ്ഞെടുത്തിട്ടുള്ളത്.

1. മേരിയും മാലാഖയും
2. മറിയവും യൗസേഫും



www.malankaralibrary.com

3. മേരിയും പൗരസ്ത്യവിജ്ഞാനികളും
4. മറിയവും തോട്ടക്കാരനും
5. അബ്രഹാമിന്റെ ബലി
6. സ്നാപകനും യേശുവും
7. കള്ളനും മാലാഖയും
8. ആകാശവും ഭൂമിയും
9. ശരീരവും ആത്മാവും
10. സഖറിയായും മാലാഖയും

സുറിയാനിയിലെയും മലയാളത്തിലെയും കാവ്യപാരമ്പര്യങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും ക്രൈസ്തവജനതയെ നമ്മുടെ കാവ്യസംസ്കാരത്തോടു കുടുതൽ അടുപ്പിക്കുന്നതിനുമായി പ്രൊഫ. മാത്യു ഉലകംതറയുടെ മേൽനോട്ടത്തിൽ 'സീരി'യിൽ കവിതാമണ്ഡലം എന്ന പേരിലാരംഭിച്ചിട്ടുള്ള കവിതാപരിശീലന ക്ലാസുകളുടെ ദൃശ്യമായ ഒരു ഉപോൽപ്പന്നമാണ് ഈ വിവർത്തനം.

ആദ്യത്തെ ഒമ്പതു ഗാനങ്ങളും പ്രൊഫ. ഉലകംതറ തന്നെയാണ് വിവർത്തനം ചെയ്തിട്ടുള്ളത്. 'സഖറിയായും മാലാഖയും' അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ കവിതാമണ്ഡലത്തിലെ വിദ്യാർത്ഥിയും പ്രശസ്തസുറിയാനിപ്പണ്ഡിതനുമായ റവ. ഡോ. തോമസ് കൂനമ്മാക്കൽ തയ്യാറാക്കിയ വിവർത്തനമാണ്. നല്ലൊരു ഗദ്യകാരൻ, കവി, തേവരകോളെജിലെ ഭാഷാവകുപ്പധ്യക്ഷൻ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലാ പ്രൊഫസ്സർ, പത്രാധിപർ, മതചിന്തകൻ, പ്രഭാഷകൻ എന്നീ നിലകളിലെല്ലാം കേരളീയർക്ക് പരിചിതനായ പ്രൊഫ. മാത്യു ഉലകംതറയുടെ പദ്യരചനാവൈഭവം 'ക്രിസ്തുഗാഥ' എന്ന മഹാകാവ്യത്തിലൂടെ മുമ്പേ പ്രകടമായിട്ടുള്ളതാണ്. 'ഉള്ളൂർ അവാർഡ്' എന്ന വിശിഷ്ട കാവ്യപുരസ്കാരത്തിനും അതിലൂടെ അദ്ദേഹം അർഹനായി. വിവിധ ദ്രാവിഡ വൃത്തങ്ങളിൽ വിവർത്തനച്ചുവ അനുഭവപ്പെടാത്ത ലളിതപദ്യശൈലിയിൽ കുട്ടികൾക്കുപോലും പാടിപ്പഠിക്കാവുന്നവിധം ഈ സംവാദഗീതങ്ങളും മാർ അപ്രേമിന്റെ പ്രഖ്യാതങ്ങളായ മരിയഗീതങ്ങളും അദ്ദേഹം സ്വതന്ത്രമായി ഭാഷാന്തരീകരിച്ചിരിക്കുന്നു. മരിയഗീതങ്ങൾ താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതാണ്. മാർതോമ്മായുടെ ഭാരതപ്രസ്ഥാനം എന്നപേരിൽ സാറുഗിലെ യാക്കോബ് മല്പാന്റെ ഒരു പ്രബോധനപ്രബന്ധം സംവാദഗാനരൂപത്തിൽ ഇതിനുമുമ്പ് അദ്ദേഹം വിവർത്തനംചെയ്ത് സീരിയിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മലയാ



www.malankaralibrary.com

ളികൾക്ക് അപരിചിതമായ ഒരു കാവ്യലോകത്തിലേക്കാണ് പ്രൊഫ. ഉലകംതറ സുഗമമായ ഒരു കവാടം തുറന്നുതന്നിരിക്കുന്നത്. സംവാദഗാനപ്രസ്ഥാനം തന്നെ രൂപംകൊണ്ടിട്ടില്ലാത്ത മലയാളത്തിന് ഇത് ഒരു മുതൽക്കൂട്ടാണ്. സെമിനാരികളിലും, മഠങ്ങളിലും, സ്കൂളുകളിലും വിശേഷാവസരങ്ങളിൽ വ്യത്യസ്ത കഥാപാത്രങ്ങളെക്കൊണ്ട് പാടി അവതരിപ്പിക്കാവുന്ന ഈ സാഹിത്യശാഖയെ അർഹിക്കുന്ന ഗൗരവത്തോടെ മലയാളികൾ - വിശിഷ്യ സുറിയാനിക്രിസ്ത്യാനികൾ - സ്വീകരിക്കുമെന്ന് പ്രത്യാശിക്കാം. സാഹചര്യങ്ങൾ അനുകൂലമെങ്കിൽ കൂടുതൽ സുറിയാനികാവ്യങ്ങൾ മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധപ്പെടുത്താൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**- ഫാ. ജേക്കബ് തെക്കേപ്പറമ്പിൽ**

*ഡിറക്ടർ*

*സെന്റ് എഫ്രേംസ് എക്യൂമെനിക്കൽ*

*റിസർച്ച് സെന്റർ (സീരി)*

കോട്ടയം-1

6-11-1998



www.malankaralibrary.com

# ആശീർവാദസന്ദേശം

സുറിയാനി ഭാഷയിലെ വേദശാസ്ത്രപരവും സാഹിത്യപരവുമായ അനർഘനിധികൾ കണ്ടെടുത്ത് ലോകസംസ്കാരത്തിനു നല്കുവാനുള്ള മഹായത്നത്തിലേർപ്പെട്ടിരിക്കുന്ന ഒരു സ്ഥാപനമാണ് സീരി. സുറിയാനി ക്രിസ്ത്യാനികളുടെ ഈ പിതൃസ്വത്ത് മലയാളഭാഷാമാധ്യമം വഴി ആദ്യം നൽകപ്പെടേണ്ടത് കേരളീയർക്കാണ്. അതിനുള്ള യത്നങ്ങളിലൊന്നാണ് മദ്റോശോ ഗ്രന്ഥപരമ്പര. കേരളത്തെപ്പോലെതന്നെ മതപരവും ആധ്യാത്മികവുമായ കാവ്യങ്ങളുടെ വലിയൊരു സമ്പത്ത് സുറിയാനിഭാഷയിലുമുണ്ട്. ഈ രണ്ടു കാവ്യപാരമ്പര്യങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള ശ്രമമാണ് പ്രൊഫ. മാത്യു ഉലകംതറയുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന കവിതാമണ്ഡലത്തിൽ നടക്കുന്നത്. മലയാള കവിതാരചനയിലും ആലാപനത്തിലും അവിടെ പരിശീലനം നൽകപ്പെടുന്നു. സുറിയാനിയിൽനിന്നുള്ള കവിതകൾ വിവർത്തനം ചെയ്യപ്പെടുന്നു.

സാറുഗിലെ യാക്കോബ് മല്പാന്റെ സെന്റ് തോമസിനെപ്പറ്റിയുള്ള പ്രസിദ്ധമായ ഒരു പ്രഭാഷണം (മെമ്റോ) സംഭാഷണകാവ്യരൂപത്തിൽ ഇതിനുമുമ്പുതന്നെ അദ്ദേഹം വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു. രണ്ടാമത്തെ പുസ്തകമായി സംവാദഗാനങ്ങൾ പ്രസിദ്ധീകരിക്കുകയാണെന്നറിയുന്നു. ക്രിസ്തുഗാഥയെന്നെ വിശിഷ്ടകാവ്യത്തിലൂടെ തന്റെ പദ്യരചനാവൈഭവം തെളിയിച്ചിട്ടുള്ള പ്രൊഫ. മാത്യു ഉലകംതറ മൂലകാവ്യങ്ങളുടെ ആശയഭംഗി ഒട്ടും നഷ്ടപ്പെടാതെ മലയാളകവിതയുടെ തനിമയാർന്ന പദ്യഭാഷയിൽ ഈ കാവ്യങ്ങൾ വിവർത്തനം ചെയ്തുകാണുന്നതിൽ സന്തോഷമുണ്ട്. ഇതു മലയാളഭാഷയ്ക്കുതന്നെ ഒരു മുതൽക്കൂട്ടായിരിക്കും. നമ്മുടെ കലാലയങ്ങളിൽ സംഭാഷണഗാനങ്ങളായി അവതരിപ്പിക്കാനും ഇവ പ്രയോജനപ്പെടും. അതു സുറിയാനിഭാഷയുടെ ആത്മാവിലേക്ക് കുടുതലടുക്കുന്നതിനും വേദപുസ്തകപരിചയവും സുവിശേഷസംസ്കാരവും വളർത്തുന്നതിനും സഹായകമായിത്തീരും.



www.malankaralibrary.com

ആദിമശതകങ്ങളിലുണ്ടായ വിശിഷ്ടകാവ്യസൃഷ്ടികളാണ് സുഗീതോ എന്ന പേരിലറിയപ്പെടുന്ന ഈ സംവാദഗാനങ്ങൾ. അവയെ ലളിതമായ നാടൻ വൃത്തങ്ങളിൽ അതിലളിതമായ ഭാഷയിൽ വിവർത്തനം ചെയ്യുന്നതിന് ഗ്രന്ഥകാരന് സാധിച്ചിട്ടുണ്ട്. ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ മുതലായ ഭാഷകളിലെല്ലാം ഈ കവിതകളുടെ വിവർത്തനം വന്നിട്ടുണ്ടെങ്കിലും മലയാളത്തിൽ ഇതാദ്യമാണ്. സെന്റ് എഫ്രേമിന്റെ മഹനീയ മരിയ കാവ്യങ്ങളും ഇതുപോലെ പ്രൊഫ. ഉലകംതറ വിവർത്തനം ചെയ്തു വച്ചിട്ടുണ്ടെന്നറിയുന്നു. സുറിയാനിസാഹിത്യനിധിപേടകത്തിലെ അനർഘരത്നങ്ങൾ പുറത്തെടുത്ത് മലയാളികൾക്ക് നല്കാനുള്ള ഈ സംരംഭം അത്യന്തം അഭിനന്ദനീയവും പ്രോത്സാഹനീയവുമാണ്. സഹൃദയലോകത്തിന്റെയും സഭാതനയരുടെയും നിർല്ലോഭമായ പ്രോത്സാഹനം അതിനു ലഭിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. വിവർത്തകനും, പ്രസാധകർക്കും ദൈവാനുഗ്രഹം നേരുന്നു.

**ഗീവർഗീസ് മാർ തിമോത്തിയോസ്**
*പ്രസിഡണ്ട്, സീരി*

11–11–1998
മേരിഗിരി
തിരുവല്ല



www.malankaralibrary.com

# അവതാരിക

പ്രൊഫ. മാത്യു ഉലകംതറ സൗഹൃദപൂർവ്വം എന്നെ ഏല്പിച്ച ഈ കൃതി ഞാൻ ആദ്യന്തം ശ്രദ്ധയോടെ വായിച്ചു. വളരെ സന്തോഷം തോന്നി. ലളിതമായ ഭാഷ, മധുരവും ഹൃദ്യവുമായ പ്രതിപാദനം, സഹൃദയഹൃദയങ്ങളെ ആഹ്ലാദിപ്പിക്കുന്ന നാടകീയ മുഹൂർത്തങ്ങൾ, വികാരോത്തേജകങ്ങളും ചിന്തോദ്ദീപകങ്ങളുമായ രംഗങ്ങൾ, യുക്തിയുക്തമായ ഉക്തിപ്രത്യുക്തികൾ, കഥാപാത്രങ്ങളുടെ ഉള്ളിൽ കടന്നുകൂടി അവിടെ നടക്കുന്ന മാനസികസംഘർഷങ്ങളെ അതീവസുന്ദരമായി ആവിഷ്കരിക്കുന്ന കവികർമ്മകുശലത മുതലായവകൊണ്ട് അനുവാചകനിൽ ആനന്ദവും അനുഭൂതിയും ഒന്നുപോലെ ഉളവാക്കുന്ന ശില്പസുന്ദരവും പാരായണക്ഷമവുമായ ഒരുത്തമഗാനകാവ്യമാണിതെന്നു പറയുവാൻ ഞാൻ ഒട്ടും മടിക്കുന്നില്ല.

പ്രൊഫ. ഉലകംതറ എന്റെ ഒരുറ്റ സുഹൃത്താണ്. സുഹൃത്തുക്കൾ എഴുതുന്നതെല്ലാം നല്ലതാണെന്നു പറയുവാൻ ഞാൻ തയ്യാറല്ല. എന്നാൽ നല്ലതിനെ നല്ലതാണെന്നു പറയാതിരുന്നാൽ അത് ആത്മവഞ്ചനയുമാകും. അങ്ങനെ പറയുന്നതുകൊണ്ട് എനിക്കും സുഹൃത്തുക്കൾക്കും ഉണ്ടാകുന്ന സംതൃപ്തിയും ഒന്നുവേറെ തന്നെയാണ്.

മലയാളത്തിൽ ഇതിനകം പല പ്രസ്ഥാനങ്ങളിലും കൈവെച്ച് നല്ല തഴക്കവും പഴക്കവുമുള്ള ഒരു തൂലികയാണ് 'ക്രിസ്തുഗാഥാ' രചയിതാവായ പ്രൊഫ. ഉലകംതറയുടേത്. ആ തൂലിക വർഷം ചെല്ലുന്തോറും പകതയാർജ്ജിച്ച് സ്വർണ്ണത്തിനു സൗരഭ്യം കൂടിച്ചേർന്നാൽ എന്ന പോലെ, സാഹിത്യത്തിന് ആദ്ധ്യാത്മിക ചൈതന്യം കൂടി പകർന്നുകൊടുത്ത് ഉത്തരോത്തരം വിജയക്കൊടി നാട്ടുകയാണ്.

വേദപുസ്തകത്തെ മുഖ്യമായി അവലംബിച്ചും കവിഭാവന ഉപയോഗിച്ചും ഉള്ള ചില രംഗങ്ങൾ സാമാന്യജനങ്ങൾക്ക് ആടാനും പാടാനും തക്ക വിധത്തിൽ ഇതിൽ സംവാദഗാനരൂപേണ ചിത്രീകരിച്ചിരിക്കുന്നു. മലയാളത്തിൽ ഇത്തരത്തിലുള്ള ഒരു കാവ്യശാഖ വളർന്നു വേരുറച്ചിട്ടില്ല. എന്നാൽ ആദിമസംസ്കൃതകാവ്യങ്ങളുടെ മുന്നോടിയായി വർത്തിച്ചിരുന്ന ഉപനിഷ



www.malankaralibrary.com

ത്തുകളിൽ ഗുരുശിഷ്യസംവാദരൂപേണയുള്ള ശ്ലോകങ്ങളും ഗദ്യങ്ങളും ധാരാളമായി കാണും. അവ ഗാനാത്മകമായി ചൊല്ലുകയും ചെയ്യാം. അനുഭൂതിയിലും ആശയാവിഷ്കരണത്തിലും സാദൃശ്യം വഹിക്കുന്ന പല പരാമർശങ്ങളും പൗരസ്ത്യപാശ്ചാത്യദേശങ്ങളിലെ സാഹിത്യകൃതികളിൽ അത്ഭുതകരമായി നിലകൊള്ളുന്നുണ്ടെന്ന് ഒരു താരതമ്യപഠന വിദ്യാർത്ഥിക്ക് കാണാൻ കഴിയും. അത്തരത്തിലൊരു സാദൃശ്യമാവാം ഉപനിഷത്തുകളിലും സുറിയാനിയിലെ സംവാദഗാനങ്ങളിലും ദർശിക്കപ്പെടുന്നത്.

ഈ കൃതിയിൽ ആദ്യത്തേതായ മറിയവും മാലാഖയും തമ്മിലുള്ള സംവാദത്തിൽ, ഈശന്റെ കരുണ തന്നിലുണ്ടെന്നറിഞ്ഞപ്പോൾ മറിയത്തിനുണ്ടായ അത്ഭുതം, അതു ശരിയാണോ എന്ന സംശയം, അതറിയുന്നതിനുള്ള ജിജ്ഞാസ, രാജകുമാരിമാരെ വിട്ട് ഏഴയായ തന്നെ ഇഷ്ടപ്പെട്ടതിലുള്ള ആത്മാനന്ദം – ഇവയെല്ലാം അവളെ വികാരാവിവശയാക്കുന്നു. അവൾക്ക് ഈശനോടുള്ള ഭക്തിയും വിശ്വാസവും വിനയവും വർദ്ധിക്കുന്നു. ഈ സംവാദത്തേക്കാൾ വികാരതീക്ഷ്ണമാണ് മറിയവും ജോസഫും തമ്മിലുള്ള സംവാദം. മറിയം പരപുരുഷനിൽനിന്നു ഗർഭം ധരിച്ചെന്നു ശങ്കിച്ച് ജോസഫ് നടത്തുന്ന, പരിഭവവും പരിഹാസവും അമർഷവും കലർന്ന വാദഗതികൾ, അവയോരോന്നിനേയും ഖണ്ഡിച്ചുകൊണ്ടും, താൻ കളങ്കരഹിതയാണെന്നും തന്റെ ഉദരത്തിൽ അഗ്നിരൂപേണ വസിക്കുന്നത് ദൈവപുത്രനാണെന്നും സ്ഥാപിച്ചുകൊണ്ടും മറിയം നല്കുന്ന മറുപടി – ഇവയിലെല്ലാം സാധാരണ മാനുഷികവികാരങ്ങളാണ് തുടിച്ചുനില്ക്കുന്നത്. നീണ്ടുപോകുന്ന ആ സംവാദരംഗം ഒടുവിൽ ഒരു പൊട്ടിത്തെറിയുടെയും ആത്മരോദനത്തിന്റെയും വക്കോളമെത്തുന്നു. മറിയത്തെ ഈ ആപദ്ഘട്ടത്തിൽ തുണയ്ക്കാനെത്തുന്നത് ദൈവദൂതനാണ്. അദ്ദേഹത്തിന്റെ വചനം കേട്ടപ്പോൾ ജോസഫിന്റെ മനസ്സംഘർഷം അയയുന്നു; സംശയം അകലുന്നു. ചാരിത്രവതിയും സൽസ്വഭാവിനിയും ആയ തന്റെ പ്രേയസിയോടുള്ള പ്രേമവും, ദൈവകാരുണ്യമോർത്തു ഭക്തിയും അയാൾക്ക് വർദ്ധിക്കുന്നു. ഇങ്ങനെ സംഘട്ടനാത്മകതയുടെ ചൂടും ശാന്തിയുടെ ശീതളിമയും ഒരേ രംഗത്തിൽ സൃഷ്ടിക്കാൻ കവിക്ക് കഴിഞ്ഞിരിക്കുന്നു.

മറിയവും പൗരസ്ത്യജ്ഞാനികളുമായുള്ള സംവാദം ശാന്തസുന്ദരവും ശീതളവുമായ ഒരന്തരീക്ഷത്തിലാണ് നമ്മെക്കൊണ്ടെത്തിക്കുന്നത്. മറിയത്തിന്റെ സംശയം അവിടെയും തുടരുന്നു. തന്റെ ശിശു ദിവ്യത പൂണ്ട രാജകുമാരനാണെന്ന് അവൾക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. ഒടുവിൽ



www.malankaralibrary.com

ജ്ഞാനികളുടെ യുക്തിയുക്തമായ സംഭാഷണം കേട്ട് അവൾ സംതൃപ്തയും വിശ്വാസിനിയുമായിത്തീരുകയാണ് ചെയ്യുന്നത്. കവിത ഇവിടെ അതിലളിതമായി, അനായാസമായി, നിരർഗ്ഗളമായി, അതിമനോഹരമായി ഒഴുകുന്നത് നോക്കു:–

*ജ്ഞാനി:*

നക്ഷത്രം ഞങ്ങളോടോതിയല്ലോ
രക്ഷകനാണവൻ ദൈവപുത്രൻ.
സർവ്വോന്നതൻ നിന്റെ പുത്രനായി
സർവ്വേശ്വരന്റെ തിരുക്കുമാരൻ.

*മറിയം:*

ആഴങ്ങളേപ്പോലുയരങ്ങളും
വാനോർ നിരകളും താരങ്ങളും
പാടുന്നിവൻ ദൈവപുത്രനെന്നും
നാഥനെന്നും രാജരാജനെന്നും.

*ജ്ഞാനി:*

താരകമൊന്നിനെ മുൻനിറുത്തി
വാനം വിളംബരം ചെയ്കയാലെ
പേർഷ്യയും പൗരസ്ത്യദേശങ്ങളും
വിശ്വാസകല്ലോലനൃത്തമാടി
ദേശങ്ങൾക്കിന്നിവൻ രാജനെന്നും
മാനവർക്കിന്നിവൻ നാഥനെന്നും

*മറിയം:*

ശാന്തിസന്ദേശവുമായി നിങ്ങൾ
പിന്തിരിഞ്ഞെത്തുക പേർഷ്യനാട്ടിൽ.
ഐശ്വര്യമാരി ചൊരിഞ്ഞിടട്ടെ
ആർഷമാം പൗരസ്ത്യദേശങ്ങളിൽ.
സത്യത്തിൻ സാക്ഷികൾ നിങ്ങളേന്തും
ദൗത്യം ജയിക്കട്ടെ മേല്ക്കുമേലേ.

പ്രകൃതി ആനന്ദനൃത്തമാടുന്നതുപോലെ കവിതയും ഇവിടെ ആനന്ദനൃത്തം ചെയ്യുകയാണ്; ഒപ്പം സഹൃദയഹൃദയങ്ങളും.



www.malankaralibrary.com

അബ്രഹാമും ഇസഹാക്കും തമ്മിലുള്ള സംവാദരംഗവും ഹൃദയദ്ര വീകരണക്ഷമമാണ്. അബ്രഹാമിന്റെ ദൈവത്തോടുള്ള അഭ്യർത്ഥനയിൽ വികാരം അങ്ങനെ വിങ്ങിപ്പൊട്ടുന്നതായി കാണാം.

'അവനെത്തന്നു നീ സുതനായ് കർത്താവേ
തിരിയെച്ചോദിച്ചു ബലിയായി;
തിരുവുള്ളംപോലെ വരണമൊക്കെയും
ബലിയിടം കാട്ടിത്തരികനീ'

'നിന്റെ കാരുണ്യത്താൽ നീ എനിക്കൊരു പുത്രനെ നല്കി. ഇപ്പോൾ നീ അവനെ തിരിയെ ചോദിക്കുന്നു. നിന്റെ ഇംഗിതം പോലെ എല്ലാം നടക്കട്ടെ. (അങ്ങനെയേ നടക്കുകയുള്ളുവല്ലോ) ശരി. ഞാൻ പുത്രനെ ബലിയായി നല്കാം. ബലിസ്ഥലം നീ കാട്ടിത്തരിക'.

ഇതിൽ സ്ഫുരിക്കുന്ന ഭക്തിയും വിശ്വാസവും അർപ്പണഭാവവും വിവരിക്കാൻ വാക്കുകളില്ല.

പുത്രനെ ബലിയർപ്പിക്കാൻ ഉദ്ദേശിക്കുന്ന അബ്രഹാമും, കഥയറിയാതെ ഓരോന്നു ചോദിക്കുന്ന പുത്രനും തമ്മിൽ നടക്കുന്ന സംവാദം ആരുടെയും കരളലിയിക്കുന്നതും ഉത്കണ്ഠാജനകവുമാണ്.

അബ്രഹാമിന് ദൈവത്തിൽ നിന്നുണ്ടായ ഒരു കഠിനപരീക്ഷണമായിരുന്നു ആ ബലി. അതു നിർവ്വഹിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹവും പുത്രനും അതീവകൃതാർത്ഥരായി; ധന്യരായി; അനുഗൃഹീതരുമായി. ഉള്ളിൽ തട്ടിവിളിച്ചാൽ വിളികേൾക്കുന്ന നാഥനാണ് ദൈവമെന്ന് അനുവാചകർക്കും ബോധ്യമായി.

താരതമ്യേന ഗഹനമാണ് ഇതിലെ സ്നാപകനും യേശുവും തമ്മിലുള്ള സംവാദം. ആദ്ധ്യാത്മികരഹസ്യങ്ങൾ അറിയുന്നവർക്കേ അതു നന്നായി ആസ്വദിക്കാൻ പറ്റൂ. എങ്കിലും ഈ ഗഹനഭാവത്തെ വളരെ ലളിതമായി പ്രതിപാദിക്കാൻ കവിക്ക് കഴിഞ്ഞിട്ടുണ്ട്.

കള്ളനും മാലാഖയും തമ്മിലുള്ള സംവാദം 'മണ്ണിനെ വിണ്ണോടിണക്കുന്ന' ഒരു സുവർണ്ണശൃംഖലയാണ്. പാപവിമുക്തനാക്കപ്പെട്ട കള്ളനും, നിന്ദിതർ പീഡിതർ മുതലായവർക്കും കൂടി സ്വർഗ്ഗകവാടം തുറന്നിടുന്ന സർവ്വേശ്വരന്റെ കൃപയിൽ വിശ്വാസികൾക്ക് എന്തെന്നില്ലാത്ത ഭക്തിയും ആശ്വാസവും കൃതജ്ഞതയും പകരാൻ ഈ സംവാദം ഉപകരിക്കുന്നു.



www.malankaralibrary.com

ദൈവത്തിന്റെ സ്തുതിപാഠകരായ ആകാശവും ഭൂമിയും തമ്മിൽ നടക്കുന്ന സംവാദം, രണ്ടു മഹാശക്തികൾ തമ്മിലുള്ള ക്രിടമത്സരത്തിന്റെ സരസമായ ഒരു വിശദീകരണമാണ്. സാധാരണക്കാർക്കുള്ള 'ഉൾത്തിക്ക്' ഈ പ്രകൃതിശക്തികളിലും ഉണ്ടെന്നു കാണുമ്പോൾ അനുവാചകർക്ക് വിസ്മയം തോന്നാതിരിക്കയില്ല. ദൈവത്തിന്റെ അനുഗ്രഹം കൊണ്ടു കഴിയുന്ന വമ്പന്മാരുടെ ഉള്ളിലുള്ള ദുരഭിമാനത്തെയും അഹന്തയേയുമാണ് പ്രതീകാത്മകമായി കവി ഇവിടെ അവതരിപ്പിക്കുന്നത്. നന്മതിന്മകളേയും സജ്ജനദുർജ്ജനങ്ങളേയും വേർതിരിച്ച് ഭൂമി ഉന്നയിക്കുന്ന വാദഗതി. സാർത്ഥകങ്ങളും ഉദ്ബോധനക്ഷമങ്ങളുമാണ്. ഒടുവിൽ മനഃപക്വത വന്ന് രണ്ടു ശക്തികളും വാഗ്വാദം അവസാനിപ്പിച്ച് മൈത്രീഭാവം കൈക്കൊള്ളുന്നതോടെ, ആ കലഹരംഗം പ്രശാന്തരമണീയമാകുന്നു. ഇതുപോലെ തന്നെ, 'തെറ്റു ചെയ്തതെല്ലാം നീയാണ്' എന്നുള്ള പരനിന്ദാഭാവത്തിൽ നിന്നുടലെടുത്തതാണ് ശരീരവും ആത്മാവും തമ്മിലുള്ള സംവാദവും. രണ്ടും പരസ്പരാശ്രിതവും പരസ്പരപൂരകവുമാണെന്നുള്ള യാഥാർത്ഥ്യത്തെ അംഗീകരിച്ചാൽ അന്യോന്യം പഴിചാരുന്ന ഈ ദുഷ്പ്രവണതയും അവസാനിക്കും. സഹോദരഭാവത്തിൽ വർത്തിക്കേണ്ടവർ തമ്മിൽ ഒരിക്കലും കലഹിക്കാൻ പാടില്ല എന്ന മഹത്തായ സന്ദേശവും ഈ കാവ്യഭാഗത്തുനിന്നും ലഭിക്കുന്നു.

സഖറിയായും മാലാഖയുമായുള്ള സംവാദവും മനോഹരമായി വിവർത്തനം ചെയ്തിട്ടുണ്ട്. പ്രശസ്തസുറിയാനി പണ്ഡിതനായ റവ. ഡോ. തോമസ് കുനമ്മാക്കൽ ആണ് വിവർത്തകൻ. സഖറിയായുടെ സംശയങ്ങൾ സ്വാഭാവികവും യുക്തിയുക്തവുമാണ്. ആദ്യഭാഗത്ത് ജോസഫിനുണ്ടായ സംശയങ്ങൾ പോലെതന്നെ. എത്രയൊക്കെ ശ്രമിച്ചിട്ടും അതു ദൂരീകരിക്കാനാവാതെ മാലാഖയ്ക്ക് അയാളെ ശപിക്കേണ്ടിവന്നു. ശാപത്താൽ പൊട്ടനും മൂകനും വ്രണിതഹൃദയനുമായ സഖറിയാ, ദേവാലയത്തിനു പുറത്തേക്കു വരുന്ന കാഴ്ച ദയനീയമാണ്. കവിത അവസാനിക്കുന്നിടത്ത് ആശയപൂർത്തീകരണത്തിന് എന്തോ ചിലതുകൂടി ചേർക്കേണ്ടതായിരുന്നു എന്നൊരു തോന്നൽ അനുവാചകനുണ്ടാകാം.

ഉത്ഥിതനായ യേശു വെറുമൊരു തോട്ടക്കാരനായി ഭാവിച്ചുകൊണ്ട് തന്റെ മാതാവിനു ദർശനം നല്കുന്നതാണ് മറിയവും തോട്ടക്കാരനും എന്ന കവിത. താൻ യേശുവിന്റെ അമ്മയാണെന്നു മറിയവും വെളിപ്പെടുത്തുന്നില്ല. ഒതുക്കിവയ്ക്കാനാവാത്ത വികാരങ്ങളാൽ വീർപ്പുമുട്ടിക്കൊണ്ടുള്ള അവരുടെ



www.malankaralibrary.com

സംഭാഷണവും ഒടുവിലുള്ള ഹൃദയവിസ്ഫോടനവും അത്യന്തം ഹൃദ്യമായിരിക്കുന്നു.

ഇതിൽ പ്രയോഗിച്ചിരിക്കുന്ന വൃത്താലങ്കാരങ്ങളെക്കുറിച്ചുകൂടി അല്പം പറഞ്ഞുകൊള്ളട്ടെ. സംസ്കൃതവൃത്തങ്ങളും ദ്രാവിഡവൃത്തങ്ങളും നാടൻപാട്ടിനുപയോഗിക്കുന്ന മനോഹരമായ ശീലുകളും കവി അയത്നലളിതമായി കൈകാര്യം ചെയ്യുന്നുണ്ട്. ഓരോ വൃത്തത്തിന്റെയും പേരുകളും രീതികളും അവിടവിടെയായി കൊടുത്തിരിക്കുന്നതുകൊണ്ട് വായനക്കാർക്ക് അവ മനസ്സിലാക്കാൻ പ്രയാസം നേരിടുന്നില്ല. മഹാകാവ്യങ്ങളിൽ ഒരു സർഗ്ഗത്തിന്റെ അന്ത്യത്തിൽ വൃത്തം മാറി പ്രയോഗിക്കാറുള്ളതുപോലെ ഇതിലെ ചില ഭാഗങ്ങളുടെ അവസാനത്തിലും ശാർദ്ദൂലവിക്രീഡിതം, പഞ്ചചാമരം, വസന്തതിലകം എന്നീ സംസ്കൃതവൃത്തങ്ങളിലുള്ള പദ്യങ്ങൾ കാണാം. വേറേ ചിലെടങ്ങളിലും സംസ്കൃതവൃത്തങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പാന, മഞ്ജരി, കേക, അന്നനട, നതോന്നത മുതലായ ദ്രാവിഡവൃത്തങ്ങളും, 'ഓമനക്കുട്ടൻ', 'മാവേലി നാടുവാണീടും കാലം', 'ഗുണമേറും ഭർത്താവേ', 'നരനായിങ്ങനെ', 'പുക്കിന്നിതാമുല്ല, പുക്കുന്നിലഞ്ഞി, (കല്യാണരൂപീ വനത്തിന്നുപോകാൻ...) കുറത്തിപ്പാട്ട് മുതലായ ഗാനരീതികളും ഈ കവിതകളിൽ സന്ദർഭാനുസരണം സ്ഥലം പിടിച്ചിട്ടുണ്ട്. കവിക്ക് സ്വയം പാടാനുള്ള കഴിവുകൂടി ഉള്ളതുകൊണ്ട് ഈ കൃതിയുടെ രചനയിൽ സംഗീതാത്മകത തുളുമ്പിനില്ക്കുന്നതിൽ അത്ഭുതമില്ല.

ആശയം വ്യക്തമാക്കാൻ അവശ്യംവേണ്ടിവരുന്ന അലങ്കാരങ്ങൾ മാത്രമേ ഇതിൽ പ്രയുക്തമായിട്ടുള്ളു.

മറിയവും മാലാഖയും തമ്മിലുള്ള സംവാദവേളയിൽ മാലാഖയുടെ വാക്കുകൾ കേട്ട് അസ്വസ്ഥയാകുന്ന മറിയം തന്റെ ഉദരം ദാഹകമായ അഗ്നിയെ എങ്ങനെ വഹിക്കാനാണ് എന്നു ചോദിക്കുമ്പോൾ മനോജ്ഞമായ ഒരുപമ പ്രയോഗിക്കുന്നുണ്ട്.

'കത്തിക്കരിഞ്ഞുപോ മെന്നുദരം, മിന്നൽ
ചുട്ടെരിക്കുന്ന ലതകണക്കെ'

ഇവിടെ അത്യുഷ്ണകാരിയായ അഗ്നിയെ, ലതപോലെ മൃദുലകോമളമായ തന്റെ ഉദരം എങ്ങനെ താങ്ങും എന്ന വസ്തുതയാണ് ആലങ്കാരി



www.malankaralibrary.com

കമായി പറഞ്ഞിരിക്കുന്നത്. ദൈവചൈതന്യത്തെ അഗ്നിയായും മറിയത്തെ ലതയായും കല്പിച്ചിരിക്കുന്നതിലെ സ്വാരസ്യം ആലോചനാമൃതമാണ്.

'ഇരുതോഴന്മാരൊത്തരുമപ്പുത്രനെ
മലകേറ്റി താതൻ ബലി നല്കാൻ
ഇരുകള്ളന്മാർക്കു നടുവിൽ പില്ക്കാലം
കുരിശേറാൻ പോയ കഥപോലെ'

എന്ന ഭാഗത്ത് അബ്രഹാം ബലിക്കായി പുത്രനോടൊത്തു മലകയറിയത് പില്ക്കാലത്ത് ക്രൂശിക്കപ്പെടാൻ പോകുന്ന യേശു നടത്തിയ യാത്രയോട് ധ്വന്യാത്മകമായി ഉപമിച്ചിരിക്കുന്നതും ഹൃദ്യമായിട്ടുണ്ട്.

സ്നാപകനും യേശുവുമായുള്ള സംവാദത്തിൽ യോഹന്നാനെ 'വാടിക്കരിഞ്ഞോരു പുല്ലിൻതലപ്പാ'യും യേശുവിനെ 'കത്തുന്ന തീജ്വാല'യായും അധ്യവസായം ചെയ്തുകൊണ്ട് നടത്തുന്ന കല്പനയും ചിന്താബന്ധുരമാണ്.

ഇതിലടങ്ങിയിട്ടുള്ള കാവ്യഭാഗങ്ങളുടെ മൂലം വായിച്ചുനോക്കി, എവിടെയൊക്കെയാണ് കവിയുടെ സ്വതന്ത്രകല്പന വിഹരിച്ചിരിക്കുന്നത് എന്നു നിർണ്ണയിക്കാൻ എനിക്ക് സാധിച്ചിട്ടില്ല. എന്നാൽ ഒരുകാര്യം നിസ്സംശയം പറയാം. വായിച്ചുകഴിയുമ്പോൾ ഇതു മൗലികമായ ഒരു കൃതിയാണെന്നേ ആരും പറയൂ. ഒരു വിവർത്തനമാണെന്ന് ഒരിക്കലും തോന്നുകയില്ല. അത്രയ്ക്ക് അകൃത്രിമമായിട്ടുണ്ട്, ഇതിന്റെ രചന.

ഈ സംവാദഗാനകാവ്യത്തിന്റെ ഗുണമേന്മയുടെ ഏതാനും ചില അംശങ്ങളേ ഇവിടെ ഉന്മീലിതമായിട്ടുള്ളൂ. വിസ്തരിക്കാനുള്ള വക ഇതിൽ ധാരാളമുണ്ട്. അതെല്ലാം പഠിതാക്കളും ആസ്വാദകരും കൂടി നടത്തട്ടെ. കാവ്യത്തെ സഹൃദയസമക്ഷം അവതരിപ്പിക്കുകമാത്രമേ എനിക്ക് കരണീയമായിട്ടുള്ളൂ. അത് സന്തോഷത്തോടെ, സംതൃപ്തിയോടെ നിർവ്വഹിച്ചുകൊള്ളട്ടെ.

**പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ**
*ശ്രീനിലയം*

കോട്ടയം
19-11-98



www.malankaralibrary.com

# നന്ദിപൂർവ്വം

കവിതയെഴുതുന്നതിനു പരിശീലനം നൽകുന്ന ഒരു സ്ഥാപനം കേരളത്തിലെങ്ങുമില്ല. അങ്ങനെയൊന്ന് തുടങ്ങിക്കളയാമെന്ന ആശയം ഒരു ക്രൈസ്തവസ്ഥാപനത്തിന്റെ ഭരണാധികാരിക്കുണ്ടാവുന്നത് അത്ഭുതകരം തന്നെയാണ്. കാവ്യലോകവുമായി അത്രമാത്രം അകലം പാലിക്കുന്ന ഒരു സമൂഹമാണ് ക്രൈസ്തവരുടേത്. സാഹിത്യസാംസ്കാരികരംഗങ്ങളിൽ അവരുടെ പിന്നോക്കാവസ്ഥയ്ക്കുള്ള മുഖ്യകാരണവും അതുതന്നെ. സുറിയാനിയിലെ സമ്പന്നമായ കാവ്യലോകവുമായി നിത്യസല്ലാപത്തിലേർപ്പെട്ടുകഴിയുന്ന പണ്ഡിതനും ഹൃദയാലുവുമായ ഫാ. ജേക്കബ് തെക്കേപ്പറമ്പിൽ മലയാളകവിതയിലേക്കാകർഷിക്കപ്പെടുകയും അപൂർവ്വമായ ഈ സാഹസികസംരംഭത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ഞാൻ അതിന് ഒരുപകരണമായിത്തീർന്നു. തിരുവല്ലാ മെത്രാൻ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി ആശീർവ്വാദങ്ങളും പ്രോത്സാഹനങ്ങളും നല്കി. ശനിയാഴ്ച തോറും നാനാജാതിമതസ്ഥരായ യുവതീയുവാക്കൾ 'സീരി'യിൽ വന്നു പരിശീലനം നേടുന്നു. ഇടവേളകളിൽ നടക്കുന്ന രചനകളുടെയും ആലാപനങ്ങളുടെയും കൂട്ടത്തിലാണ് ഈ വിവർത്തനസംരംഭവും വന്നുപെട്ടത്. സംവാദഗാനങ്ങൾ കൂടാതെ മാർ അപ്രേമിന്റെ മരിയഗീതങ്ങളും വിവർത്തനം ചെയ്തുകഴിഞ്ഞു. താമസിയാതെ അതും വെളിയിൽ വരും. ഇതിനു കാരണക്കാരായ ഫാ. ജേക്കബ് തെക്കേപ്പറമ്പിലിനോടും, കവിതാമണ്ഡലം കോഓർഡിനേറ്റർ ഫാ. അബ്രഹാം കളക്കുടിയോടും നിരന്തരം ഉത്തേജനം നൽകിക്കൊണ്ടിരിക്കുന്ന ഫാ. ഗീവർഗീസ് പണിക്കരോടും വന്ദ്യ തിരുവല്ലാമെത്രാൻ തിരുമേനിയോടും കൈരളിയും ക്രൈസ്തവലോകവും കടപ്പെട്ടിരിക്കുന്നു. ഇങ്ങനെയൊരു പരീക്ഷണത്തിനവസരം നല്കിയ അവരോട് എനിക്കുള്ള കൃതജ്ഞത നിസ്സീമമാണ്.

കവിതാമണ്ഡലത്തിൽ വന്നു ക്ലാസ്സുകളെടുത്തു സഹായിക്കുകയും ഈ സംവാദഗാനങ്ങൾക്ക് ഹൃദ്യവും പഠനീയവുമായ ഒരു അവതാരിക എഴുതിത്തരികയും ചെയ്ത അഭിവന്ദ്യനായ പ്രൊഫ. അമ്പലപ്പുഴ രാമ



www.malankaralibrary.com

വർമ്മയ്ക്കും ഹൃദയം നിറഞ്ഞ നന്ദി. ബൈബിളിലുള്ളതൊന്നും മാറ്റിപ്പറയാനോ ഒന്നും അതിനോട്ടു കൂട്ടിച്ചേർക്കാനോ പാടില്ലെന്ന കർക്കശമായ വിശ്വാസമാണ് ആ വിഷയത്തിലുള്ള കാവ്യരചനയ്ക്ക് തടസ്സമായി നില്ക്കുന്നതെങ്കിൽ - ഇതാ ഒരു പുതിയ വഴി. സുറിയാനിയിലെ വിശുദ്ധന്മാരായ പൂർവ്വസൂരികൾ ബൈബിളിലെ സൂചനാമാത്രമായ രംഗങ്ങളെ ഭാവനകൊണ്ട് വിപുലീകരിച്ചിരിക്കുന്നു. അവിടെ പറയാൻ വിട്ടുപോയതുകൂട്ടിച്ചേർത്ത് വിടവടച്ചിരിക്കുന്നു. വിശുദ്ധഗ്രന്ഥത്തിലെ സാന്ദ്രമൗനങ്ങൾക്ക് ഭാഷ്യം ചമച്ചിരിക്കുന്നു. കേരളത്തിലെ എഴുത്തുകാർക്ക് ഇതു മാർഗ്ഗദർശകമാകട്ടെ. വായനക്കാരെ ഇത് ആഹ്ലാദിപ്പിക്കട്ടെ.

മൂലകവികളുടെ ഹൃദയമുൾക്കൊള്ളാൻ ഞാൻ ആവതും ശ്രമിച്ചിട്ടുണ്ട്. കഴിവുകളുടെ പരിമിതിയും പദസമ്പത്തിന്റെ കുറവും ഭാഷയുടെ വ്യത്യാസവുംകൊണ്ട് വന്നുചേർന്നിട്ടുള്ള ന്യൂനതകൾ അവർ ക്ഷമിക്കട്ടെ. പണ്ഡിതലോകവും എനിക്കു മാപ്പുതരട്ടെ.

നന്ദിപൂർവ്വം

കോട്ടയം-41 — മാത്യു ഉലകംതറ

21-10-98



www.malankaralibrary.com

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | ആമുഖം | |
| | ആശീർവാദസന്ദേശം | |
| | അവതാരിക | |
| | നന്ദിപൂർവ്വം | |
| 1. | മറിയവും മാലാഖയും | 21 |
| 2. | മറിയവും യൗസേഫും | 29 |
| 3. | മറിയവും പൗരസ്ത്യവിജ്ഞാനികളും | 36 |
| 4. | മറിയവും തോട്ടക്കാരനും | 45 |
| 5. | അബ്രഹാമും ഇസഹാക്കും | 48 |
| 6. | സ്നാപകനും യേശുവും | 57 |
| 7. | കള്ളനും മാലാഖയും | 67 |
| 8. | ആകാശവും ഭൂമിയും | 76 |
| 9. | ശരീരവും ആത്മാവും | 84 |
| 10. | സഖറിയായും മാലാഖയും | 89 |


www.malankaralibrary.com

# I

# മറിയവും മാലാഖയും

(പാന)*

*മാലാഖ:*

ശാന്തി തേ മമ നാഥന്റെയംബികേ
സന്തതം ധന്യ നീ കൃപാപൂരിതേ;
നിന്നുദരം വഹിക്കും ഫലമതും
എന്നുമേ മഹാധന്യമെൻ ബാലികേ.

*മേരി:*

ആരു നീ വിഭോ എന്നോടു ചൊല്ലുമീ
കാര്യസാരവുമെന്തെന്നറിവീലാ;
ഏതുമില്ലൊരു ബന്ധമെനിക്കുനീ
യോതിടുന്നവയോടൊരു നാളിലും.

*മാലാഖ:*

നാരിമാരിലനുഗ്രഹപൂരിതേ
പ്രീതനായിന്നു നിന്നിലത്യുന്നതൻ
ഭീതി വേണ്ടാ കൃപാമയനൂഴിയിൽ
കാരുണ്യം നിന്നിലുടെച്ചൊരിയുന്നു.

*മേരി:*

സംഭ്രമിപ്പിച്ചിടായ്കെന്നെയെന്നു ഞാൻ
സമ്പ്രതി കേണപേക്ഷിപ്പു മൽപ്രഭോ
നീയണിയുമുടുപ്പഗ്നിയാകുന്നു
നീയുരയ്ക്കുന്ന വാക്കതിദുർഗ്രഹം.

---

* രണ്ടു നാലുദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ – എന്ന രീതി.
പുത്തൻപാനയും ഈ വൃത്തത്തിൽതന്നെ.



www.malankaralibrary.com

*മാലാഖ:*

ഉന്നതൻ താതനെന്നെയേല്പിച്ചതാ-
ണിന്നു നിന്നോടു ഞാൻ പറയുന്നവ
നിന്നിലൂടെ പ്രകാശിക്കണം പാരി-
ലെന്നു ദൈവം തിരുവുള്ളമായിതേ.

*മേരി:*

ആളിടും നിന്റെ തീയുടൽ കാണവേ
പേടി തോന്നുന്നെനിക്കു മഹാമതേ
അശ്രുതവാർത്ത ചൊല്ലുന്നൊരഗ്നിയെ
വിശ്വസിക്കുന്നതെങ്ങനെയേഴ ഞാൻ?

*മാലാഖ:*

നിന്നുദരത്തിൽ വന്നുവസിക്കുവാൻ
ഉന്നതൻ തിരുച്ചിത്തമായീടവേ
നീ നിഷേധിച്ചു പ്രത്യുത്തരിക്കുകിൽ
ഹാനിയുണ്ടാക്കുമത്ഭുതം താനത്.

*മേരി:*

ഹാനിയുണ്ടായി പാമ്പിനെ വിശ്വസി-
ച്ചാദിമാതാവു ഹവ്വ ചരിക്കയാൽ.
ആരെ വിശ്വസിക്കാമെന്നറിയാതെ
ഭീതി തോന്നുന്നുവെങ്കിൽ ക്ഷമിക്കുക.

*മാലാഖ:*

സർപ്പമന്നു ചതിച്ചു നിന്നമ്മയെ
അപ്രകാരമല്ലെൻവരവോർക്കണം.
സത്യരൂപൻ നിയോഗിച്ചു വിട്ടതാം
കൃത്യമേയിന്നു ചെയ്യുന്നതുള്ളു ഞാൻ

*മേരി:*

നീ പറയുന്നതൊന്നുമുൾക്കൊള്ളുവാൻ
ത്രാണിയില്ലെനിക്കെങ്കിൽ ക്ഷമിക്കണം.
കന്യയിൽനിന്നു നന്ദനനെന്നതും
പിന്നെയാസുതൻ ദൈവമാണെന്നതും!



www.malankaralibrary.com

*മാലാഖ:*

നിന്നെ സന്ദർശിച്ചീ വാർത്തയോതുവാൻ
ഉന്നതൻ താതനെന്നെ നിയോഗിച്ചു.
നിന്നുദരത്തിൽ നിന്നീശനന്ദനൻ
വന്നുദിക്കുമീ ഭുവിലസംശയം.

*മേരി:*

പാവനാകൃതേ നിൻ സന്നിധാനവും
താവകോക്തിയും ധന്യയാക്കുന്നു മേ.
കന്യയെങ്ങനെ നന്ദനനമ്മയാ–
മെന്ന സംശയം ലോകസാധാരണം.

*മാലാഖ:*

സർവശക്തന്റെ വാക്കിൽ വിറച്ചുപോം
സർവമാലാഖമാരും കുലാംഗനേ.
ആയവന്റെ ഹിതത്തിൽ നിനക്കൊരു
ഭീതിതോന്നിയാലത്ഭുതമില്ലഹോ.

*മേരി:*

പാരമുണ്ടു ഭയമെനിക്കെങ്കിലും
തീരെ വിശ്വാസമായ് വരുന്നില്ല മേ
സംഗമിക്കാതെ മാതൃത്വമേല്ക്കുക
കന്യകയ്ക്കു പ്രകൃതിയിൽ സാധ്യമോ?

*മാലാഖ:*

സ്വർഗതാതന്റെ സ്നേഹമിതേമട്ടിൽ
നിശ്ചയിച്ചു; നീ വിശ്വസിച്ചീടുക.
ദൈവചിത്തമലംഘ്യ, മതിന്നു നീ
മൗനമായ് നിന്നു സമ്മതം നൽകുക.

*മേരി:*

വന്ദ്യമാണുനിൻ ദർശനം; ജ്വാലകൾ
പൊങ്ങിടുന്നു നിന്മെയ്യിൽ നിന്നെങ്ങുമേ.
നീ വഹിക്കുന്ന ദൈവസന്ദേശത്തെ
യാരെതിർക്കും? കുഴങ്ങുകയാണു ഞാൻ.



www.malankaralibrary.com

*മാലാഖ:*

നല്ല വാർത്ത ഞാൻ നല്കുന്നു ബാലികേ
ജന്മമേകും നീ നിന്റെ കർത്താവിന്.
നന്ദി ചൊല്ലുക നിന്മകനായ് വരാൻ
സന്മനസ്സായ സർവ്വാധിനാഥന്.

*മേരി:*

അഗ്നിയെ സ്വീകരിക്കുവതെങ്ങനെ
മർത്യബാലിക തന്നുദരാന്തരേ?
നീ വചിപ്പതോ ഗുപ്തരഹസ്യങ്ങൾ
ഞാനനുസരിക്കേണമെന്നോ വിധി?

*മാലാഖ:*

ഇന്നു വന്നു പ്രത്യാശയാദത്തിനു
നിന്നിലുന്നതൻ വന്നുപിറക്കയാൽ.
മർത്യവംശവും മുക്തമായ്ത്തീരുന്നു
വാഴ്ത്തുക ദൈവനാമം നിരന്തരം.

*(മഞ്ജരി)*

*മേരി:*

വിസ്മയിപ്പിക്കുന്നുനീ ചൊന്നതൊക്കെയും
വിഹ്വലമാണെന്റെ ചിത്തമോർത്താൽ.
ഉള്ളിലൊളിഞ്ഞിരിപ്പുണ്ടോ ചതിയെന്നു
വല്ലാതെ ശങ്കയെനിക്കു വീണ്ടും.

*മാലാഖ:*

നിന്നടുത്തേയ്ക്കവനെന്നെയയച്ചപ്പോൾ
മംഗളനാദം മുഴങ്ങി വാനിൽ.
സത്യസ്വരൂപനിച്ഛിക്കുന്നു ഭൂമിയിൽ
എത്തി പ്രകാശിക്കാൻ നിന്നിലൂടെ.

*മേരി:*

അത്ഭുതം ചേർക്കുന്നീ വാർത്തയെനി, ക്കെന്നി–
ലപ്രിയം തോന്നരുതെന്റെ വാക്കിൽ.
പുരുഷസംഗമമില്ലെനിക്കെന്നാളും
ആരുമെൻ ശയ്യ പകുത്തതില്ല.



www.malankaralibrary.com

*മാലാഖ:*

നിന്നിലവൻ വരും കുഞ്ഞേ ഭയംവേണ്ട
നിന്നുദരത്തിലവൻ വസിക്കും
എങ്ങനെയാണതെന്നേതും തിരയേണ്ട
മംഗലേ വാഴ്ത്തുക ദൈവനാമം.

*മേരി:*

നാരീപുരുഷസംയോഗമില്ലാതുണ്ടോ
പാരിൽ ശിശുക്കൾ ജനിച്ചിടുന്നു?
എന്നെപ്പുമാനറിഞ്ഞിട്ടില്ലിതേവരെ
എൻ ശയ്യ പങ്കിടുന്നില്ലൊരാളും.

*മാലാഖ:*

താതനാം ദൈവംതൻ സ്നേഹത്താൽ നിൻപക്കൽ
ദൂതുമായെന്നെയയച്ചു ധന്യേ
തന്നേകപുത്രൻ പരിശുദ്ധ റൂഹയാൽ
നിന്നുദരത്തിലധിവസിക്കും.

*മേരി:*

അങ്ങനെയെങ്കിലെതിർവാക്കുരയ്ക്കാതെ
കുമ്പിടുന്നെൻ തല ദാസിയീ ഞാൻ.
പാവനാത്മാവേ ഭവാനധികാരിയീ
പാവമാം മാനവകന്യകയിൽ

*മാലാഖ:*

ശീർഷമഭിമാനം കൊണ്ടുയർന്നീടട്ടെ;
ഹർഷത്താലുള്ളം നിറഞ്ഞിടട്ടെ.
കന്യകേ നിന്നെയോർത്തെന്നുമീയൂഴിയും
വിണ്ണും പുളകണിഞ്ഞിടട്ടെ

*മേരി:*

താവകവാണിപോലെന്നിൽ ഭവിക്കട്ടെ
കേവലം ദാസിയാണീശനു ഞാൻ.
മാമകാത്മാവിതാ വാഴ്ത്തി സ്തുതിക്കുന്നു
പ്രേമസ്വരൂപനാം തമ്പുരാനെ.

* * *



www.malankaralibrary.com

ദേവദൂതൻ ഭവാനിത്ര മനോഹരൻ
ദേവനതെത്രമേലായിരിക്കും?
എങ്ങനെയാണാ തിരുസ്വരൂപം ചൊല്ക
കണ്ണിനതെങ്ങനെ ദൃശ്യമാകും?

*മാലാഖ:*

വാനവർ ഞങ്ങൾക്കുമോതുവാനാകാത്ത-
താണാ സ്വരൂപത്തിൻ ദീപ്തിപൂരം;
നോക്കാൻ ഭയംതോന്നുമഗ്നിയാണാ മുഖം
നില്ക്കും തലതാഴ്ത്തി ഞങ്ങളെല്ലാം.

*മേരി:*

അസ്വസ്ഥയാക്കുന്നു നിന്മൊഴി, യെങ്ങനെ
അഗ്നിയെയെന്നുള്ളിൽ ഞാൻ വഹിക്കും?
കത്തിക്കരിഞ്ഞുപോമെന്നുദരം, മിന്നൽ
ചുട്ടെരിക്കുന്ന ലത കണക്കെ.

*മാലാഖ:*

നിന്നുദരം നിറയും പരിശുദ്ധിയാൽ;
നന്നായതിൽ ദിവ്യമുദ്രവീഴും.
പുണ്യവിശുദ്ധി നിറയുമിടം ദൈവ
മെന്നുമിഷ്ടപ്പെടും വന്നുദിക്കാൻ.

*മേരി:*

പൊന്നുദൂതാ ചൊല്ലൂ ദൈവമിഷ്ടപ്പെടാൻ
എന്തുള്ളു സാധുവീ ബാലികയിൽ?
ഊഴിയിൽ രാജകുമാരിമാരില്ലയോ
ഏഴയെ സ്നേഹിപ്പതെന്തിനീശൻ?

*മാലാഖ:*

കിട്ടും ധനാഢ്യകുമാരിയെയെങ്കിലും
ഇഷ്ടം നിൻ ദാരിദ്ര്യമാണവന്.
തീരെ ദരിദ്രരോടൊന്നിച്ചവൻവാഴും
പാരമുയർത്തുമവരെ ദേവൻ.



www.malankaralibrary.com

*മേരി:*

ചൊന്നാലും ദൂതാ ഭവാനറിയാമെങ്കിൽ
എന്നാണിതൊക്കെ ഭവിച്ചീടുക?
എന്നവനഗ്നിയായെന്നിൽ പ്രവേശിക്കും
എന്നവനെന്നുള്ളിൽ വന്നു വാഴും?

*മാലാഖ:*

ഇച്ഛിച്ചതാണവനിങ്ങനെ യാകയാ-
ലെത്തിക്കഴിഞ്ഞവൻ നിൻ വയറ്റിൽ.
പേടി നിനക്കതിൽ തോന്നാതിരിക്കുവാൻ
ഗൂഢമായിങ്ങനെ ചെയ്തു നാഥൻ.

* * *

നേരുചൊന്നാൽ നിന്മുഖത്തു നോക്കാനിപ്പോൾ
തീരെയശക്തനായ്തീരുന്നു ഞാൻ.
ഭസ്മീകരിക്കാത്തൊരുജ്വലപാവക-
രശ്മി നിറഞ്ഞിരിക്കുന്നു നിന്നിൽ.

*മേരി:*

ഞാനറിയാതെന്നിൽ വന്നു വസിക്കുമെൻ
സൂനുവിൻ മാർഗ്ഗങ്ങളോതിയാലും.
സന്തോഷമെൻമകനേകുവാനെന്തു ഞാൻ
സന്തതം ചെയ്യണമെന്നു ചൊൽക.

*മാലാഖ:*

ഉച്ചത്തിൽ വാഴ്ത്തുക "നിത്യൻ പരിശുദ്ധൻ
നിത്യൻ പരിശുദ്ധ"നെന്നുപേർത്തും.
സ്വർഗ്ഗസ്ഥരാം ഞങ്ങൾ ചെയ്വതിതൊന്നു താൻ
വാഴ്ത്തും പരിശുദ്ധനെന്നുമാത്രം.

*(പാന)*

*മേരി:*

സ്തുത്യമെന്നും പരിശുദ്ധമാനാമം
നിത്യസംസ്തുതം മണ്ണിലും വിണ്ണിലും.
തന്റെ ദാസിതൻ താഴ്മയിൽ പ്രീതനായ്
തന്നെനിക്കുതൻ ദാനം മഹോന്നതം.



www.malankaralibrary.com

ഇന്നുതൊട്ടെന്നെ വാഴ്ത്തിടും ധന്യയെ-
ന്നൊന്നിനൊന്നായ് തലമുറയൊക്കെയും.

*മാലാഖ:*

ഉന്നതങ്ങളുമാഴങ്ങളും മേലി-
ലെന്നും പാടുമവന്റെ മഹിമകൾ.
മന്നും വിണ്ണും പുതുക്കിപ്പണിയുവാൻ
വന്നുദിച്ചൊരു കന്യയിലുന്നതൻ.

*മേരി:*

അപ്രമേയമവന്റെ മഹാകൃപ
കെല്പു നാവുകൾക്കില്ലതു വാഴ്ത്തുവാൻ
നാകലോകത്തൊതുങ്ങാത്ത പ്രാഭവം
നാരി തന്നുദരത്തിലൊതുങ്ങി തേ!



www.malankaralibrary.com

# II
# മറിയവും യൗസേഫും

*(നതോന്നത - വഞ്ചിപ്പാട്ട്)*

*ജോസഫ്:*

എന്തു സംഭവിച്ചു നിന്നിലെന്ന ഗൂഢരഹസ്യം നീ-
യെന്തിനേവം മറയ്ക്കുന്നു പറക മേരീ
ഞെട്ടലുണ്ടാക്കുന്നതത്രേ നീ പറഞ്ഞതോർത്താൽ വഴി-
തെറ്റിച്ചതാർനിന്നെ പെണ്ണേ ചതിച്ചതാര്?

*മേരി:*

സംഭവിച്ചതെല്ലാമിന്നു പറയാം ഞാൻ ഭവാനതു
സംപ്രതി സശ്രദ്ധം കേൾക്കാൻ ക്ഷമയുണ്ടെങ്കിൽ.
അഗ്നിരൂപനാമൊരുവൻ വാനിൽ നിന്നിറങ്ങിവന്നു
സ്വസ്തിചൊല്ലി, യിതുസംഭവിക്കയും ചെയ്തു.

*ജോസഫ്:*

കഠിനമത്രേയെന്നോടു വിശ്വസിക്കാൻ പറയുമീ
ശഠതയാവർത്തിക്കല്ലേ, നന്നല്ലതേതും.
നേരുചൊല്ലാൻ മനസ്സുണ്ടെന്നാകിലെന്നോടോതിയാലും
ആരു നിന്റെ ധനമേവം കവർന്നെടുത്തു?

*മേരി:*

പറയുന്നതെങ്ങനെ ഞാനറിയാത്ത വസ്തുതകൾ
അറിയുന്നതൊക്കെയും ഞാൻ പറഞ്ഞുവല്ലോ.
വാനദൂതന്മാരിൽ മുഖ്യൻ താണു വന്നു സ്വസ്തിചൊല്ലി
ഞാനറിയാതെന്നുദരം പൂരിതമായി.

*ജോസഫ്:*

കന്യകയ്ക്കു ചേർന്നതല്ലിക്കള്ളമൊഴിയെന്റെ മേരീ
ഇന്നു മൗനം ഭജിപ്പതാണിതിലും ഭേദം.
നിലനില്ക്കയില്ല വ്യാജം; നേരുരയ്ക്കാൻ മനസ്സെങ്കിൽ
സ്ഥലമേതെന്നു, മാരെന്നും പറഞ്ഞാലും നീ



www.malankaralibrary.com

*മേരി:*

പറഞ്ഞതാവർത്തിപ്പൂഞാൻ, കഥകൾ മറ്റൊന്നും തന്നെ
പറയുവാനില്ലെൻപക്കൽ; അറിവുമില്ല.
മുദ്രിതയാണിപ്പോഴും ഞാൻ; ഉത്തമസാക്ഷ്യമെൻ കന്യാ-
മുദ്രതന്നെയെന്നു ഭവാൻ ധരിച്ചിടേണം.

*ജോസഫ്:*

പരസ്പരവിരുദ്ധമായ് പറയാതെ, സ്വയംതെറ്റു
പരസ്യമായ് സമ്മതിക്ക നിനക്കു നല്ലൂ.
രണ്ടുകുറ്റം ചെയ്തു നീയിന്നൊന്നു ഗർഭഹേതുവായി;
ഇണ്ടലെന്യേ കള്ളമോതിയെന്നു മറ്റൊന്നും!

*മേരി:*

മുമ്പൊരിക്കലൊരു വ്യാജം ചെയ്തിടാത്തോളല്ലോ ഞാനും
അമ്പിലതോർത്തിന്നെന്നെ നീ വിശ്വസിച്ചാലും.
സത്യശുദ്ധമെൻ സ്വഭാവമെനിക്കു സാക്ഷ്യമായ് നില്പു;
നിത്യകന്യക ഞാൻ കള്ളം പറഞ്ഞിട്ടില്ല.

*ജോസഫ്:*

വിസ്മയം തോന്നുന്നെനിക്കു നീയുരയ്ക്കും മൊഴികേൾക്കെ
ഗർഭിണിയാമെന്നോ നാരി സംഗമിക്കാതെ?
വിശ്രുതമാം പത്നീധർമ്മം, അന്യസംഗ, മിവയെന്യേ
വിശ്വസനീയമാം ഹേതു ഗർഭത്തിനുണ്ടോ?

*മേരി:*

വിസ്മയം തോന്നുന്നെനിക്കീയവിശ്വാസം കാണുന്നേരം;
വിശ്വനാഥന്നസാധ്യമായ് പാരിലെന്തുള്ളു??
ഫലമവൻകന്യയിൽ നിന്നുളവാക്കു, മിലപോയ
*മരക്കൊമ്പിൽനിന്നുമാട്ടിൻകിടാവിനെയും.

*ജോസഫ്:*

ഹവ്വയെപ്പരിണയിച്ചിട്ടാദമന്നു ജനിപ്പിച്ചീ
യുർവ്വിയിൽ സന്തതികളെ നരകുലത്തിൽ.
നീയൊരുത്തിയൊരുവന്റെ വേഴ്ചയെന്യേ ഗർഭിണിയെ-
ന്നാണയിട്ടുപറഞ്ഞാലും സത്യമായ്ത്തീരാ.

---

* അബ്രാഹത്തിന്റെ ബലി സ്മരിക്കുക



www.malankaralibrary.com

*മേരി:*

ഹവ്വതന്നെ തരുന്നുണ്ടു തെളിവെന്റെ മൊഴികൾക്ക്;
ഹവ്വയുണ്ടായതു പുംസ്ത്രീസംഗമത്താലോ? (പുറ. 2:21-22)
ആദമെന്ന പുരുഷന്റെ ഫലമായ് പിറന്നു ഹവ്വാ
നീയതോർത്തീയത്ഭുതത്തിൽ വിശ്വസിച്ചാലും.

*ജോസഫ്:*

വഴിതെറ്റി പിഴപെട്ടുപോയി നീയെൻ പെൺകിടാവേ
മൊഴി വേദഗ്രന്ഥത്തിൽ നീ തിരഞ്ഞുനോക്കു.
നീപറയുംപോലെയെങ്ങാൻ കന്യകമാർ പുരുഷന്റെ
ദേഹസംഗമെന്യെ ഗർഭം ധരിച്ചിട്ടുണ്ടോ?

*മേരി:*

വഴിതെറ്റിപ്പോയതിന്നെൻകാന്തനത്രേ, യെശയ്യാവിൻ
മൊഴി ജോസഫിതുവരെ വായിച്ചിട്ടില്ലേ?
കന്യക ഗർഭിണിയാമെന്നവൻ ചൊന്നമൊഴി വ്യാജ-
മെന്നുവന്നാലെൻ മൊഴിയും വ്യാജമാകട്ടെ!

*ജോസഫ്:*

ഭവതിക്കു ചേരുമിതു സർവ്വജനഗമ്യമായ
പഥം വിട്ടുചരിച്ചിട്ടീക്കളവോതുന്നു.
ഗർഭിണിയായ്ത്തീർന്നശേഷം കന്യകതാനിന്നുമെന്ന
ജല്പനത്തിനുന്നുനല്കാൻ വേദമോതുന്നു!

*മേരി:*

ഹാ ഭവാനും ചേരുമിതു, കറയില്ലാത്തൊരു മന-
ശ്ശോഭയുണ്ടെന്നാലെൻവാക്കു വിശ്വസിച്ചിടാം.
നാവെഴാത്ത പ്രകൃതിയിന്നെനിക്കു സാക്ഷിയായ് നില്പു
കേടെഴാത്ത കന്യാചർമ്മമുദ്രയായ്ത്തന്നെ!

*ജോസഫ്:*

കളമൊഴിയിതുവിധം കളവിൽ ഞെളിഞ്ഞീടല്ലേ
തെളിവെങ്ങു പ്രകൃതിക്കു വിരുദ്ധമാകും?
ഗർഭിണിയായ്ത്തീർന്ന നാരി കന്യകാത്വമുദ്ര ചാർത്താൻ
എപ്രകാരം പ്രകൃതിയാൾ സമ്മതം നൽകും?



www.malankaralibrary.com

*മേരി:*

വേദനിപ്പിക്കല്ലേയെന്നെ പവിത്രജ്ഞാനാത്മാവിലും
ദേഹത്തിലുമെന്നതിനു സാക്ഷികളുണ്ട്.
സൂതികർമ്മിണിമാരെ നീ വരുത്തിയെൻ കന്യാചർമ്മ-
ശോധന നടത്തിയെന്നാൽ തെളിയുമല്ലോ.

*ജോസഫ്:*

നീയവകാശപ്പെട്ടതു ശരിയെങ്കിൽ നിന്നെപ്പോലെ
ഭൂവിൽ മറ്റൊരുവളെ നീ കാട്ടിത്തരേണം.
നീയൊരാൾക്കു മാത്രമിതു സംഭവിച്ചെന്നുരപ്പതു
കേവലം കള്ളമെന്നേ ഞാൻ കരുതുന്നുള്ളു.

*മേരി:*

അന്യനാരിമാരെപ്പോലെയാവതെങ്ങനെ ഞാ, നെന്റെ
നന്ദനൻ അനന്യനല്ലോ ദൈവകുമാരൻ.
അവനെപ്പോലില്ലൊരുവ, നവനെപ്പേറുമീ ഗർഭം
അനന്യമാ, ണിതുപോലെ മറ്റൊന്നസാദ്ധ്യം!

*ജോസഫ്:*

പാരിലിതുവരെയാർക്കും ഭവിക്കാത്തതൊന്നു വന്നു-
ചേരുന്നു നിന്നിലെന്നു ഞാൻ വിശ്വസിക്കണം;
വിശദീകരണമില്ല, തെളിവില്ല, വെറും വാക്കിൻ
കുശലത മാത്രമല്ലേ കൈവശമുള്ളു?

*മേരി:*

ഹോരെബിലെ ശിലയൊലിപ്പിച്ചതാരു ജലം തന്നിൽ?
നേരുരയ്ക്കാൻ ഭയമെനിക്കില്ല പാർത്താലും.
ശുഷ്കമായ മരത്തണ്ടിൽ ഫലമുണ്ടായെങ്ങനെ?
നിഷ്കളങ്കമനസ്സോടെയോർത്തു നോക്കുമോ?

*ജോസഫ്:*

കുറ്റവാളിയെന്നു നിന്നെ നിന്നുദരം വിധിക്കുമ്പോൾ
മറ്റു കഥയോതിടാതെ വായടച്ചാലും.
ഭയമില്ല നിനക്കെന്നോ? തെളിവെല്ലാമെതിരായി
ഭവിച്ചിട്ടും കലപില ചിലയ്ക്കയാണോ?



www.malankaralibrary.com

*മേരി:*

മറ്റൊരാളും കാണാതുള്ള കുറ്റമെന്നിൽ ചുമത്താതെ
ചെറ്റുനേരം ഭവാൻ തന്നെ വായടച്ചാലും.
താങ്കളുടെ പ്രതിശ്രുതവധു ഞാനതോർത്തെങ്കിലും
സാങ്കല്പിക സത്യമെന്നിൽ കുറ്റമാക്കാതെ.

*ജോസഫ്:*

നീയെനിക്കു പകരമായ് മറ്റൊരാളെയെടുത്തില്ലെ-
ന്നാവതില്ല വിശ്വസിക്കാനെനിക്കു തോഴീ.
ഞാനറിവൂ നിന്നുദരഭാരമതിലെനിക്കില്ല
നൂനമൊരുപങ്കുമെന്ന സത്യമോർക്കുമ്പോൾ.

*മേരി:*

എന്തെളുപ്പം വിശ്വസിക്കാമഗ്നിമയനൊരു ദൂത-
നെൻ മകന്റെ പാർശ്വവർത്തിയുണ്ടെന്ന സത്യം.
വെളിപാടുമൂലമിന്നു പാവനാത്മാവിതിനൊരു
തെളിവേകാൻ മടിക്കില്ലെന്നാശ്വസിക്കുന്നേൻ.

*ജോസഫ്:*

വാക്കുകളാൽ കർമ്മദോഷം മായ്ക്കുവാനാവില്ല മേരി?
വീർക്കുമീയുദരം വ്യർത്ഥമാക്കും നിൻ വാദം.
തലപൊക്കി നേരുനില്ക്കെ വിലകെട്ട വാക്കുകളാൽ
കളവിനെ മറയ്ക്കുന്ന കളിയും നിന്ദ്യം.

*മേരി:*

നിനക്കെന്നല്ലെനിക്കുമീ രഹസ്യമുൾക്കൊള്ളുവാനായ്
കരുത്തില്ലെന്നെനിക്കിന്നു ശരിക്കറിയാം
എങ്കിലും നിർബന്ധിക്കുന്നീ നേരുരയ്ക്കാനതിന്നെന്നെ
പങ്കിലയല്ല ഞാനെങ്കിൽ ലജ്ജിക്കാനുണ്ടോ?

*ജോസഫ്:*

മൊഴികളിൽ പിശകുണ്ടു കെണിയുണ്ടെന്നറിയുമ്പോൾ
വഴിമാറി നടപ്പതേ നമുക്കുകാമ്യം.
മോചനപത്രം തരാം ഞാൻ; വേർപിരിയാം നമുക്കിപ്പോൾ;
ലേശവുമീരഹസ്യം ഞാൻ വെളിവാക്കില്ല.



www.malankaralibrary.com

*മേരി:*

എന്നുദരേ വസിക്കുന്ന നന്ദനനെനിക്കുവേണ്ടി
ചൊന്നിടും നേരശക്തയായ് ഞാൻ കുഴങ്ങുമ്പോൾ.
വെളിപ്പെടുത്തട്ടെ തന്റെ ദിവ്യരഹസ്യമാശക്തൻ;
തെളിവെന്റെ സത്യത്തിനായവൻ തരട്ടെ.

*ജോസഫ്:*

മതിശാലിനി നിൻ വാക്കു വിശ്വസിക്കാം ഞാനെന്നാലും
കഴിവെനിക്കില്ലതിനു കൂട്ടു നില്ക്കുവാൻ.
അഗ്നികൊണ്ടു നിറഞ്ഞ നിൻ പാവനോദരം തൊടാനും
ശക്തിയില്ല ധൈര്യമില്ലെനിക്കു പാവം ഞാൻ.

*മേരി:*

പ്രിയമെന്നിൽ വളർത്തുന്നു നിൻ മൊഴികളെന്നാൽ കാന്താ
പ്രിയമെനിക്കില്ല തെല്ലും ദേഹസംഗത്തിൽ.
സത്യവാദിനി ഞാനെന്നും നിത്യകന്യക ഞാനെന്നും
പുത്രനവൻതന്നെ നിന്നെ ധരിപ്പിച്ചീടും.

*ജോസഫ്:*

സാധ്യതകൾ രണ്ടാണിതിൽ; രണ്ടുമെന്നെ കുഴയ്ക്കുന്നു
സത്യമിതിലുണ്ടെന്നാൽ ഞാൻ ഭയചകിതൻ!
സത്യമിതിലില്ലെന്നാലോ ദുഃഖിതൻ ഞാ, നതി മാത്രം
ചിത്തമീക്കുരുക്കിൽ നിന്നു രക്ഷ തേടുന്നു.

*മേരി:*

എന്നുദരേ ഗുപ്തവാസം ചെയ്യുവോനേയെൻ കുമാരാ
അന്യമക്കളെനിക്കില്ല തുണ നില്ക്കുവാൻ
വല്ലഭനെപ്പിരിയാനും തെല്ലുമില്ല മോഹം സർവ്വ-
വല്ലഭൻ നീ തുണയ്ക്കേണം താമസമെന്യേ!

*ജോസഫ്:*

കനപ്പെട്ട കാര്യങ്ങൾ നീ പറയുന്നു മതി മേരീ
ചകിതമാകുന്നെന്നുള്ളമവ കേൾക്കുമ്പോൾ
സംഭ്രമാധീനനെനിക്കേറെ ദൂരം നിന്നിൽനിന്നും
സമ്പ്രതിയകന്നുപോണ, മതുതാൻകാമ്യം.



www.malankaralibrary.com

*മേരി:*

പേടിതോന്നുന്നെനിക്കിന്നെൻ സുതനെത്തിത്തുണയ്ക്കായ്കി-
ലേറെയുണ്ടാമപവാദമപകടവും.
ഏകയായ് ഞാനെന്തുചെയ്യും, ജാരസംസർഗ്ഗാപവാദ-
ഭാരമേന്തി മരിക്കുമോ കൊല്ലപ്പെടുമോ?

*(ശ്ലോകം)*

ദീനാലാപമിതെത്തിവിണ്ണിലുടനേ
കാരുണ്യവാനീശ്വരൻ
വാനാരൂപിയെ വിട്ടയച്ചു യവുസേ-
പ്പിൻ ശങ്ക നീക്കീടുവാൻ.
നാനാ ചിന്തകളാൽത്തകർന്നു ഭവനം
വിട്ടോടുവാൻ കോപ്പിടും
മാനാധീനവരന്നു സാന്ത്വനമണ-
ച്ചാൻ ദൂതനൂനംവിനാ

● ●



www.malankaralibrary.com

# III

## മറിയവും പൗരസ്ത്യവിജ്ഞാനികളും

*(മാവേലി)**

*മേരി:*

ദൂരദേശങ്ങളിൽ നിന്നുവന്ന
സൂരികളേ നിങ്ങൾക്കെന്തുവേണം?
എന്തിനീയുണ്ണിയെക്കാണുവാനായ്
കൊണ്ടുവന്നു വിലയുറ്റ ദ്രവ്യം?

*ജ്ഞാനികൾ:*

രാജാവാകുന്നു നിൻ പുത്രനമ്മേ;
രാജകിരീടവുമുണ്ടവന്.
ലോകം മുഴുവനവന്റെ രാജ്യം;
നാകത്തിലേക്കാണവന്റെ മാർഗം.

*മേരി:*

എങ്ങനെയെന്നിതു സംഭവിച്ചു,
മന്നവനേഴയിൽ വന്നുദിച്ചു?
തീരെ നിരാലംബ നിസ്വയീ ഞാൻ
പാരിന്നുടയോനിന്നെന്മകനോ?

*ജ്ഞാനി:*

നിന്മകൻ തന്നെയീ രാജപുത്രൻ;
നീ തന്നെയാണവനെന്നുമമ്മ.
നിന്റെ ദാരിദ്ര്യത്തിൽ നിന്നുയരും
നന്മകൾ, മന്നോർമകുടങ്ങളും.

*മേരി:*

ഇല്ല ഖജനാവെനിക്കുസ്വന്തം;
ഇല്ല ധനത്തോടെനിക്കുബന്ധം.
ശുഷ്കമാണിക്കുടിലെങ്കിലുമെൻ
പുത്രനെ രാജാവാക്കുന്നു നിങ്ങൾ.

---

* മാവേലി നാടുവാണീടുംകാലം – എന്ന രീതി.



www.malankaralibrary.com

*ജ്ഞാനി:*

ഏവർക്കും സമ്പത്തു നല്കിടുന്ന
ശേവധിയാണു നിൻ പുത്രനോർത്താൽ.
മറ്റു രാജാക്കൾതൻ സ്വത്തു നഷ്ട-
പ്പെട്ടു പോം നിത്യമിവൻ ധനികൻ.

*മേരി:*

മറ്റേതോ ദേശത്തു വന്നുദിച്ച
മറ്റാരെപ്പറ്റിയോ ചൊൽവുനിങ്ങൾ.
പോയവനെത്തേടിക്കണ്ടുകൊൾക;
ഏഴയെൻ കുഞ്ഞിവൻ രാജനാകാ.

*ജ്ഞാനി:*

വാനിൻ വെളിച്ചം കിഴക്കുദിച്ചു
കാണിച്ചുതന്ന വഴിയിലൂടെ
അന്ധകാരത്തെ ജയിച്ചുവന്ന
ഞങ്ങൾക്കു തെറ്റുകയില്ല മാർഗം.

*മേരി:*

കീറത്തുണി ചുറ്റി മൂകനായി
പ്പാരിൽ ശയിക്കുമീയേഴ ബാലൻ
രാജനാണെന്നോ കഥിപ്പു നിങ്ങൾ,
രാജകീയം കാണ്മതെന്തുമുന്നിൽ?

*ജ്ഞാനി:*

നേരു നീ ചൊന്നതു പോലെ തന്നെ
പാരം വിനീതനാണിക്കുമാരൻ.
എങ്കിലും വാനിലെത്താരകങ്ങൾ
സങ്കീർത്തനങ്ങളിവന്നു പാടി.
ആരാണവയ്ക്കുവെളിച്ചമേകി
ഘോരാന്ധകാരത്തെ മാച്ചിടുന്നു?

*മേരി:*

വേറേ പലരോടുമന്വേഷിച്ചു
നേരായ് രാജനെക്കണ്ട ശേഷം



www.malankaralibrary.com

നിങ്ങളവനെ നമിച്ചുകൊൾക;
ഉണ്ണിയതു വേറൊന്നായിരിക്കാം.
പാതയിൽ വെട്ടം കുറഞ്ഞിരിക്കാം
പാതയിടയ്ക്കു പിഴച്ചിരിക്കാം.

*ജ്ഞാനി:*

ബാലേയിതിന്നു നീ വിശ്വസിക്കൂ,
ചാലേ പഠിച്ചവരാണു ഞങ്ങൾ.
മന്നവൻ നിന്മകൻ തന്നെ നൂനം.
തന്നവൻ ഞങ്ങൾക്കു മാർഗദീപം.
നേർവഴി കാട്ടാനവനയച്ചൂ
ദ്യോവിലൊരുജ്വല താരകത്തെ.

*മേരി:*

കുഞ്ഞുടലാണെൻ മകനു പാർത്താൽ
പൊന്മുടിയില്ല സിംഹാസനവും.
രാജോചിതം നിങ്ങളെന്തുകണ്ടു
രാജനായുണ്ണിയെക്കുമ്പിടുവാൻ?
ഏറെ വിലപ്പെടും കാഴ്ചനൽകി
പാരിച്ച സ്വത്തു ചെലവഴിക്കാൻ?

*ജ്ഞാനി:*

കുഞ്ഞുടൽ പൂണ്ടു കിടക്കുവാനായ്
തന്നുള്ളിലായവനിച്ഛയാർന്നു.
സ്വത്വം വെളിപ്പെടുത്തീടുവോളം
അത്യന്തശാന്തനായ്ത്താൻ വസിക്കും.
എന്നാൽ സമയം തികഞ്ഞിടുമ്പോൾ
വന്നു നമിച്ചിടും മന്നവന്മാർ.

*മേരി:*

സൈന്യങ്ങളില്ലെൻ മകനു തെല്ലും
തന്നൂഴിയത്തിനു ഭൃത്യരില്ല
സ്വന്തം ജനനിതൻ നിസ്വതയിൽ
സംതൃപ്തി പൂണ്ടവൻ മേവിടുന്നു.



www.malankaralibrary.com

നിങ്ങളെന്തിന്നിവൻ മന്നനെന്നു
മന്നിൽ വിളംബരം ചെയ്തിടുന്നു?

*ജ്ഞാനി:*

സൈന്യവൃന്ദങ്ങൾക്കവനധീശൻ
വിണ്ണിൽ രഥാശ്വങ്ങളുണ്ടവന്.
അഗ്നിമയന്മാരനേകകോടി
തൃക്കഴൽ കൂപ്പി വണങ്ങിടുന്നു.
ആയവരിൽനിന്നൊരുവനെത്തി
ആനയിച്ചീടിനാൻ ഞങ്ങളെയും

*മേരി:*

പിഞ്ചുകുഞ്ഞാമിവനെങ്ങനെയീ
പഞ്ചലോകങ്ങളടക്കി വാഴും?
ധീരപരാക്രമമുള്ളവരെ,
ഘോരബലത്തിനുടയവരെ.
ചൊൽപ്പടി നിർത്തി ഭരിക്കുമെന്നോ
പൊൽപ്പൂവുടലാമിപ്പിഞ്ചു പൈതൽ?

*ജ്ഞാനി:*

പ്രായമിവനുണ്ടധികമിന്നീ-
ക്കായം നിനക്കു ഭ്രമം വരുത്തി.
കാലത്തിനപ്പുറം സർവ്വജീവ-
ജാലത്തിനും മുമ്പിവൻ വസിച്ചു.
ആദമിവന്റെയിളയതത്രേ.
ലോകത്തെ നിത്യമിവൻ ഭരിപ്പൂ.

*മേരി:*

ഇച്ചൊന്നതൊക്കെ വിശദമാക്കി
മച്ചിത്തമൊന്നു തെളിച്ചിടാമോ?
ആരു നിങ്ങൾക്കു വെളിപ്പെടുത്തി
ചാരുത ചേരും രഹസ്യമേവം?
എന്മകൻ രാജനായ് വാണിടുന്നോ
നിങ്ങൾതൻ നാട്ടിലും ലോകമെങ്ങും?



www.malankaralibrary.com

*ജ്ഞാനി:*

ശങ്കയില്ലാതെ നീ വിശ്വസിക്കൂ
തമ്പുരാൻ തന്റെ രഹസ്യസത്യം.
സത്യമിവിടേയ്ക്കു കൊണ്ടുവന്നു
അത്യന്ത ദൂരസ്ഥർ ഞങ്ങളെയും
നേരെന്നു ബോദ്ധ്യം വരാതെ ഞങ്ങൾ
പോരുമോ പാരിന്നതിരിൽ നിന്നും?

*മേരി:*

എന്തു നിങ്ങൾക്കു ഭവിച്ചു നാട്ടിൽ
എന്തു രഹസ്യമിതെന്നുചൊൽക.
ഉത്തമമിത്രങ്ങളെന്നപോലെ
വാർത്തകളെല്ലാം വിശദമാക്കൂ.
ഏതൊരാൾ നിങ്ങളെച്ചൊല്ലിവിട്ടു
സാധുവീ നാരിതൻ പക്കലെത്താൻ?

*ജ്ഞാനി:*

ഉത്തമതേജസ്സെഴുന്ന ദിവ്യ
നക്ഷത്രം ഞങ്ങൾക്കു മുമ്പിലെത്തി.
വേറൊരു താരകമിപ്രകാരം
പാരിലും വാനിലുമില്ല ചൊല്ലാം.
ആയതിൻ ദീപ്തിയിൽ കത്തി ഭൂമി;
രാജജന്മത്തെയതുദ്ഘോഷിച്ചു.

*മേരി:*

ആരോടുമിക്കഥ ചൊല്ലരുതേ,
കൂറോടു യാചിച്ചിടുന്നിതാ ഞാൻ.
രാജാവൊരാളിക്കഥയറിഞ്ഞാൽ
നാശമെൻ കുഞ്ഞിനു വന്നുചേരും.
പാരമസൂയ പടർന്നു കത്തും
നാടു നരകത്തിൻ വക്കിലെത്തും.

*ജ്ഞാനി:*

അസ്വസ്ഥയാകായ്ക ബാലികേ നീ
.വിശ്വാധിരാജനീ നിൻ കുമാരൻ



www.malankaralibrary.com

വല്ലഭനുണ്ണി നിനച്ചിടുമ്പോൾ
എല്ലാ മകുടവും താഴെവീഴും.
പാദപീഠം താനവനു പാർത്താൽ
ഏതസൂയാലുവിൻ മസ്തകവും.
(ഗുണമേറും)*

*മേരി:*

കുമതി ഹേരോദേസിൻ കാര്യമോർത്തീ-
യറിവുഞാൻ നിങ്ങൾക്കു നല്കിടുന്നു.
കരളിൽ പേയുള്ളൊരാ ഹീനശ്വാനൻ
കരവാളുറയിൽ നിന്നൂരി നില്പു.
പരിപക്വമാകുന്നതിനു മുമ്പേ
അരിയുമാരാമഫലം കൃതാന്തൻ.

*ജ്ഞാനി:*

അവനെ ഭയം വേണ്ടതെല്ലുപോലും;
തവസുതനോടവൻ തോറ്റുപോകും.
ഇളകുമവന്റെ സിംഹാസനവും;
ഇളയിലാ രാജ്യവുമസ്തമിക്കും.

*മേരി:*

യരുശലേം രക്തുപ്പുഴയിൽ മുങ്ങും,
അരുമക്കിടാങ്ങൾ മരിച്ചുവീഴും.
നഗരത്തിലെങ്ങാനീ വാർത്തകേട്ടാൽ
ഇളകും ജനങ്ങളവനുവേണ്ടി.
പരമരഹസ്യം പുലർത്തിടേണം
വെറുതെ കുഴപ്പം വരുത്തിടല്ലേ.

*ജ്ഞാനി:*

സകല കുഴപ്പവുമെത്തിയാലും
സകലേശനൊക്കെയും ശാന്തമാക്കും.
മരണം നിന്നുണ്ണിക്കു വന്നുചേരാ
തിരുവുള്ളമാകാത്ത കാലത്തോളം.
യരുശലേമൂരുന്ന വാളിനെല്ലാം
മുനയൊടിയും മൂർച്ച നഷ്ടമാകും.

---

* മലരണിക്കാടുകൾ തിങ്ങിവിങ്ങി – എന്ന രീതി



www.malankaralibrary.com

*മേരി:*

ഫരിസന്മാർ വേദവിശാരദന്മാർ,
ജെറുസലേം വാഴും പുരോഹിതന്മാർ,
അറിയുമവർക്കു നിണക്കളികൾ
അവരെന്റെ കുഞ്ഞിനെക്കണ്ടുപോയാൽ.
ഖലവൃന്ദമുണ്ടവർക്കൊട്ടനേകം;
പറയരുതാരോടുമീ രഹസ്യം.

*ജ്ഞാനി:*

ഫരിസരോ നീചപുരോഹിതരോ
ചെറുതും ഹനിക്കില്ല നിൻസുതനെ.
ബലവാനാമീയുണ്ണി നഷ്ടമാക്കും
അവരുടെ സ്ഥാനമാനങ്ങളെല്ലാം.
അവരുടെയുത്സവാഹംകൃതികൾ
അവസിതമാകും വിനാവിളംബം.

*മേരി:*

ഒരു ദൈവദൂതൻവെളിപ്പെടുത്തി
അരുമയെ ഗർഭം ധരിച്ചനാളിൽ:
ഇവനൊരു രാജാവായ് വാഴുമെന്നും,
ഇവനുന്നതങ്ങളിലെത്തുമെന്നും,
അവസാനമില്ലാത്ത രാജ്യഭാരം
ഇവനിൽ നിക്ഷിപ്തമായ്ത്തീരുമെന്നും.

*ജ്ഞാനി:*

ഒരുപക്ഷേ നീ ചൊന്ന ദൂതനാകാം
ഇവിടേയ്ക്കു ഞങ്ങളെയാനയിച്ചു.
അവനൊരു നക്ഷത്ര രൂപമാർന്നു
അവനിയിൽ ഞങ്ങൾക്കു പാതകാട്ടി
തവസുതൻ രാജാവെന്നുദ്ഘോഷിക്കാൻ
അവനാകാം ഞങ്ങളെക്കൊണ്ടുവന്നു

*മേരി:*

മമ മുന്നിൽ വന്നൊരു ദൈവദൂതൻ
വെളിവാക്കി പല ഭാവി സൂചനകൾ.



www.malankaralibrary.com

അവസാനിക്കില്ലെൻ സുതന്റെ രാജ്യം;
അവനെന്നും സിംഹാസനത്തിൽ വാഴും.
ഇവയെല്ലാം സൂക്ഷിച്ചുവച്ചു ഞാനെൻ
കരളിൽ പരമരഹസ്യമായി.

*ജ്ഞാനി:*

ഇവരോടും നക്ഷത്രരൂപമാർന്ന
സുരദൂതൻ ചൊല്ലിയീ വാർത്തയെല്ലാം.
തവപുത്രൻ ചാർത്തും കിരീടമെന്നും,
അതു പാരിൽ വ്യത്യസ്തമാകുമെന്നും,
പറയാതെ മൂകമാം ഭാഷയൊന്നിൽ.
വെളിവാക്കി താരകവേഷധാരി
(മാവേലി)

*മേരി:*

മംഗലവാർത്ത പറഞ്ഞ ദൂത-
പുംഗവൻ കർത്താവെന്നെന്മകനെ
ആദരപൂർവ്വം വിളിച്ചുവല്ലോ
ജാതനാകുന്നതിൻമുമ്പുതന്നെ.
അത്യുന്നതന്റെ കുമാരനെന്നും
കൃത്യമായെന്നോടുചൊന്നു ദൂതൻ.

*ജ്ഞാനി:*

താരവും ഞങ്ങളോടോതി മൂകം
ജാതനത്യുന്നതനീശനെന്ന്.
കാന്തി പൊഴിക്കുന്ന വാനഗോള-
വൃന്ദത്തിൻ നാഥനും നിന്റെ പുത്രൻ.
ദ്യോതിക്കയില്ലവയൊന്നുമോർത്താൽ
നാഥന്റെ കല്പന കിട്ടിടാതെ.

*മേരി:*

ഇന്നു രഹസ്യമാമൊന്നുകൂടി
ചൊന്നിടാം നിങ്ങൾക്കുറപ്പിനായ് ഞാൻ:
കന്യകാമുദ്രതുറന്നിടാതെ-
തന്നെയവന്നു ഞാൻ ജന്മമേകി.



www.malankaralibrary.com

ദൈവസുതനവനെന്നുതന്നെ
ഏവരോടും നിങ്ങൾ ചെന്നറിയിപ്പിൻ.

*ജ്ഞാനി:*

നക്ഷത്രം ഞങ്ങളോടോതിയല്ലോ,
രക്ഷകനാണവൻ ദൈവപുത്രൻ.
സർവ്വോന്നതൻ നിന്റെ പുത്രനായി
സർവ്വേശ്വരന്റെ തിരുക്കുമാരൻ.

*മേരി:*

ആഴങ്ങളെപ്പോലുയരങ്ങളും
വാനോർ നിരകളും താരങ്ങളും
പാടുന്നിവൻ ദൈവപുത്രനെന്നും
നാഥനെന്നും രാജരാജനെന്നും!

*ജ്ഞാനി:*

താരകമൊന്നിനെ മുൻനിറുത്തി
വാനം വിളംബരം ചെയ്കയാലെ
പേർഷ്യയും പൗരസ്ത്യദേശങ്ങളും
വിശ്വാസകല്ലോലനൃത്തമാടി
ദേശങ്ങൾക്കിന്നിവൻ രാജനെന്നും
മാനവർക്കിന്നിവൻ നാഥനെന്നും!

*മേരി:*

ശാന്തിസന്ദേശവുമായി നിങ്ങൾ
പിന്തിരിഞ്ഞെത്തുക പേർഷ്യനാട്ടിൽ.
ഐശ്വര്യമാരിചൊരിഞ്ഞിടട്ടെ
ആർഷമാം പൗരസ്ത്യദേശങ്ങളിൽ.
സത്യത്തിൻ സാക്ഷികൾ നിങ്ങളേന്തും
ദൗത്യം ജയിക്കട്ടെ മേല്ക്കുമേലേ.



www.malankaralibrary.com

# IV
# മറിയവും തോട്ടക്കാരനും

(യോഹന്നാന്റെ സുവിശേഷത്തിൽ മഗ്ദലനമറിയവും തോട്ടക്കാരനും തമ്മിൽ (അ. 20) സംഭാഷണം നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉത്ഥിതനായ യേശു തന്റെ അമ്മയെ കണ്ടുമുട്ടിയതായി പാരമ്പര്യങ്ങൾ പറയുന്നുണ്ട്)

(അന്നനട)

ഉയിർത്ത ഞായറിൻ വിഭാതവേളയിൽ
വിയർത്തു കല്ലറയ്ക്കടുത്തെത്തി മേരി.
കിതച്ചുകൊണ്ടവൾ പറഞ്ഞു: 'ഞാനെന്റെ
സുതന്റെ പൂമേനി തിരയുകയത്രേ
എനിക്കു കർത്താവുമവൻ തന്നെ യാരു–
ണ്ടെനിക്കൊന്നുകാട്ടിത്തരുവാൻ നാഥനെ'
ഉടൻ തോട്ടക്കാരൻ ധരിക്കും വേഷത്തി–
ലടുത്തെത്തീ യേശുമൊഴിഞ്ഞു മന്ദമായ്:

*തോട്ടക്കാരൻ:*

പറയുക ധന്യേയതിവെളുപ്പിനീ–
യുപവനത്തിൽ നീ തിരയുവതാരെ?

*മേരി:*

എതിർത്തു ചൊല്ലല്ലേ പ്രിയതോട്ടക്കാരാ,
പുറത്തിറക്കി നീ പടിയടയ്ക്കല്ലേ.
എനിക്കു കിട്ടിയ വിശിഷ്ടമാം ഫലം
വിനഷ്ടമായിങ്ങെന്നറിഞ്ഞില്ലേ ഭവാൻ?
ഇവിടെയുദ്യാനം മുഴുവൻ ഞാനതു
തിരയുന്നൂ; മറ്റെന്തെനിക്കു തേടുവാൻ?

*തോട്ട:*

ഒരുദ്യാനത്തിലും ഫലങ്ങൾ കാണുന്ന
സമയമല്ലിതെന്നറിഞ്ഞുകൂടയോ?
ഫലം തേടുന്നു നീയിവിടെയിപ്പോഴെ–
ന്നാലമുറയിട്ടാൽ വിഫലമല്ലയോ?



www.malankaralibrary.com

*മേരി:*

അറിയണം ഭവാൻ, ഇവിടെ ഞാൻ തേടും
ഫലമെനിക്കു തന്നരുളിടും ജീവൻ.
അതുകണ്ടെത്തുവാൻ തുണയ്ക്കണമെന്നെ
യതുലസൽഗുണനിധേ കാവൽക്കാരാ.

*തോട്ട:*

പറയുക ശുഭേ അതെന്തു സൽഫലം?
തരുന്നു വിസ്മയമെനിക്കു നിന്മൊഴി.

*മേരി:*

എനിക്കു തീർച്ചയുണ്ടതിന്റെ ദർശനം
മിഴിക്കു പുണ്യമാണതീവ ഭാസുരം.

*തോട്ട:*

കുഴക്കുന്നു നിന്റെ മൊഴികളിന്നെന്നെ;
നിനക്കു വേണ്ടതെന്തറിവതില്ല ഞാൻ.

*മേരി:*

അവനെയുദ്യാനകുടീരത്തിൽ നിന്നും
ഭവാനെടുത്തെങ്ങാനൊളിച്ചുമാറ്റിയോ?
അവനെത്തേടി ഞാൻ നടക്കുന്നൂ വീണ്ടും;
അവന്റെ പിന്നാലെ ഗമിപ്പതെൻ സുഖം.

*തോട്ട:*

മൃതന്റെ പാതാളക്കുഴിയിൽ നീയെന്തേ
തിരയുന്നൂ ജീവിച്ചിരിപ്പോനെബ്ഭദ്രേ?
ഭവതി തേടുമപ്പുമാനിക്കല്ലറ
വെടിഞ്ഞിതേ രാവിൽ കുറച്ചു മുന്നമേ.
കരത്തിൽ വാളുമായ് വിശന്ന നായ്ക്കൾ പോ–
ലിരിക്കും കാവൽക്കാരറിഞ്ഞതില്ലൊന്നും.

*മേരി:*

ഗുരുവുയിർത്തെന്നോ? കഥയെല്ലാമെന്നോ–
ടുരയ്ക്കുക തെല്ലും വിടാതെ സൂക്ഷ്മമായ്.



www.malankaralibrary.com

എനിക്കു വിശ്വസിക്കണമവനിലെ-
ന്നുദിക്കുന്നു വാഞ്ഛ; കഥിച്ചാലും സർവം.
ഇറങ്ങിവന്നതാണവൻ സ്വർഗത്തിൽ നി-
ന്നൊരു കന്യോദരഫലമായൂഴിയിൽ.

*തോട്ട:*

ചെവിതുറന്നു നീ ശ്രവിച്ചാലും ധന്യേ
ഇവനതു നിന്നോടുരയ്ക്കുന്നാദ്യമായ്.
അവനെ ഗർഭത്തിൽ വഹിച്ചവൾക്കിതാ
അവന്റെയുത്ഥാനമരുളുന്നൂ സാക്ഷ്യം.
എനിക്കു സാക്ഷികൾ മഹാകാശങ്ങളു-
ണ്ടനന്തസാഗര ഗഹനതകളും.
പ്രകൃതിയെ മറികടന്നവൻ പാരിൽ
ജനിക്കയും മരിച്ചുയിർക്കയും ചെയ്തു.
തുടർന്നു മേരീയെന്നൊരു വിളിയവൻ
മധുകണം പോലെ വിളിച്ചുസാദരം

*മേരി:*

മറന്നു വേദനസമസ്തവും മേരി
പറഞ്ഞിതെൻ "നാഥാ ഗുരോ വരൂ വരൂ
മരിയതന്നുള്ളിലരുമ സൂനുവായ്
പിറന്നപോലെ നീ വരൂ കരുണയായ്.
തെളിയട്ടെ നിന്റെ വെളിച്ചമുത്ഥാന-
ത്തെളിവിലെന്നിലും ജഗത്തിലും നിത്യം"



www.malankaralibrary.com

# V

# അബ്രഹാമും ഇസഹാക്കും

(നരനായിങ്ങനെ.... എന്ന രീതി)

1. ബലിയായയബ്രാഹം സുതനെ നൽകുവാ-
നരുളിച്ചെയ്തൊരു പ്രിയതാതാ
വരമരുൾക നീയവരുടെ താത-
സുതബന്ധത്തിന്റെ കഥ ചൊൽവാൻ.

2. ശതവർഷം കഴിഞ്ഞവിടുത്തെ പുത്രൻ
ബലിവസ്തുവായീ ധരണിയിൽ.
ഭയമെന്യേ നിന്റെ തിരുഹിതത്തിന്റെ
വഴിയോരോന്നും ഞാൻ പറയട്ടെ

3. ഒരു ദിനം താതനരുളി: 'അബ്രഹാം
തരണം പുത്രനെ ബലിയായി
ഇസഹാക്കേകനേ തനയനുള്ളെന്നു
കരുതി മാഴ്കി നീയൊഴിയൊല്ലാ'

4. കരളിലെബ്രാഹം തനയസ്നേഹത്തി-
ന്നെരിവും വിശ്വാസത്തിരിയുമായ്
മകനെത്തമ്പുരാനരുളിയപോലെ
ബലി നല്കാൻ തന്നെ മുതിരവേ

5. പ്രിയതമ സാറായിടപെട്ടു: 'ഭവാൻ
കഠിനകൃത്യത്തിനൊരുങ്ങുന്നോ?
കൊലചെയ്യാൻ കത്തി വിറകുമിങ്ങനെ
മകനെക്കൊല്ലുവാൻ തുനിയുന്നോ?'

6. ഉടനെ സാറ തന്നധരം പൂട്ടുവാ-
നരുളിയബ്രാഹം മടിയെന്യേ.
മഹിതസ്നേഹമാമുടയവൻ തന്റെ
രഹസ്യമാണിതെന്നവനോതി.



www.malankaralibrary.com

*സാറാ:*

കഠിനവേദനയനുഭവിച്ചു ഞാൻ
പ്രസവിച്ചതാണെൻ തനയനെ.
അവനൊരു കേടും വരികയില്ലെന്നു
ശപഥം ചെയ്തേ ഞാൻ വിടുകുള്ളു.

*അബ്രഹാം:*

പരമശക്തനാമുടയവൻ തന്റെ
കരുണതാൻ നമുക്കവലംബം.
അതുതന്നെയെന്റെ ശപഥം, സർവ്വേശൻ
തരുമവനെ നിൻ തുണയായി.

നിജകുടീരം വിട്ടുടനെയബ്രാഹം
കഴുതമേലേറിയിസഹാക്കും
ജറുസലേമിൽ പിമ്പൊരു കാലം ചെന്ന
മനുജപുത്രന്റെ പ്രതിരൂപം

ഇരുതോഴന്മാരൊത്തരുമപ്പുത്രനെ
മലകേറ്റി താതൻ ബലി നല്കാൻ;
ഇരുകള്ളന്മാർക്കു നടുവിൽ പില്ക്കാലം
കുരിശേറാൻ പോയ കഥപോലെ.

*അബ്രഹാം (തലയുയർത്തി ദൈവത്തോട്)*

ഇസഹാക്കിൽ നിന്നുമളവില്ലാതുള്ള
തനയരുണ്ടാമെന്നരുളി നീ
ഇവിടെയിന്നിവൻ മൃതിപൂണ്ടാൽ നിന്റെ
തിരുമൊഴി പാഴായ് വരികില്ലേ?

മടിയെന്യേ നിന്റെയരുളപ്പാടുപോൽ
തരികയാണെന്റെ മകനെ ഞാൻ.
ബലിയർപ്പിക്കേണ്ട മലയേതെന്നുള്ളൊ-
രടയാളം കാട്ടിത്തരിക നീ.

അവനെത്തന്നു നീ സുതനായ് കർത്താവേ
തിരിയെച്ചോദിച്ചു ബലിയായി.
തിരുവുള്ളം പോലെ വരണമൊക്കെയും
ബലിയിടം കാട്ടിത്തരിക നീ.



www.malankaralibrary.com

സഹചരന്മാരെപ്പുറകിൽ വിട്ടിട്ടു
ഗിരിമുകളേറി സുതനുമായ്
ഉടനബ്രാഹത്തിന്നകമേ ദൈവിക-
രഹസ്യത്തിൻ ഗാനം തുടികൊട്ടി

*ഐസക്:*

വിറകുമുണ്ടഗ്നിക്കനലുമുണ്ടെന്നാൽ
ബലിയാടെങ്ങെന്റെ പ്രിയതാതാ?
ബലിപീഠം പോലുമിവിടെക്കാണുന്നി-
ല്ലെവിടെ യാഗം നാം മുഴുമിക്കും?

*അബ്രാഹം:*

പെരുമയാളുന്നോരുടയവൻ കർത്താ-
വരുളുമൊക്കെയും വഴിപോലെ.
ഒരു കുഞ്ഞാടിങ്ങിത്തരുവിൽ കൊമ്പുകൾ
കുരുങ്ങിത്തൂങ്ങുംപോലിവർ കാണും

*ഐസക്:*

പലകുറി താതൻ മിഴിയയയ്ക്കുന്നെൻ
വദനത്തിൽപ്പിന്നെ ഗഗനത്തിൽ;
കരവാളിൽപ്പിടിമുറുകുന്നു, ബലി-
യ്ക്കജവും കാണ്മീല – കഥയെന്തേ?

*അബ്രാഹം:*

നടകൊൾക വത്സാ ത്ധടുതിയിൽ ബലി-
മലമുകളിൽ നാമണവോളം.
അവിടെച്ചെല്ലുമ്പോൾ സകലവും കർത്താ-
വരുളിച്ചെയ്യുമെന്നറിക നീ.

*ഐസക്:*

പറയാമോ താതാ ജനനിയോടെന്തേ
പറയാഞ്ഞീവക രഹസ്യങ്ങൾ?
ബലിയാടില്ലാതെ വരുവാനും ഹേതു
പറയുമോ തെല്ലു വിശദമമായ്?



www.malankaralibrary.com

*അബ്രാഹം:*

ഒളിവിൽ വാണെന്നെ വിളിച്ചവൻ, വന്നു
വെളിവാക്കും സർവരഹസ്യവും.
ഉദരത്തിൽനിന്നുമുയിരെടുക്കാത്തൊ-
രജകിശോരവും വരുമപ്പോൾ.

*ഐസക്:*

ഒരുകാലം പണ്ടു തവകുടീരത്തിൽ
അതിഥികൾ വന്നകഥകളും,
അവരെപ്പൂജിക്കാനൊരു കാളക്കിടാ-
വിരവിൽ യാഗമായ് ചമഞ്ഞതും,
അവരനുഗ്രഹം ചൊരിഞ്ഞതും താതൻ
പറഞ്ഞതോർക്കുന്നുണ്ടഖിലം ഞാൻ.
അവിടെക്കേട്ട പോലൊരു സ്വരമിപ്പോൾ
ഇവിടുന്നെങ്ങാനും ശ്രവിച്ചുവോ?

*അബ്രാഹം:*

അതിഥിയായ് വന്നെൻ ഭവനത്തിൽ വാണ
മഹിതരൂപനു സദൃശമായ്
കരുതുന്നേനിതു സകലവും ഭോജ്യ-
മവനു നല്കി ഞാനെളിമയിൽ.
അവനെനിക്കേകി മകനേ നിന്നെയും
അവനു കാണണം തവമുഖം.
വിളി ഞാൻ കേൾക്കുന്നു, തലകുനിക്കുന്നു;
ബലിയിതുതന്നെ - രഹസ്യവും.

*ഐസക്:*

അധികദുർഗ്രഹം തവവചസ്സുകൾ
നിണമൊഴുക്കാതെ ബലിയുണ്ടോ?
ഇതുപോലാരാനും ജഗദീശൻതന്റെ
വിളി കേട്ടതായുമറിവുണ്ടോ?

*അബ്രാഹം:*

മതിയിലുൾക്കൊള്ളാൻ വിഷമമാണിതു
സുരദൂതന്മാർക്കും മനുജർക്കും



www.malankaralibrary.com

അതുലമീ ദൗത്യകഥ പരന്നിടും
തലമുറതോറും ഭാവിയിൽ

*ഐസക്:*

സുരഗണങ്ങളും നരരും വിസ്മയ-
ഭരിതരാകുമീയത്ഭുതം,
മറവിൽ വച്ചെന്റെ ജനനിയെ ദുഃഖ
ഭരിതയാക്കുവതെന്തിനായ്?

*അബ്രാഹം:*

ഉടയവനെന്നെ ഭരമേല്പിച്ചൊരു
രഹസ്യമമ്മയിൽ നിന്നു ഞാൻ
മറച്ചുവച്ചതിൻ പരിഭവം നിന്നെ-
ത്തിരിയെക്കിട്ടുമ്പോളകലുമേ.
അധികവിസ്മയമതുനേരമുണ്ടാം
നിറയുമാനന്ദമകതാരിൽ

*ഐസക്:*

ജനനി സാറയിൽ കനിവെഴും ദൈവം
വലിയവൻ നീതി നിറയുവോൻ.
അവളുടെ ദുഃഖം സുഖമായ്ത്തീർന്നിടും
അവളെന്നിൽക്കാണും നിജഭാഗ്യം.

*അബ്രാഹം:*

ഉദരത്തിൽ നിന്നെയവൾ വഹിച്ചനാൾ
അതിഥിയായ് വന്ന സുരനാഥൻ
അശനമാസ്വദിച്ചധിക മോദമോ-
ടറിയിച്ചു നിന്റെ ജനനത്തെ.
മരണത്തെ വെന്നു പുനരുത്ഥാനം ചെ-
യ്തരികിൽ വീണ്ടും നീയണയുമ്പോൾ
മുദിതയാമവൾ, *അജകിശോരത്തിൽ
സുരഗണം തോഷഭരിതരാം.

*അജം = ജനനമില്ലാത്ത without being conceived



www.malankaralibrary.com

*ഐസക്:*

ഉറയൂരുന്നു നീ കരവാളം, എന്റെ
ഗളനാളം നോക്കിയബ്രഹാമേ.
വിഗണിക്കല്ലേ നീ കരയുമെന്നമ്മ-
യ്ക്കരുളിയ വാക്കും ശപഥവും.

*അബ്രാഹം:*

ഉടയവൻ ജ്ഞാനതിമിരത്തീന്നെന്നെ
ഉയരത്തിലേറ്റാനൊരുങ്ങുമ്പോൾ
'മകനുടൻ തന്നെ വരു'മെന്നമ്മയ്ക്ക-
ന്നരുളിയ വാക്കു ശരിയാകും.

*ഐസക്:*

തരിശാണീമല, ഭയദമീദേശം,
വിറകുമഗ്നിയും റെഡിയായി.
എവിടെ കുഞ്ഞാടും ബലിവിഭവവും
ജനക, വിശ്വാസം തരികെന്നിൽ.

*അബ്രാഹം:*

ഗിരിയിതുതീരെ വിജനം, മാനവ-
ഗിരമില്ല കേൾക്കാനൊരിടത്തും.
സുരദൂതർ പറന്നണയും താഴത്ത്
പരമൊരത്ഭുതമവർ കാണും.

*ഐസക്:*

ദിവസം മൂന്നായെൻ ജനനിയാം സാറ
മരുവുന്നൂ ദുഃഖഭരിതയായ്.
ബലിയുടൻ നല്കിത്തിരികെപ്പോക നാം
മിഴി കൊണ്ടെന്നെ നീയുഴിയാതെ.

*അബ്രാഹം:*

തനയൻ മൂന്നുനാൾ മൃതരോടൊന്നിച്ചീ-
ധരതൻ ഗർഭത്തിൽ കഴിയണം;
ജനനി മേരിയും സാറയെപ്പോലെ
പുനരുത്ഥാനത്തിൽ തെളിയണം.



www.malankaralibrary.com

*ഐസക്:*

ശില പെറുക്കീടാം, ബലിപീഠം തീർക്കാം,
ബലിയാരംഭിക്കാം മമതാതാ.
രഹസ്യത്തിൻ വഴി തിരയുമ്പോഴെന്നെ
കൊലചെയ്യാനാണെന്നറിയുന്നേൻ.
വലുതാകും താതനതുമൂലം തെല്ലും
ഭയമിപ്പോഴില്ലെന്നകതാരിൽ.

(ശ്ലോകം – ശാ. വി.)

അബ്രാഹം ശില ശേഖരിച്ചു ബലിപീഠം തീർത്തുതൻ പുത്രനെ
മുല്പാടായതിൽ വച്ചു കാൽകരമതും ബന്ധിച്ചു വാളോങ്ങവേ
കെല്പോടങ്ങൊരു നാദമാ മലയതിൽക്കേട്ടാൻ

'വധിയ്ക്കായ്ക നീ–
യിപ്പാരിൽ മമ വാക്കുകൾക്കു പരിപൂർത്തിക്കുള്ള നിൻ പുത്രനെ'

*അബ്രാഹം: (ദൈവത്തോട്)*

മകനെക്കാളെനിക്കധികം പ്രീതി നി–
ന്നരുളപ്പാടിലാണാടുയോനേ.
കയറാൽ ബന്ധിച്ചോരവനെയും എന്റെ
ഹൃദയവും ശോധിച്ചറിക നീ.
ബലിചെയ്യാൻ തന്നെ മുതിരുന്നു ഞാനി–
ന്നവനുയിർപ്പതു തവഹിതം.

*ദൈവം:*

തെളിയുന്നു നിന്റെ ബലിയിൽ ഞാനെന്ന–
തറിയട്ടേ പാരും ഗഗനവും.
ഉടയോനാമെന്നിൽ പ്രിയമുള്ളോൻ നീയെ–
ന്നറിയട്ടേ ലോകമഖിലവും.

*അബ്രാഹം:*

ബലിപൂർത്തിയാക്കാൻ കഴിയാതെപോയാൽ
പഴിചൊല്ലും ലോകമഖിലവും.
അതിനാൽ നീ പുറംതിരിയല്ലേ ബലി
സദയം സ്വീകരിച്ചരുളണേ.



www.malankaralibrary.com

*ദൈവം:*

മതിയാവില്ല നിൻ മകനെ നല്കിയാൽ
നരവംശശാപമൊഴിവാക്കാൻ.
അതിനാലെൻപുത്രൻ ധരയിൽ വന്നെത്തും,
നരരൂപം പൂണ്ടു ബലിയാകും.

*അബ്രാഹം:*

ഇവിടെ ഞാൻ തീർത്ത ബലിപീഠം പാഴായ്
തകരുവാൻ കല്പിച്ചരുളല്ലേ.
ബലിയാകാൻ സ്വയം മനസായോരെന്റെ
മകനും നൈരാശ്യമരുളല്ലേ.

*ദൈവം:*

ബലിഞാൻ കൈക്കൊണ്ടെന്നതിനടയാളം
പുറകിലാത്തരുശിഖരത്തിൽ,
അജകിശോരമൊന്നമരുന്നൂ നീയി-
ന്നതിനെക്കൊല്ലുക ബലിപീഠേ.

*അബ്രാഹം:*

അരിയ മുന്തിരിക്കുലയാമെൻപുത്രൻ
ഒരു ശതാബ്ദം പോയ്ക്കഴിയുമ്പോൾ
അതിലെ നീരിനു പകരമിന്നെന്റെ
തനയന്റെ രക്തം തരുവൻ ഞാൻ.

*(കേക)*

ഊഷരം സാറായുടെയുദരം ജനിപ്പിച്ചു
മേഷശാബത്തിൻ പ്രതിരൂപമാ മൈസക്കിനെ.
കന്യയാം മറിയത്തിനുള്ളിൽ നിന്നുരുവായി
നന്ദനൻ, മരിച്ചിട്ടും ജീവിപ്പോൻ, മഹോന്നതൻ.
രണ്ടു സേവകരോടൊത്തന്നൊരു ശൈലോപാന്തേ
കണ്ടുനാമെബ്രാഹത്തിൻ മകനാമൈസക്കിനെ.
രണ്ടു തസ്കരന്മാർക്കു നടുവിൽ ഗാഗുൽത്തായിൽ
വിണ്ടലാധിപപുത്രൻ മരിയാത്മജൻ തൂങ്ങി.
ബദ്ധനായ്ബലിവേദി പൂകിയൊരിസഹാക്കു
സത്വരം തിരിച്ചെത്തി ദൈവകല്പനമൂലം.



www.malankaralibrary.com

മൃത്യുവാ, ലവനായിപ്പകരം നിന്നൂ ദൈവ-
പുത്രനാമേശു മൂന്നാംദിനമുത്ഥിതനായി.
അബ്രാഹം സ്വർഗസ്ഥനാം താതന്റെ പ്രതിരൂപം,
സൽപ്പുത്രനിസഹാക്കോ ക്രിസ്തുവിൻ പ്രതീകം താൻ.
മകനെക്കൊല്ലാൻ ദൈവം കല്പിച്ച നിമിഷത്തിൽ
മൃതനായിസഹാക്കു; കൃപയാൽ ജീവൻ പൂകി.
സാറയിൽ ദയതോന്നിയവനെത്തിരിച്ചേകി
പാരിനുജീവൻ നല്കും പരമോന്നതൻ താതൻ.
കരളിൽദ്ദയവറ്റ മാനവക്രൗര്യത്താലെ
നരരക്ഷകൻ ക്രൂശിൽ മരിക്കാനിടയായി.
എങ്കിലും ദയവിന്റെ വാരിധി ദേവൻ തന്റെ
നന്ദനനുയിർപ്പേകിത്തന്നല്ലോ നമുക്കായി.
തന്നിൽ വിശ്വസിപ്പോർക്കായ് നഗരം പണിചെയ്തു
ഉന്നതം സഭയൊന്നു നിർമ്മിച്ചു ധരിത്രിയിൽ.
പാരിനും സ്വർഗത്തിനുമിടയിലവനൊരു
പാലമായ്ത്തീർന്നൂ നാകവാതിലും തുറന്നിട്ടൂ
എത്ര വിസ്മയം! തന്റെ ദിവ്യമാം രഹസ്യങ്ങൾ
പുത്രനെബ്ബലിനല്കുമബ്രാഹമുൾക്കൊള്ളുന്നു!
വിറകും ചുമന്നല്ലോ മലകേറിയാപ്പുത്രൻ;
കുരിശും പേറിഗ്ഗിരിയേറുന്നൂ ദൈവാത്മജൻ.
ഇസഹാക്കറിഞ്ഞില്ല മരണം തനിയ്ക്കെന്നു
മിശിഹാ മുമ്പിൽക്കണ്ടു തൻമൃതി സ്വയം പുണ്ടു.
നല്ലവനബ്രാഹത്തിൽദ്ദയതോന്നിയ ദൈവം
'കൊല്ലായ്ക മകനെ'യെന്നിടയിൽ കടന്നോതി.
നന്മയാം തൻ പുത്രനെ മരണത്തിനായ് വിട്ടു
പിന്നെത്താൻ കൈക്കൊണ്ടു തന്നർപ്പണം, ജീവൻ നല്കി.
വാഴ്ത്തുക നമുക്കായി കുരിശിൽ മരിച്ചോനെ,
പേർത്തുമുത്ഥാനം മൂലം നമ്മെ ജീവിപ്പിച്ചോനെ.

● ●



www.malankaralibrary.com

# VI

## സ്നാപകനും യേശുവും

*(ശ്ലോകം - വസന്തതിലകം)*

സങ്കല്പമാകുമൊരു വായുവിമാനമേറി
ശങ്കാവിഹീനമണയുന്നിവർ യോർദനാനിൽ
പങ്കംപെടാത്ത വധുവൊന്നിനെ വേൾക്കുവാനാ-
തങ്കംവിനാ കരയിൽ നില്പു മഹാമണാളൻ.

പാടീടുവിൻ സ്തുതി നിതാന്തമവന്റെ മുന്നിൽ
തേടീടുവിൻ ചരണമാശ്രയമിന്നുമെന്നും
ഈടാർന്ന വിസ്മയമതാ ചുഴലും ജനങ്ങൾ
കാടാം ഗൃഹപ്പടിയിൽ സ്നാപകനായ ജോണും.

(അനുഷ്ടുപ്പ്)*

വചനം മണവാളൻ താ-
നിവനോ നാദമോർക്കുകിൽ
ഒരുമിച്ചിവരെക്കണ്ടി-
ട്ടുരുവിസ്മയമാർന്നു ഞാൻ.

വന്ധ്യരായ പിതാക്കൾക്കു
നന്ദനൻ സ്നാപകൻ ദൃഢം.
അവന്റെ മുമ്പിൽ കുമ്പിട്ടു
സ്നാനമിച്ഛിപ്പു തമ്പുരാൻ.

കഥയൊന്നുമറിഞ്ഞില്ല
പ്രതിശ്രുത വധൂമണി;
നദിയിൽ വന്നു തൻ കാന്തൻ
സ്ഥിതി ചെയ്വതുമങ്ങനെ.

വനത്തിലതിഥിക്കൂട്ടം
നിറയുന്നൊരു വേളയിൽ
വരണപ്പന്തലിൽ ബ്ഭർത്ത്യ-
വരവുംകാത്തു മേവിനാൾ.

മാനസാന്തര സന്ദേശ-
മേകും ജോണിനു മുന്നിലായ്

---

* കൗസല്യാ സുപ്രജാരാമാ
പൂർവ്വാസന്ധ്യാപ്രവർത്തതേ - എന്ന രീതി



www.malankaralibrary.com

വെളിവാക്കുന്നു താനാരെ-
ന്നിളയെ വീണ്ടെടുപ്പവൻ.
ഉടനെ ചുറ്റ്വും നില്ക്കു
ജനത്തോടോതി സ്നാപകൻ.
'ഇവനെപ്പറ്റിയുദ്ഘോഷി-
ച്ചമരുന്നേൻ - ഇവൻ വരൻ'
സ്നാനമെല്ലാർക്കുമേകേണ്ടോൻ
സ്നാനമേല്ക്കാൻ വരുന്നിതാ
വെളിവാക്കുന്നു യോർദ്ദാനിൽ
രഹസ്യം ഗുപ്തമീവിധം.
ലോകപാപം വഹിക്കുന്ന
ദൈവത്തിൻ മേഷശാബകം
ഇവ, നെന്നുരുവിട്ടിട്ടാ
ഗുരുവോടോതി സ്നാപകൻ.
*(പൂക്കുന്നിതാമുല്ല പൂക്കുന്നിലഞ്ഞി - എന്ന രീതി)*

*യോഹ:*

ലോകത്തിനുള്ളോരു പാപങ്ങളെല്ലാം
സ്നാനപ്പെടുത്തിപ്പൊറുക്കുന്ന നാഥാ
നീയെന്നടുക്കൽ കുളിക്കാൻ വരുന്നോ?
ഞാനിന്നതിന്നർത്ഥമോരുന്നതില്ല.

നിന്നാനനം നോക്കിയത്യാശയോടേ-
യിന്നീ സരിത്തും തുടിക്കുന്നു കാൺക.
നന്നായ് തളിച്ചീ നദിക്കും വിശുദ്ധി
തന്നീടുവാൻ നീ ശരിക്കും കരുത്തൻ.

*യേശു:*

ഞാനേവമിച്ഛിച്ചിടുന്നെന്നതോർക്ക
സ്നാനപ്പെടുത്താനടുത്തെത്തിയാലും
ഞാനാഗ്രഹിക്കുന്നു നിൻ കൈകളാലേ
സ്നാനം ലഭിക്കാനതിന്നെന്തു വിഘ്നം?



www.malankaralibrary.com

*യോഹ:*

നിർബന്ധമെന്മേൽ ചുമത്തൊല്ല നാഥാ,
കാർക്കശ്യമേറുന്നതർത്ഥിച്ചിടൊല്ലാ.
നിൻ കൈകളാലിന്നു സ്നാനപ്പെടേണ്ടോ-
നിന്നിങ്ങു ഞാനാ, ണെനിയ്ക്കായതേകൂ.

ഉണ്ടിന്നു നിൻ കയ്യിലീപ്പാരിനെല്ലാം
വേണ്ടുന്നപോൽ ശുദ്ധിയേകുന്ന സോപ്പാ.
സർവ്വം വെളുപ്പിച്ചു സ്വായത്തമാക്കും
കയ്യാലെനിക്കും തരേണം വിശുദ്ധി.

*യേശു:*

ചോദിപ്പു ഞാനിന്നകക്കാമ്പിലേറ്റം
പ്രീതിപ്പെടും കാര്യമെന്നോർക്ക യോനാ.
വാദിച്ചു വിഘ്നം ചമയ്ക്കാതെ സ്നാനം
നീ തന്നു പൂർത്തീകരിച്ചാലുമെല്ലാം.

*യോഹ:*

വാടിക്കരിഞ്ഞോരു പുല്ലിൻ തലപ്പോ
മോടിക്കു കത്തുന്ന തീജ്വാല താങ്ങാൻ?
ആളുന്ന തീയേ വരായ്കെന്നടുക്കൽ,
കാരുണ്യമല്പം ചൊരിഞ്ഞാലുമെന്നിൽ.

*യേശു:*

ഞാനാദ്യമേ തന്നെ ചൊന്നെന്റെയിഷ്ടം
നീ ചാരെയെത്തിക്കുളിപ്പിക്കുകെന്നെ.
വിഘ്നപ്പെടുത്തായ്ക മംഗല്യഘോഷം;
തല്പം സുസജ്ജം; വരൻ ഞാനുമെത്തി.

*യോഹ:*

നിൻ നേർക്കുനോക്കാൻ ഭയക്കുന്നു വാനോർ-
വൃന്ദങ്ങളും; കണ്ണിനാന്ധ്യം ഭവിക്കാം
പാവം നരൻഞാൻ മഹാദുർബലൻ നിൻ
ചാരത്തു നില്ക്കാനുമോതായ്ക നാഥാ.



www.malankaralibrary.com

*യേശു:*

എന്നിച്ഛതള്ളുന്നതോർത്തിട്ടുവേണം
നിന്നുള്ളിലേറ്റം ഭയം വന്നുചേരാൻ.
സ്നാനാർത്ഥിയാമെന്നെ ദൂരെ ത്യജിച്ചാൽ
സാരാർത്ഥമാം ശാന്തിയുണ്ടോ ലഭിപ്പൂ?

*യോഹ:*

നിന്നാഗമത്തെ പ്രഘോഷിച്ചു ഞാനും
മുന്നേ യതാണീ ജനം വന്നുകൂടാൻ.
സ്നാനം നിനക്കിന്നു ഞാനേകിയാലോ,
നീ നാഥനോയെന്നവർക്കീഷലുണ്ടാം.

*യേശു:*

ഇന്നീ ജനം കാൺകെ സ്നാനപ്പെടും ഞാൻ
തന്നീടുമെൻ താതനെന്നുറ്റ സാക്ഷ്യം.
ഞാനേക പുത്രൻ, നിജപ്രീതി പാത്രം
ഞാ, നെന്നുമുണ്ടാം പിതാവിന്റെ സാക്ഷ്യം.

ആദം ജനിപ്പിച്ചരോഷം ശമിച്ചെൻ
താതൻ നരർക്കേകുമാലംബഹസ്തം
മദ്ധ്യസ്ഥകർമ്മത്തിനെത്തുന്നു ഞാ, നീ
കൃത്യം വഹിക്കാൻ ഭവാനും നിയുക്തൻ.

*യോഹ:*

ഞാനാരിതെന്തെന്നതോർക്കേണമല്ലോ,
ഹീനൻ നരൻ മണ്ണിൽ നിന്നുംപിറന്നോൻ.
നീയോ ജഗത്തിന്നു രൂപം കൊടുപ്പോൻ;
സ്നാനപ്പെടുത്താവതോ നിന്നെയീ ഞാൻ?

*യേശു:*

നീയോർക്കണം– മന്നിൽ ഞാനെന്തിനെത്തി,
ചോദിപ്പതെന്തിന്നു നിന്നോടുസ്നാനം
എൻ യാത്ര മദ്ധ്യത്തിലെത്തും *വഴിക്ക–
ല്ലിന്നിട്ടുകൊൾവാൻ നിയുക്തൻ ഭവാൻ താൻ.

---

* വഴിക്കല്ല്



www.malankaralibrary.com

*യോഹ:*

നീയെത്തിനില്ക്കും നദിക്കില്ല കെല്പെൻ
നാഥാ ഭവാനെ കരത്തിൽ ഗ്രഹിക്കാൻ.
ആകാശവും നിന്നെയുൾക്കൊള്ളുകില്ലാ
സ്നാനം നിനക്കീ ജലം നല്കുമെന്നോ?

*യേശു:*

യോർദ്ദാനിനെക്കാൾ തുലോം തുച്ഛമല്ലോ
മർത്ത്യാംഗനയ്ക്കുള്ള ഗർഭാശയം കേൾ.
ഞാനായതിൽത്തങ്ങി വാണിട്ടു തന്നെ-
യാണിന്നു യോർദ്ദാനിൽ സ്നാനത്തിനെത്തി.

*യോഹ:*

വിണ്ണിന്റെ സൈന്യങ്ങൾ നിമ്മുന്നിലെത്തി
നന്നേ വിറച്ചും ഭജിച്ചും വസിപ്പൂ.
നിന്നെക്കുളിപ്പിക്കുവാനെന്റെ കയ്യിൽ
വെള്ളം തൊടുമ്പോൾ വിറയ്ക്കും ഭയത്താൽ.

*യേശു:*

വാനിന്റെ സേനാവിഭാഗങ്ങളെല്ലാം
കാണുന്നു നിന്നെ മഹാഭാഗ്യവാനായ്.
എന്നമ്മതന്നുള്ളിൽ വാഴുമ്പൊഴേ ഞാൻ
നിന്നെച്ചിതംപോൽ നിയോഗിച്ചിതിന്നായ്

*യോഹ:*

നിൻ വീഥി നന്നായൊരുക്കുന്നതിന്നായ്
മന്നിൽ ജനിച്ചേനതും പൂർത്തിയാക്കി.
കാണാത്തദിക്കിൽ വസിക്കും മണാട്ടി-
യ്ക്കൂനം വരുത്താതെ വാക്കുംകൊടുത്തു.

നീ ചെന്നു പാണിഗ്രഹം ചെയ്തിടേണം
നീയാ മഹത്ത്വത്തിൽ വർദ്ധിച്ചിടേണം.
നീയിന്നു നിൻ ധർമ്മമേറ്റാലു, മെന്നാൽ
ഞാനില്ല സ്നാനം നിനക്കേകുവാനായ്



www.malankaralibrary.com

*യേശു:*

മുന്നോടിയായ് പാത സജ്ജീകരിച്ചു
എന്നോതിയല്ലോ ഭവാനെൻ സുഹൃത്തേ.
എന്നാലൊരുക്കം പ്രധാനം, ജലത്തിൽ
നിന്നോടു ഞാൻ സ്നാനമേല്ക്കുന്നതത്രേ.

വിശ്വാസമോടെന്നിലർപ്പിച്ചു നേത്രം
സുസ്നാനമേല്ക്കുന്ന മർത്ത്യർക്കു മേലിൽ
സംസിദ്ധമാകും പടച്ചട്ട, പോരിൽ
നാശം ഭവിക്കാതെ നിത്യം വസിക്കാൻ.

*യോഹ:*

താതന്റെ വാത്സല്യജാതനെൻകയ്യാൽ
സ്നാതനായ്ത്തീരേണ്ടതുണ്ടോ നിനച്ചാൽ?
താതൻ വസിക്കുന്നു നിന്നിൽ പ്രഭോ നീ
താതങ്കലല്ലോ വസിക്കുന്നു നിത്യം.

നീ ശുദ്ധിയേകുന്നു പൂജാരികൾക്കും
നീയാണഭിഷേകമേകുന്നവർക്കും.
നീയെന്തിനിത്തുച്ഛമാകും ജലത്താൽ
സ്നാനപ്പെടുന്നൂ വിശുദ്ധീകരിക്കാൻ?

*യേശു:*

ആദാമിനുള്ളോരു സന്താനമെല്ലാം
ആശിച്ചിരിപ്പൂ പുനർജ്ജന്മമാളാൻ.
തീർത്ഥം തളിക്കേണമെല്ലാർക്കുമിപ്പോൾ
ആദ്യം കുളിക്കേണമീ ഞാനതിന്നായ്.

*യോഹ:*

ഔന്നത്യമേറുന്നൊരാചാര്യർ പോലും
നൈർമ്മല്യമാർജ്ജിപ്പു നിൻ സോപ്പയാലെ.
മന്നോരഭിഷിക്തരാകുന്നു നിന്നാൽ
പിന്നെന്തിനീ സ്നാനമങ്ങേയ്ക്കു നാഥാ?



www.malankaralibrary.com

*യേശു:*

നീ വാക്കെനിക്കായുറപ്പിച്ച കന്യ
ഞാനന്തികത്തെത്തുവാനായ് കൊതിപ്പൂ.
സുസ്നാനമേകേണ്ടതുണ്ടായവൾക്കും
*പ്രസ്ഥാനവിഘ്നം വരുത്തായ്ക തോഴാ.

*യോഹ:*

ശക്തിക്ഷയം പെട്ട മർത്യൻ പ്രഭോ ഞാൻ
അഗ്നിപ്പടർപ്പെൻ കരത്തിന്നയുക്തം.
തീജ്വാലയാൽത്തീർത്ത നിൻ ദൂതനേകൻ
ആജ്ഞാനുസാരം തരും സ്നാനമോർത്താൽ.

*യേശു:*

വാനോരിൽ നിന്നല്ല ദേഹം ധരിച്ചേൻ;
സ്നാനം തരാനും സുരന്മാരയോഗ്യർ.
ആദത്തിൽ നിന്നിങ്ങുടൽ പൂണ്ടവൻ ഞാൻ;
ആദാത്മജൻ നീയുമേകേണ്ടു സ്നാനം.

*യോഹ:*

തോയാശയങ്ങൾ വിറയ്ക്കുന്നു നിന്റെ
ശോഭാന്വിതാസ്യത്തെ ദർശിച്ചിടുമ്പോൾ;
പേടിച്ചുതുള്ളുന്നു യോർദ്ദാൻ ജലം; ഞാൻ
ഭീരുത്വമാളുന്നിതെല്ലാം നിനയ്ക്കെ

*യേശു:*

വെള്ളത്തിനും ശുദ്ധി കൈവന്നുകൊള്ളും
വെള്ളത്തിൽ നീയെന്നെ മുക്കിക്കഴിഞ്ഞാൽ.
പ്രാപിക്കുമാത്മാവുമെൻപക്കൽനിന്നും
സാഫല്യമേവം നദിക്കും ലഭിക്കും.

*യോഹ:*

നിന്നഗ്നിയോടേറ്റുമുട്ടിക്കഴിഞ്ഞാ-
ലിന്നഗ്നി പഞ്ഞിക്കുതുല്യം നശിക്കും
സീനായിശൈലം വഹിക്കില്ല നിന്നെ
ഞാനേഴ, യിക്കർമ്മമേകാനയോഗ്യൻ.

---

* വഴിമുടക്ക്



www.malankaralibrary.com

*യേശു:*

ഞാനഗ്നിതന്നെ നിനച്ചാൽ, നരർക്കു–
ള്ളാതങ്കമാറ്റാൻ വെറും പൈതലായി,
കന്യോദരേ വന്നുജന്മം വരിച്ചു,
ഇന്നേല്ക്കണം സ്നാനമീയാറ്റിൽ നിന്നും.

*യോഹ:*

എല്ലാറ്റിനും ശുദ്ധിയേകുന്നകയ്യാ–
ലെന്നെ ബ്ഭവാൻ താൻ കുളിപ്പിക്കയുക്തം
പങ്കങ്ങളെല്ലാം വിശുദ്ധീകരിക്കും
നിങ്കൽ, കുളിക്കെന്തുപിന്നെ പ്രസക്തി?

*യേശു:*

സ്നാനം നിനക്കേകി പണ്ടമ്മ ഗർഭ–
സ്ഥാനത്തുനിന്നെച്ചുമന്നപ്പൊഴേ ഞാൻ.
നീയിന്നെനിക്കേക, യോർദ്ദാനിൽ സ്നാനം
ന്യായങ്ങളൊന്നും കഥിക്കേണ്ട തോഴാ.

*യോഹ:*

സ്വാതന്ത്ര്യമേവർക്കുമേകും മഹേശാ
ദാസോഹമത്യന്ത ദൗർബല്യപാത്രം
നിൻപാദുകത്തിന്റെ വാറൊന്നഴിക്കാ–
നെൻ പാണിചേരില്ല; ശീർഷം തൊടാനും.

*യേശു:*

ദാസർക്കു സ്വാതന്ത്ര്യമെൻ സ്നാനമേകും;
പോകും കടം സർവ്വമെൻ ക്ഷാളനത്താൽ.
തോയത്തിലും വീഴുമെൻ മുദ്ര, യെന്നാൽ
പാഴാകുമീ സ്നാനമില്ലെങ്കിലെല്ലാം.

*യോഹ:*

യോർദ്ദാനുമേലുള്ള വായുക്കൾ പോലും
മായാത്ത ശോഭാംബരം ചാർത്തി നില്പൂ
വേണെങ്കിലീസ്നാനമേകും പ്രപഞ്ചം,
നീയല്ലയെങ്കിൽ സ്വയം സ്നാതനാകു.



www.malankaralibrary.com

*യേശു:*

സംഭീതി നീയാർന്നു ദൂരത്തു നിന്നാ-
ലെൻചാരെയെത്താൻ മടിക്കും ജനങ്ങൾ
ദൈവാത്മജൻ തന്നെ ശങ്കിക്കുമാൾക്കാർ
ലേവീസുതൻ വന്നു സ്പർശിച്ചിടായ്കിൽ

*യോഹ:*

നീ തന്നെ പുത്രൻ, പിതാ, പാവനാത്മാ
നിന്നിൽ വസിക്കുന്നു ത്രിത്വൈക ദൈവം
ആരോടു പ്രാർത്ഥിച്ചു സ്നാനപ്പെടുത്തും
മൂലോകനാഥാ ഭവാനെജ്ജലത്താൽ.

*യേശു:*

മൗനത്തിനാൽ മുദ്രവയ്ക്കും ജപത്തിൽ
താതൻ വിശേഷിച്ചൊരർത്ഥം കൊടുക്കും.
കൈവയ്ക്കനീയെന്നിലപ്പോൾ പിതാവീ
ജാതന്നു വേണ്ടുന്നതുച്ചത്തിലോതും.

*യോഹ:*

തീരത്തുനില്ക്കും ജനക്കൂട്ടമെല്ലാം
നിൻവേളി കാണാൻ വിരുന്നിന്നണഞ്ഞോർ.
നീ തന്നെയല്ലോ ക്ഷണക്കത്തയച്ചു
ഞാനോ വെറും നാദ, മാ വാക്കു നീ താൻ.

*യേശു:*

കാട്ടിൽ മുഴങ്ങും മഹാനാദമേ നീ
പൂർത്തീകരിച്ചാലുമാ ദിവ്യദൗത്യം.
കൊയ്യട്ടെയിക്കാനനം നിന്റെ കർമ്മം
പെയ്യും ഫലം; നീ വിളിച്ചോതിടുംപോൾ.

*യോഹ:*

വാനോർ ഗണം പാടുമാനന്ദഗീതം
കാതിൽ പതിക്കുന്നു കേൾക്കുന്നതില്ലേ?
ആകാശവ്യൂഹം പ്രഘോഷിപ്പു നിന്റെ
സ്ഥാനാപദാനം ജഗജ്ജീവദാതാ.



www.malankaralibrary.com

*യേശു:*

പോകുന്നു നേരം, വിരുന്നിന്നണഞ്ഞോർ
കാണാൻ തിടുക്കത്തിൽ നോക്കുന്നിതെന്നെ.
നീ വന്നു സ്നാനം തരൂ വേഗ, മപ്പോൾ
താതൻ വചിക്കും, സ്തുതിക്കും ജനങ്ങൾ.

*യോഹ:*

നിന്നാജ്ഞ പോലിന്നു ചെയ്യാം പ്രഭോ ഞാൻ
വന്നാലുമീസ്നാനഘട്ടം മനോജ്ഞം
സ്നേഹാതിരേകം നിമിത്തം ഭവാനീ
യൂഴിക്കു ചേരും വിധം വ്യാപരിപ്പൂ

പൂഴിപ്പരപ്പിന്നു നിന്നെ സ്തുതിപ്പൂ
പാരിന്നു സ്രഷ്ടാവിനേകുന്നു പൂജ.
ആഴങ്ങളിൽ നിന്നു കോരുന്ന വെള്ളം
വ്യോമാധിനാഥന്നു സ്നാനം തരുന്നൂ

(പഞ്ചചാമരം)*

സമസ്തലോകവും തരിച്ചുനിന്നുപോയി യോർദനാൻ-
നദീജലത്തിലൂഴിതൻ മണാളനങ്ങു മുങ്ങവേ.
അവന്റെ മെയ്യിൽനിന്നുയർന്നുചുറ്റിലും പരന്നൊരാ
പ്രകാശധാരയിൽക്കുളിച്ചു ഭൂമിയും വിഹായസും

തുറന്നിതാ വിശാലസ്വർഗവാതിലും പിതാവുതൻ
സ്വരം മുഴങ്ങികാതുകൾക്കു ജീവനാമൃതോപമം:
'എനിക്കു പ്രീതിയേറിടും കുമാരനേകനാണിവൻ
നമിക്കു നിങ്ങൾ പുത്രനെസ്സമസ്ത ഭൂതലങ്ങളേ'

നിരന്നുനിന്ന കാണികൾക്കു വിസ്മയം പകർന്നു കൊ-
ണ്ടിറങ്ങി വിണ്ണിൽ നിന്നു റൂഹ വെൺപിറാവു പോലവേ.
മഹോന്നതൻ സുതന്നു സാക്ഷ്യമേകി താതനാത്മനും
മഹീതലം വിഹായസ്സും തെളിഞ്ഞവന്റെ ശോഭയിൽ

---

* ഒരിക്കലീജഗത്തെയും ജഡത്തെയും പിരിഞ്ഞുനാം (ലോകമേയാത്ര) - എന്നരീതി



www.malankaralibrary.com

# VII

# കള്ളനും മാലാഖയും

*(വക്രതവൃത്തം)**

*പല്ലവി*

കുരിശിന്മേൽ തിരുനാഥൻ–പിടയുന്ന മുഹൂർത്തത്തി–
ലൊരുകള്ളൻ വലംഭാഗ–ത്തിതുവിധം വിളിച്ചോതി
'സ്മരിക്കേണമടിയനെ–ത്തവരാജ്യമണയുമ്പോൾ
ഒരിക്കലുമറുതിയി–ല്ലാത്ത നിന്റെ ഭവനത്തിൽ'

*അനുപല്ലവി*

സ്തുതിനാഥാ നിനക്കെന്നും – ഒടുവിൽ നീ വരുന്നേരം
ഗതിയറ്റ പാപികൾക്കു– മഭയം നീ നല്കുമല്ലോ
പറുദീസ പരലോക– ത്തതിനുള്ള പ്രതിരൂപം
തിരുസ്സഭ, യവൾ നല്കു– ന്നഭയം പാപികൾക്കെല്ലാം.

*ചരണം*

തിരുടന്റെയപേക്ഷകേ– ട്ടലിവുള്ളിൽ പൂണ്ടു ദൈവ–
തനയൻ തൻ വലത്തുള്ള– കുരിശിന്മേൽ മിഴിചേർത്തു.
സ്മരിക്കേണമെന്നെയെന്ന വിലാപം കേട്ടവനുള്ളിൽ
കനിവിന്റെയരുവിയൊ– ന്നതിവേഗമുറപൊട്ടി.
'ശരിക്കെന്നെതിരിച്ചറി– ഞ്ഞൊഴുക്കുമീക്കണ്ണുനീർ ഞാൻ
ഗണിക്കുന്നൂ വിലയേറും– മണിക്കല്ലു കണക്കിനേ.
നിനക്കെന്നോടൊപ്പമിന്നെൻ– മഹത്ത്വത്തിൽ പങ്കുപറ്റാം
വസിക്കാം ശാശ്വതോദ്യാന– പ്പറുദീസയുടെ മദ്ധ്യേ.
അവിടെക്കാവലാളായു– ണ്ടൊരു ദൂതൻ നീയവനെ
കുരിശിന്റെയടയാളം– കാട്ടിയാലുൾപ്രവേശിക്കാം.
ഒരു ദിനം പുറത്തായോ– രാദിമർത്ത്യനാദവുമീ
കുരിശാലെയതിനുള്ളിൽ– തിരിച്ചെത്തി നിവസിക്കാം'
ഗുരുവിന്റെ മൊഴിയേവം– കേട്ടു വാനദേവവൃന്ദം
അതു പേടകത്തിലാക്കി– മുദ്രവച്ചു കള്ളനേകി.

---

* സഭാപ്രവേശം തുള്ളലിലെ 'നമസ്തേവിഘ്നരാജാവേ
നമസ്തേവിശ്രുതാത്മാവേ' എന്ന രീതി.



www.malankaralibrary.com

കുരിശിന്റെ വചന- ങ്ങളടച്ച പേടകവുമായ്
പറുദീസപ്പടിയ്ക്കൽപ്പോ- യവൻ നിന്നു പെരുങ്കള്ളൻ.
അവനെയാപ്പടിക്കൽ ത്താൻ- തടഞ്ഞു കാവൽനില്ക്കുന്ന
സുരദൂതപ്പെരുമാളീ- വിധം ചോദ്യം തുടങ്ങിനാൻ.

(കാകളി)*

*മാലാഖ:*

ആരാണുനീയെന്നുചൊല്ലുക ദിവ്യമീ-
യാരാമവാതില്ക്കൽ നിന്നെയയച്ചതാർ?

*കള്ളൻ:*

ആരാണുഞാനെന്നുമെന്നെയീത്തോട്ടത്തി-
ലാരയച്ചെന്നും പറയാം ക്ഷമിക്കുക.
ഞാനൊരു കള്ളൻ, കുരിശിൽ മരിച്ചനിൻ
നാഥനാണല്ലോ പറഞ്ഞിങ്ങുവിട്ടതും.

*മാലാഖ:*

ഭീതിപ്പെടുത്തുന്നൊരിസ്ഥലത്തെത്തുവാൻ
ഏതൊരാൾ മാർഗം പറഞ്ഞുതന്നൂ സഖേ:
ആരധികാരം നിനക്കുതന്നഗ്നിതൻ
സാഗരം താണ്ടിയിവിടെ വന്നെത്തുവാൻ?

*കള്ളൻ:*

സ്വർഗ്ഗേശപുത്രന്റെയുഗ്രാധികാരമാ-
ണിക്കരയ്ക്കെന്നെക്കടത്തിയതോർക്കണം.
കുമ്പിട്ടു ഞാനാ കൃപയ്ക്കു മുമ്പിലൊരു
വമ്പനുമെന്നെത്തടഞ്ഞില്ല വീഥിയിൽ.

*മാലാഖ:*

നീ തന്നെ മുമ്പേ പറഞ്ഞതുപോലൊരു
ചോരനാകുന്നു നീ നീചൻ തിരസ്കൃതൻ.
മോഷണം ചെയ്യുവാൻ തക്കതല്ലിസ്ഥലം
പോകണം വേഗം തിരിച്ചു നിൻനാട്ടിൽ നീ.
മുള്ളുവേലിക്കുള്ളിൽ നല്ല വാളും പിടി-
ച്ചുണ്ടൊരാൾ കാവല്ക്കു കാണുന്നതില്ലയോ?

---

* ഇന്നുഞാൻ നാളെനീ – എന്ന രീതി.



www.malankaralibrary.com

*കള്ളൻ:*

കള്ളനായ് വാണവൻ തന്നെ ഞാനെങ്കിലും
ഇന്നു മാറ്റം വന്നു വേറൊരാളായി ഞാൻ.
മോഷണമല്ലെന്റെ ലക്ഷ്യം- പരലോക
വാതിൽതുറക്കുന്ന ചാവിയുണ്ടെൻവശം.

*മാലാഖ:*

എത്ര ഭയങ്കരമിസ്ഥല, മഗ്നി തൻ
ഭിത്തിയുണ്ടിപ്രദേശത്തിന്നുചുറ്റിലും
വെട്ടിത്തിളങ്ങുന്നവാളുമായ്ക്കാവലാൾ
ചുറ്റുന്നു; നീയിങ്ങുവന്നതാണത്ഭുതം!

*കള്ളൻ:*

ഭീകരം തന്നെയിത്തോട്ട, മെന്നാൽ ക്രൂശി-
ലേറി നാഥൻ തീർത്തു ഭീതി സമസ്തവും.
വേദനയാനന്ദമായവൻ തീർക്കയാൽ
ഏതും ഭയമില്ലെനിക്കു നിൻ വാളിനെ.

*മാലാഖ:*

ആദം പടിക്കു പുറത്തായതിൽപിന്നെ
യാരുമിവിടെ കടന്നു വന്നിട്ടില്ല.
മാനവർക്കെന്നും നിരോധിതമിസ്ഥലം
ന്യായം പറയാതെ പോക പിന്നോട്ടു നീ.

*കള്ളൻ:*

ആദം പിഴച്ചതിൽ കോപിഷ്ഠനായ നിൻ
നാഥന്റെ കോപം ശമിച്ചുപോയിട്ടിനം.
ഏദന്റെ വാതിൽ തുറന്നിരിക്കുന്നു, നീ
പാഴിൽക്കയർക്കാതെ കാവലൊഴിഞ്ഞു പോ.

*മാലാഖ:*

ഒന്നോർക്കണം നീ, കളങ്കിതനാമൊരാൾ-
ക്കുള്ളിൽകടന്നുകൂടാത്തതാണിസ്ഥലം
ചെഞ്ചോരചിന്തും കൊലയാളിയാണു നീ
യിന്നാരു നിന്നെയെത്തിച്ചതീ വേ



www.malankaralibrary.com

*കള്ളൻ:*

ഒന്നോർക്കണം നീ, കളങ്കങ്ങൾ നീക്കുന്ന
മന്നവനിച്ഛിച്ചു ഞാനിങ്ങണയുവാൻ.
എന്നോടൊരുമിച്ചു ക്രൂശിതനായവൻ
ചെന്നിണം കൊണ്ടു കഴുകി പാപക്കറ.

*മാലാഖ:*

മർത്ത്യാ പുറത്തുകടക്ക, തർക്കിക്കാതെ-
യിത്തോപ്പിൽ നിന്റെ വംശം പ്രവേശിക്കാതെ
ജീവന്റെ വൃക്ഷത്തെ രക്ഷിച്ചുകൊള്ളുവാൻ
വാളുമായെന്നെ നിറുത്തി സർവ്വേശ്വരൻ.

*കള്ളൻ:*

പോക പുറത്തുനീ ദൂത, ഗാഗുൽത്തായിൽ
തൂങ്ങുന്നു ജീവവൃക്ഷത്തിൻ ഫലം ദൃഢം.
ഇല്ല തടസ്സമിനിമേൽ നരന്മാർക്ക്
നല്ലൊരീത്തോട്ടത്തിലെത്തി വസിക്കുവാൻ.

*മാലാഖ:*

ആദവും ഹവ്വയും ചേർന്നു വരുത്തിയ
പാപക്കടം മാഞ്ഞു പോകുന്നതെങ്ങനെ?
ശിക്ഷ വിധിച്ചാണവരെ പുറന്തള്ളി-
യിക്ഷിതിതൻ മുള്ളിൽ മേഞ്ഞലഞ്ഞീടുവാൻ.

*കള്ളൻ:*

ആ ശിക്ഷ നിൻ നാഥനേറ്റെടുത്തു ദൂതാ
ക്രൂശിൽക്കടംതീർത്തു മോചിച്ചു ഞങ്ങളെ.
ചങ്കിൽനിന്നുറിയ രക്തവും വെള്ളവും
കൊണ്ടു രചിച്ചു പുതിയോരുടമ്പടി.

*മാലാഖ:*

ആദത്തെയിത്തോപ്പിൽനിന്നുമോടിച്ചതാ-
ണേതും വഴിയില്ലകത്തുകടത്തുവാൻ;
കാവലായ് ചുറ്റിക്കറങ്ങുന്ന വാളുണ്ടു
ചാരെയെങ്ങാനുമവൻ പദമൂന്നിയാൽ.



www.malankaralibrary.com

*കള്ളൻ:*

ദൂരെ പരിത്യക്തനായപുത്രൻ, തന്റെ
താതന്റെ വീട്ടിൽ തിരിച്ചെത്തി നിർണയം.
കണ്ടെത്തി നഷ്ടമാമാടിനെയാരാഞ്ഞു
കണ്ഠത്തിലേറ്റിയിടയൻ വരുന്നിതാ.

*മാലാഖ:*

നേരോ? പുതുമകൾ കാണുന്നിതേറെ ഞാൻ
വേറോരു പാതയിത്തോപ്പിൽ തെളിയുന്നു.
എങ്കിലുമാദം കടന്നുപോംകാൽപ്പാടു
കണ്ടിടാം, പ്രത്യാഗമിച്ചുമില്ലിത്രനാൾ.

*കള്ളൻ:*

നിന്റെ കർത്താവാകുമേശുവൊരു പുതു-
ബന്ധമാദത്തോടുടമ്പടി ചെയ്തിതു.
പാതാളമുക്തമായ് മർത്യവംശം, മുമ്പേ
വാതിലവർക്കായ് തുറക്കുവാൻ വന്നു ഞാൻ.

*മാലാഖ:*

മാലാഖയാണു ഞാ, നെൻ മേഖലയ്ക്കുള്ളി-
ലാരാണനുവാദമെന്യേ വരുന്ന നീ?
അഗ്നിശൈലത്തെയതിക്രമിക്കാനൊരു
മർത്യനു ധിക്കാരമേറി വരികയോ?

*കള്ളൻ:*

നിൻ തോഴനാണുഞാൻ നമ്മൾക്കു രണ്ടിനും
ഒന്നുതന്നെ നാഥനെന്നറിഞ്ഞീടുക.
ആയവനുണ്ടു നിന്നെക്കാളധികാര,
മാകയാലിന്നു ഭയപ്പെടുന്നില്ല ഞാൻ.

*മാലാഖ:*

ആർക്കും വരാവുന്ന ദേശമല്ലിങ്ങെടോ
'ഷെക്കീന' കാവലിൽമേവും സ്ഥലമിത്.
തീജ്വാലയാൽത്തീർത്ത വാളുണ്ടുചുറ്റിലും
ഓർക്കാതെയാപത്തിൽ വന്നുവീഴായ്ക നീ.



www.malankaralibrary.com

*കള്ളൻ:*

മൂർച്ചയാ വാളിനു പൊയ്പോയി, നീയിനി
യോർക്കേണ്ടൊരാളെത്തടഞ്ഞുനിർത്തീടുവാൻ.
ഏദന്റെ വാതിൽ തുറന്നു കുരിശിനാ–
ലേതുശക്തിക്കതടയ്ക്കുവാനാം ഇനി?

*മാലാഖ:*

വായിച്ചുകാണുകയില്ല നീയേദനിൽ
മാലാഖ വാളുമായ് കാവൽനില്ക്കുന്നതായ്
ആദിനരന്റെ വംശത്തിലൊരാളെയും
വാതിൽ കടത്തിവിടാതെയിരിക്കുവാൻ.

*കള്ളൻ:*

വായിച്ചുകാണുകയില്ല നീകർത്താവു
ഭുവിൽ മനുഷ്യജന്മം പൂണ്ടുവന്നതും
ത്യക്തനാമാദത്തെ ദൈവകോപം തീർത്തു
പുത്തനുടമ്പടി നല്കി രക്ഷിച്ചതും!

*മാലാഖ:*

ജീവവൃക്ഷം കാത്തുനില്ക്കുന്ന വാളിനെ
പ്പേടിച്ചു പോയതാണാദമെന്നോർക്കണം.
പേടിയില്ലാതെയവന്റെ മകനൊരാൾ
വാതില്ക്കലേക്കു വരാനൊരുമ്പെട്ടുവോ?

*കള്ളൻ:*

നിന്നെ വാളേല്പിച്ചകർത്താവുതൻ മുദ്ര–
യിന്നെന്റെ പക്കലുണ്ടെന്നതേ കാരണം!
വാളിൻ മുനയും മടങ്ങി ശിക്ഷയ്ക്കുള്ള
കാലവും തീർന്നു; തിരിച്ചാദമെത്തിടും.

*മാലാഖ:*

അഗ്നിമയന്മാരനേകവൃന്ദം കാത്തു
നില്ക്കുന്നു ചുറ്റമിത്തോപ്പിൽ ഭയാനകം.
ഈ മഹാസൈന്യത്തിനുള്ളിൽക്കടക്കുവാൻ
കേവലം മർത്ത്യന്നസാദ്ധ്യമെന്നോർക്കുക.



www.malankaralibrary.com

*കള്ളൻ:*

നീ ചൊന്ന സൈനികവൃന്ദം സമസ്തവും
ഭീതിയേലുന്നൂ കുരിശിനെ നോക്കവേ
പുത്രന്റെയീ മുദ്ര കണ്ടു വണങ്ങുവോർ
മർത്യനാമെന്നെയെതിരേറ്റു കൊണ്ടുപോം

*മാലാഖ:*

കർത്താവിൻമുദ്രയവന്റെ രഥത്തിലു-
ണ്ടുത്തമസിംഹാസനത്തിലുമുണ്ടത്.
ഞങ്ങൾക്കദൃശ്യമാണായവ; മർത്ത്യരാം
നിങ്ങൾക്കതെങ്ങനെ ദൃശ്യമായത്ഭുതം!

*കള്ളൻ:*

സ്വർഗീയമാകും രഥത്തിലുണ്ടാ മുദ്ര
യിക്കാൽവരിയിൽ കുരിശിലും; നോക്കുവിൻ.
സ്വന്തം നിണത്താലവൻ കുറിച്ചേദനിൽ
വീണ്ടുമാദത്തിന്നു പോകാനനുമതി.

*മാലാഖ:*

രക്തദല്ലാളേ, കൊലപാതകീ നിന്നെ-
യിത്തിരുമുറ്റത്തു കൊണ്ടുവന്നുള്ളതാർ?
ഖഡ്ഗമുറയിൽ നിന്നൂരിക്കഴിഞ്ഞുഞാൻ
ധിക്കാരമേറിയാൽ നിൻതല താഴെയാം.

*കള്ളൻ:*

രാജദല്ലാളേ നില മറന്നിങ്ങനെ
രാജഹിതത്തിനെതിരേ ചരിക്കാതെ.
കോപമടക്കി മിഴിതുറന്നീക്കുരി-
ശാരുടേതെന്നു സൂക്ഷിച്ചു നോക്കീടുക.

*മാലാഖ:*

നീ കൊണ്ടുവന്ന കുരിശജപുത്രന്റെ-
യാകയാൽ നോക്കുവാനാവില്ലെനിക്കതിൽ.
നിന്നെപ്പറുദീസതന്നിൽക്കടത്തുവാൻ
തന്നെയവനിച്ഛയെന്നറിയുന്നു ഞാൻ.



www.malankaralibrary.com

*കള്ളൻ:*

ഇക്കുരിശാലേ തകർത്തവൻ നമ്മൾക്കു
മദ്ധ്യത്തിലുള്ള മതിൽക്കെട്ടു സർവ്വവും.
കോപം ശമിച്ചു, സമാധാനകാലമായ്,
ശാപമൊഴിഞ്ഞൂ, തുറന്നൂ സുരപഥം.

*മാലാഖ:*

നിഗ്രഹിക്കപ്പെട്ട നാഥൻ സ്വരക്തമാം
മുദ്രയും ചാർത്തിയയച്ചു നിന്നെസ്സഖേ.
സ്വർഗ്ഗാവകാശി നീയുള്ളിൽക്കടക്കുക
തർക്കമില്ലെൻ വാളുപേക്ഷിച്ചിടുന്നു ഞാൻ.

*കള്ളൻ:*

വീട്ടിൽ നിന്നാട്ടിയിറക്കിയ ഞങ്ങൾക്കു
കിട്ടിയുത്ഥാനം, സുരലോകദൂതരേ
ആർത്തുല്ലസിക്കുക മർത്ത്യരോടൊത്തു, വ-
ന്നെത്തി നിങ്ങൾക്കുള്ള നാട്ടിലീ ഞങ്ങളും.

*മാലാഖ:*

ആദജന്മാരേ മഹാകൃപ നിങ്ങളോ-
ടാദിനാഥൻ കാട്ടിയെന്നു നിസ്സംശയം.
ഉള്ളിൽ വരാമിനിക്കള്ളാ മനസ്താപ-
മുള്ളോർക്കുവേണ്ടിത്തുറന്നിതാ ഗോപുരം.

*കള്ളൻ:*

കർത്താവു ഞങ്ങളോടുള്ള സ്നേഹം കൊണ്ടു
കാട്ടിയ വൻകൃപയോർത്തു വാഴ്ത്തീടുവിൻ.
വാനവർനിങ്ങളോടൊത്തണി ചേരുവാൻ
മാനവർക്കും തന്നു ഭാഗ്യം ദയാമയൻ.

*മാലാഖ:*

മർത്ത്യവംശത്തിലതീവ വിനീതനാം
പുത്രനെൻ ഖഡ്ഗം തിരിച്ചുമേടിക്കയാൽ
നിന്ദിതർ പീഡിതരൊക്കെ ഭയംവിനാ
വന്നുകൊള്ളട്ടെ പറുദീസയിൽ മുദാ.



www.malankaralibrary.com

*കള്ളൻ:*

ഉന്നതത്തിൽ സ്തുതിയേദന്റെ നാഥന്
മന്നിൽ വിമുക്തനാം മർത്യനു ശാന്തിയും.
മണ്ണിനെ വിണ്ണോടിണക്കുന്ന പാലമേ
നന്ദി നിനക്കു കുരിശിലെ രക്തമേ.

(വക്രത)

നിനക്കു നന്ദിചൊല്ലുന്നു സമസ്തലോകകർത്താവേ
പിഴച്ചു ത്യക്തനാമാദം തിരിച്ചെത്തിനിൻ കൃപയാൽ.
കരുണയ്ക്കായപേക്ഷിച്ച തിരുടനായ് തുറന്നു നീ-
യടയ്ക്കപ്പെട്ടിരുന്ന നിഷ്കുടത്തിന്റെ കവാടങ്ങൾ.
ഒരു വാക്കാൽ പെരുംകള്ളൻ പറുദീസയ്ക്കകം പുക്കു
മൃതിപൂണ്ട പ്രതീക്ഷകൾക്കുയിരേകി, ഗൃഹം വിട്ടു-
പുറത്തായ നരനതിൽ തിരിച്ചെത്താൻ വരം നല്കി
കരുണയ്ക്കെന്നുമേ നന്ദി; തിരുനാമത്തിനു സ്തോത്രം!

● ●



www.malankaralibrary.com

# VIII
## ആകാശവും ഭൂമിയും

*(ശ്ലോകം)*

ആകാശം സ്തുതിയീശനേകണമതിന്നൊപ്പം സമാധാനമായ്
ഭൂലോകം കഴിയേണ, മിങ്ങനെ ഹിതം ദൈവത്തിനെന്നാകിലും
ഞാൻ ഞാനെന്നവർ തങ്ങളിൽ മദമിയന്നാഹന്ത തർക്കിപ്പതായ്
സാരജ്ഞൻ കവി കണ്ട ഭാവനയതീക്കാവ്യത്തിനാധാരമേ.

(കുറത്തി)

'എന്നിലാണു ദൈവരാജ്യം, വാനദൂതവൃന്ദം'
ഇങ്ങനെയാകാശമോതി ഭൂമിയോടൊരിക്കൽ.
ഭൂമിയതിനുത്തരമായ് ചൊല്ലി'യെന്നിലല്ലോ
മേവിടുന്നു തിരുസ്സഭ നീതിമാന്മാരെല്ലാം'.

*ആകാശം:*

എന്നിലവൻ വന്നിരിക്കും സിംഹാസനമുണ്ടേ
മുന്നിലണിനിരക്കുന്നു വാനവസഹസ്രം.

*ഭൂമി:*

വൃന്ദങ്ങളായ് ജനങ്ങളും വംശങ്ങളും വന്നു
വന്ദിക്കുന്ന കുരിശെന്നിലുന്നതമായ് നില്പൂ.

*ആകാശം:*

ദേവഹിതം ചെയ്യുവാനായ് പാഞ്ഞുനടക്കുന്ന
പാവകമൂർത്തികൾ വാനാരൂപികളുണ്ടെന്നിൽ.

*ഭൂമി:*

പാദസേവ നിരന്തരം ദേവനേകും കന്യാ-
വ്യൂഹമുണ്ടു സ്ത്രീപുമാന്മാരുണ്ടധികമെന്നിൽ.

*ആകാശം:*

ദീപ്തിപരിവേഷമോടാത്തോരണയുന്നേരം
കാത്തുമുന്നിൽ ദൂതഗണം യാത്ര ചെയ്യുന്നെന്നിൽ

*ഭൂമി:*

എണ്ണമറ്റ പുരോഹിതർ ദിവ്യരഹസ്യങ്ങൾ
വന്നുപരികർമ്മം ചെയ്യുമൾത്താരയുണ്ടെന്നിൽ.



www.malankaralibrary.com

*ആകാശം:*

മിന്നലൊളി ചൊരിയുന്ന സെറാഫുകളെന്നിൽ
പാഞ്ഞിടുന്നവർണ്ണ്യമായ വേഷഭൂഷ ചാർത്തി.

*ഭൂമി:*

നിർമ്മല ഭൂഷകൾ ചാർത്തി ആയിരങ്ങളെന്നിൽ
നിന്നു പരിശുദ്ധനെന്നു പാടിടുന്നു നിത്യം.

*ആകാശം:*

കാന്തിചിന്തും ഗോളങ്ങളും താരകളുമെല്ലാം
സന്തതം വിളങ്ങിടുന്നതെന്നിലല്ലോ പാർത്താൽ.

*ഭൂമി:*

ശാന്തശീലർ വിനീതന്മാർ നീതിമാന്മാരെല്ലാം
സന്തതം വസിച്ചിടുന്നതെന്നില്ലോ പാർത്താൽ.

*ആകാശം:*

എന്നിലല്ലോ ഭക്തിപൂർവ്വം കാവൽദൂതർ നില്പൂ

*ഭൂമി:*

എന്നിലല്ലോ പ്രവാചകർ പ്രീതിനേടി വാഴ്വൂ.

*ആകാശം:*

കീഴിലഗ്നിവഴിയും സിംഹാസനമുണ്ടെന്നിൽ

*ഭൂമി:*

ഏറെ രക്ഷയൊഴുക്കുമൾത്താരയുമുണ്ടെന്നിൽ.

*ആകാശം:*

നിന്നിലെ നിവാസികൾ നടുങ്ങി വിറകൊള്ളും
മിന്നലുമിടികളുമെൻ കൈവശമുണ്ടോർക്ക.

*ഭൂമി:*

നിന്നിലെ നിവാസികൾക്കും സൈ്വരമില്ലാതാക്കും
മന്നിൽനിന്നുയർന്നിടുന്ന പ്രാർത്ഥനകളോർക്ക.

*ആകാശം:*

കാലുകളില്ലാതെ സഞ്ചരിച്ചിടുന്ന മിന്നൽ
പ്പാളികളിറങ്ങിടുന്നുണ്ടെന്നിൽ നിന്നും താഴെ.



www.malankaralibrary.com

*ഭൂമി:*

പക്ഷമില്ലാതുയരത്തിൽ പറക്കുന്ന സ്നേഹ-
കൃത്യശതമെന്നിൽ നിന്നുയർന്നിടുന്നു മേലേ.

*ആകാശം:*

പാരിനെന്നും കുളിർമ്മയായ് ദാഹജലമായി
മാരി ചൊരിഞ്ഞിടുന്നതുമാരു ഞാനല്ലാതെ?

*ഭൂമി:*

ഞാനുയർത്തുമുപവിതൻ കർമ്മമല്ലോ താങ്കൾ
വാനിലെന്നും നിധിയാക്കി കാത്തുസൂക്ഷിക്കുന്നു.

*ആകാശം:*

പാരിലെന്നും കായ്കനികൾ വന്നു വിളഞ്ഞീടാൻ
വാനിൽ നിന്നും മഞ്ഞുതുള്ളി ഞാൻ പൊഴിപ്പതല്ലേ?

*ഭൂമി:*

സർവ്വനാഥനുള്ള കോപം തീർന്നു നിരപ്പാകാൻ
ഉർവ്വിയാം ഞാനല്ലയോ ചൊരിഞ്ഞിടുന്നു കണ്ണീർ.

*ആകാശം:*

നീരുറവ ജലധാരയെന്നിവ കൂടാതെ
മാരിയെ വഹിപ്പതെന്റെ മേഘജാലമല്ലേ?

*ഭൂമി:*

പുരുഷന്റെ സംഗമമില്ലാതെയൊരു കന്യ
പാരിലല്ലോ ഗർഭിണിയായ് പുത്രദാനം ചെയ്തു!

*ആകാശം:*

എന്നിലല്ലോ ശാശ്വതമാം ജീവിതമെല്ലാർക്കും.

*ഭൂമി:*

എന്നിൽനിന്നു മാഞ്ഞുപോയിട്ടില്ല മൃതരാരും.

*ആകാശം:*

എന്നിലുണ്ടു സെറാഫുകൾ പാപമേശാതുള്ളോർ.

*ഭൂമി:*

പൂർണരായ നസ്രായന്മാരെന്നിലല്ലോ ചൊൽക.



www.malankaralibrary.com

*ആകാശം:*

ശാശ്വതരാം വാനവന്മാരെന്നിലല്ലോ പാർപ്പു.

*ഭൂമി:*

രക്തസാക്ഷിരക്തമെല്ലാമെന്നിലല്ലോ കാണ്മൂ.

*ആകാശം:*

ദുഷ്ടഹിംസ ചെയ്തിടുന്ന മാലാഖായുണ്ടെന്നിൽ.

*ഭൂമി:*

ദുഷ്ടരെയും ശിഷ്ടരാക്കും നല്ലവരുണ്ടെന്നിൽ.

*ആകാശം:*

എന്നിലൂടെ മണവാളമന്ദിരത്തിൻ പാത.

*ഭൂമി:*

എന്നിലുണ്ടു സ്വർഗത്തിന്റെ ചാവിയേന്തും മർത്യൻ.

*ആകാശം:*

ജീവനുള്ളൊരഗ്നിയെ വഹിക്കുവോരുണ്ടെന്നിൽ.

*ഭൂമി:*

ആയതിനെ ഭക്ഷ്യമാക്കി മോദിപ്പോരുണ്ടെന്നിൽ.

*ആകാശം:*

എന്നിലുണ്ടു പേറുവോർക്കു മാനമേറ്റുമഗ്നി.

*ഭൂമി:*

എന്നിലുണ്ടശിക്കുവോർക്കു ജീവനേകും യാഗം.

*ആകാശം:*

കാണുവോർക്കു ഭീതിയേറ്റും തീനദിയുണ്ടെന്നിൽ.

*ഭൂമി:*

പാനം ചെയ്താൽ രക്ഷനൽകും കാസയുമുണ്ടെന്നിൽ.

*ആകാശം:*

പാപിയെക്കരിച്ചിടുന്ന ജ്വാലയെന്നിലുണ്ട്.

*ഭൂമി:*

പാപിയെ വിശുദ്ധനാക്കും സ്നാനമെന്നിലുണ്ട്.



www.malankaralibrary.com

*ആകാശം:*

മോടിയേറുമാലയങ്ങളേറെയുണ്ടെൻനാട്ടിൽ.

*ഭൂമി:*

ആശ്രിതർക്കഭയമേകും ക്രൂശുണ്ടെന്റെ നാട്ടിൽ.

*ആകാശം:*

ആനന്ദം പൂണ്ടാർത്തു വിളിച്ചാരുമൊന്നു നോക്കും
ആകാശസിംഹാസന, മത്യുന്നതമുണ്ടെന്നിൽ.

*ഭൂമി:*

എൻ കിടാങ്ങൾക്കെന്നുമെന്നും ശുദ്ധിയേകിവാഴും
വൻകുരിശു നിന്നിടുന്ന മാമലയുണ്ടെന്നിൽ.

*ആകാശം:*

എന്റെ നാഥൻ ഗാഗുൽത്തായിലേറ്റ നിന്ദയെല്ലാം
കണ്ടുനില്ക്കാൻ ത്രാണിയില്ലാഞ്ഞർക്കനെയും മൂടി
ഞാനവനോടാദരവുകാട്ടിയാരാധിച്ചു
നീയതു മറന്നുപോയോ ഭൂതലമേ ചൊല്ക.

*ഭൂമി:*

ഞാനതിലുമേറെയവനാദരവു നല്കി
ദീനവിലാപം മുഴക്കിയെൻ വസനം കീറി.
മാമല കുലുങ്ങിയെന്നിൽ പാറകൾ പിളർന്നു
മ്ലാനമുഖം താഴ്ത്തി മിഴി പൊത്തി ഹാ ഞാൻ കേണു.
പ്രേതകുടീരം തുറന്നതിലുറങ്ങുന്നോരെ
നാഥനേറ്റ പീഡകളിൽ കേഴുവാനായ് വിട്ടു;
ജീവനുള്ളോരോടു ഞാൻ മനസ്തപിക്കാൻ ചൊല്ലി
പൂഴിയിൽ മറഞ്ഞവരെ മാഴ്കുവാൻ വിളിച്ചു.
ദുഃഖമറിയിക്കുവാൻ കറുപ്പുടുപ്പു ചാർത്തി
ഉത്ഥിതൻ ശുഭ്രാംബരമെനിക്കു നല്കുവോളം.

*ആകാശം:*

സ്വർഗത്തിൽ കരേറിയവൻ തന്നെനിക്കു മോദം.

*ഭൂമി:*

സൽക്കിരീടം ചാർത്തിയെന്നിലുത്ഥാനത്താൽ നാഥൻ.



www.malankaralibrary.com

*ആകാശം:*

എന്നിലെ സിംഹാസനത്തിൽതന്നെയവൻ വാഴ്വൂ.

*ഭൂമി:*

എന്നിലെയൾത്താരയിലവൻ വസിപ്പൂ നിത്യം.

*ആകാശം:*

പങ്കമേതും കലരാതെ ഖേദമിയലാതെ
തമ്പുരാൻ പുലർത്തിടുന്നു നിസ്തുലമായെന്നെ.

*ഭൂമി:*

ചാക്കുടുപ്പും ചാരവും ധരിച്ചു കേണോരെന്നെ
മേല്ക്കുമേൽക്കരുണകാട്ടി കൈപിടിച്ചുയർത്തി
തൻ സഭയാം മണവറയെന്നിലവൻ തീർത്തു
വന്നതിൽ വസിക്കുവാനായെന്നെയും ക്ഷണിച്ചു.
നല്ലവിഭവങ്ങൾ തന്റെ മേശയിൽ നിരത്തി
ഉന്നത വിരുന്നവൻ തരുന്നെനിക്കു നൂനം.
തന്റെ പാനഭാജനത്തിൽ രക്ഷയും കലർത്തി
തന്നിടുന്നു ഞാൻ കുടിച്ചു ദാഹമുക്തിനേടാൻ.
കാത്തിരിക്കയാണുഞാനവന്റെ വാഗ്ദാനങ്ങൾ
പൂർത്തിയാക്കുംകാലമോർത്തു നാഴികകളെണ്ണി.

*ആകാശം:*

പാപകർമ്മം ചെയ്യുകയില്ലെന്നിൽ വാണിടുന്നോർ
ഹീനകൃത്യം ചെയ്വിതെന്നും നിന്നിലുള്ള മർത്ത്യർ.
ദേവകോപം ജ്വലിപ്പിപ്പതില്ല വാനിലുള്ളോർ
പാവനനെ ധിക്കരിപ്പു മന്നിലുള്ളോരെന്നും.
ദൈവപിതാവിനെ മാത്രം കൈവണങ്ങും വാനോർ;
ഭൂവിലുള്ളോർ പൊന്നിനും ശിലയ്ക്കുമേകും പൂജ.

*ഭൂമി:*

വിഗ്രഹത്തെ വണങ്ങുവോരെന്നിലുണ്ടെന്നാലും
രക്തസാക്ഷിവൃന്ദങ്ങളുമൊട്ടധികമില്ലേ?
ദേവകോപം ശമിപ്പിക്കാൻ ചോരചിന്തുന്നോരെ
ദേവദേവനിഷ്ടമല്ലോ വാനവരെക്കാളും.



www.malankaralibrary.com

വൃത്തശുദ്ധി വിറ്റിടുന്ന മർത്ത്യരുണ്ടെന്നാലും
ശുദ്ധതയെ സ്നേഹിപ്പോരുമെത്രയുണ്ടിന്നെന്നിൽ.
സ്വത്തുനേടാൻ ചീത്തവഴി നോക്കുവോരുണ്ടെന്നാൽ
ആർത്തരിലലിഞ്ഞു സർവം ദാനം ചെയ്വോരില്ലേ?
തിന്മതന്നെ ചെയ്തിടുന്നോരെന്നിലുണ്ടെന്നാലും
നന്മമാത്രം ചെയ്തിടുന്നു ധന്യരുമിങ്ങില്ലേ?
അന്യധനം കൊള്ള ചെയ്വോരെന്നിലുണ്ടെന്നാലും
തന്നുടേതുമന്യനേകും ദാനശീലരില്ലേ?
ദുഷ്ടരുണ്ടിന്നെന്നി, ലെന്നാലായതിനെക്കാളും
ശിഷ്ടരുണ്ടു നീതിമാന്മാരുണ്ടധികമെന്നിൽ.
ലോഭികളെക്കാളുദാരശീലരാണധികം
ഭോജനക്കൊതിയരുണ്ടു, പവസിക്കുവോരും.
മദ്യപന്മാരുണ്ടധികമെങ്കിലുമതേക്കാൾ
നിത്യദാഹം നീതിക്കായ് സഹിക്കുവോരുമില്ലേ?
ചട്ടവും നിയമവും മറികടപ്പോരുണ്ട്;
കൃത്യമായ് പ്രമാണമെല്ലാം പാലിപ്പോരുമില്ലേ?
മൃത്യുവിൽ നിന്നുയിർപ്പിംല്ലന്നോർക്കുവോരുണ്ടെന്നാൽ
ഉത്ഥിതന്റെ വരവിനെക്കാത്തിരിപ്പോരില്ലേ?
സമ്പത്തിനായ് വഞ്ചതികൾ ചെയ്യുവോരുണ്ടെന്നാൽ
തൻ പ്രതിജ്ഞ കാക്കുവാൻ നശിക്കുവോരുമില്ലേ?
പ്രീതിസാത്താനേകിടുന്നോരുണ്ട, തിനെക്കാളും
പ്രീതി നാഥനേകിടാൻ സഹിക്കുവോരുമുണ്ട്.
നിത്യനരകത്തിനുള്ള വിത്തുകളുണ്ടെന്നാൽ
നിത്യരാജ്യം കൊതിക്കുന്ന ഭക്തരുമിങ്ങില്ലേ?
അഗ്നിയിൽക്കിടന്നെരിയാനർഹിപ്പോരുണ്ടെന്നാൽ
നിത്യജീവജലം കൈവിടാത്തവരുമുണ്ട്.
ശാശ്വതാന്ധകാരം സ്വന്തമാക്കുവോരുണ്ടെന്നാൽ
പ്രാജ്യകിരീടം ധരിക്കാൻ ഭാഗ്യമുള്ളോരുണ്ട്.
സ്വന്തസുഖഭോഗങ്ങളിൽത്തമ്പുരാനെ വിട്ടോ-
രുണ്ടധികം, ദാരിദ്ര്യത്തിൽത്തന്നെയുൾക്കൊണ്ടോരും.
ആനന്ദങ്ങൾ തേടി ദൈവകോപമേല്ക്കുന്നോരു-
ണ്ടാതങ്കത്തിൽത്തമ്പുരാനു പ്രീതിയേറ്റുന്നോരും.



www.malankaralibrary.com

*ആകാശം:*

തർക്കശാസ്ത്ര കുശലത നിനക്കുണ്ടു ഭൂമീ
നിർത്തുകനാ, മിനിയുമീ വ്യർത്ഥവിവാദങ്ങൾ.
സോദരിമാർ നമ്മൾ രണ്ടുമെന്നതോർത്തു തമ്മി-
ലാദരിക്കാം ശണ്ഠകൂടാതൊത്തുവാഴാം മേലിൽ.

(ശ്ലോകം)

ഭൂവിൽപിറന്നനരർ ദേവഗണങ്ങളൊത്തു
ദ്യോവിൽ വസിപ്പു കൃപയാലവർ സോദരന്മാർ.
ഏവംധരിച്ചൊടുവിലാക്കലഹങ്ങൾ നിർത്തി
മേവുന്നു ഭൂമിയിതുനാൾ ഗഗനത്തൊടൊപ്പം.



www.malankaralibrary.com

# IX

# ശരീരവും ആത്മാവും

(ശ്ലോകം)

കേട്ടാലും നരലോകമേ പ്രിയമെഴും ജ്യേഷ്ഠാനുജന്മാർ സ്ഥിരം
കൂട്ടായിക്കഴിയേണ്ടവർ കലഹമന്യോന്യം നടത്തുംകഥ.
പൂട്ടാനെത്തിയ കാളകൾക്കു സമമീയാത്മാവുമാ ദേഹവും
പാട്ടാണിന്നൊരുമിച്ചു ചെയ്ത പിഴകൾക്കന്യോന്യമാരോപണം.

(ഓമനക്കുട്ടൻ)*

*ദേഹം:*

ദേഹമോതുന്നു ദേഹിയോടെന്തു
ദ്രോഹം നിന്നൊടു ചെയ്തുഞാൻ?
കേവലം ജഡം നിർവ്വികാരം ഞാൻ
നോവു തീറ്റുന്നിതെന്നെ നീ.

*ആത്മാവ്:*

നീചദേഹമേ നീയനുഷ്ഠിച്ച
പാപമൊക്കെ മറന്നുവോ?
ചെയ്യരുതെന്നു ഞാൻ വിലക്കിയ
സർവ്വതിന്മയും ചെയ്തുനീ.

*ദേഹം:*

ഞാനറിഞ്ഞുകൊണ്ടല്ല ചെയ്തതെൻ
ദേഹിയെന്നിൽ ചലിക്കയാൽ
വന്നുപോയതാണൊക്കെയു, മതിൽ
ഖിന്നനാണുഞാനെന്നുമേ.

*ദേഹി:*

നിന്ദ്യദേഹമേ നീ സ്വയംചെയ്ത
തിന്മയാണവയൊക്കെയും;
ഘോരമാം നരകാന്തരത്തിലെ
പീഡനം നീ സഹിക്കണം.

* വിണ്ടുണങ്ങിവരണ്ട മാനസം
കണ്ടവിഷ്ണിൻ തടാകമേ – എന്ന രീതി.



www.malankaralibrary.com

*ദേഹം:*

വാനവും ഭൂവും തീർത്തവൻ നല്ല
ജ്ഞാനവും നിനക്കേകിനാൻ
തെറ്റു നിന്റെയാണാകയാൽ, ചെയ്ത
തൊക്കെ ഞാനറിയാതെ താൻ.

*ദേഹി:*

ദുഷ്ടദേഹമേ ശാപം! നീയല്ലോ
തെറ്റു സർവ്വവും ചെയ്തത്.
നീയതിന്റെ കടങ്ങൾ തീർക്കുക
തീ നരകത്തിൽ പോകുക.

*ദേഹം:*

ശക്തമാം ദൈവനീതി തന്മുന്നിൽ
ഞെട്ടുകാത്മാവേ ഭീതിയാൽ.
നീയൊഴുക്കിന ചോരയാലെന്തെൻ
മേനിയിൽ ചെളി പുശുവാൻ?

*ദേഹി:*

ജീവിച്ചീടുന്നു കർത്താവങ്ങനെ
ജീവിപ്പു തൻ വചനവും.
നിന്ദിച്ചിട്ടില്ല ഞാനവയെ, യെൻ
നിന്ദ്യദേഹമേ നീയെന്യേ.
സ്വേച്ഛയാ നിൻ വലത്തുകൈയ് ചെയ്തു
മ്ലേച്ഛകർമ്മം നിരന്തരം.

*ദേഹം:*

ദുഷ്ടമൂർത്തികളാം പിശാചുക്കൾ
ഒട്ടിച്ചേരുന്നു ദേഹിയിൽ;
കാൺക സംഹാരവ്യഗ്രമാമൊരു
ഖഡ്ഗവും നിന്റെ കൈകളിൽ;
ഹാ നിനക്കില്ല സർവശക്തന്റെ
പാണിയിൽ നിന്നു മോചനം.



www.malankaralibrary.com

*ദേഹി:*

ഞാൻ നിമിത്തമൊരു കളങ്കവും
ദേഹമേ ഭവിച്ചില്ല തേ
എൽസദ്ദായിതൻ നാമത്തിൽ, പുണ്യ-
മാർ അദ്ദായി തൻ നാമത്തിൽ
ആണയിട്ടൂഞാൻ ചൊല്ലുന്നൂ നിന്നെ
ഞാനധഃപതിപ്പിച്ചില്ലാ.

*ദേഹം:*

ഭാഷണം കൊണ്ടിനിയുമെന്നെ നീ
ഭോഷനാക്കാതിരിക്കണം.
പാപസാഗരം തന്നിൽ മുക്കിയെൻ
പ്രാണനും നീയെടുക്കൊലാ.

*ദേഹി:*

കർത്താവിൻ ദിവ്യസ്നേഹത്തീന്നെന്നെ
ത്തീർത്തകറ്റിക്കളഞ്ഞുനീ.
കൂരിരുട്ടിന്റെ താഴ്വരയിലും
ക്രൂരമായ്ത്തള്ളി വിട്ടല്ലോ.
സർവശക്തനെപ്പേടിയില്ലയോ
ഗർവ്വിയാമെന്റെ ദേഹമേ
നിന്ദ്യകർമ്മങ്ങൾ ചെയ്തു നീയഗ്നി
കുണ്ഡത്തിൽപ്പതിച്ചീടവേ.

*ദേഹം:*

എന്നയൽക്കാരനായ നീയൊഴി-
ഞ്ഞിന്നെനിക്കില്ല വൈരികൾ.
നന്മയാം ദൈവത്തിങ്കൽ നിന്നെന്നെ
യെന്നും ദൂരെ നിറുത്തി നീ.
എന്നിട്ടും യുദ്ധമെന്നോടിങ്ങനെ
യെന്തിനായ് തുടരുന്നു നീ.

*ദേഹി:*

ദ്രോഹമൊന്നും നിനക്കു ചെയ്തില്ല
ദേഹമേ ഞാനൊരിക്കലും.
നീ സ്വയമീക്കെടാത്ത തീയിൽച്ചെ-
ന്നാപതിച്ചതാണോർക്കുകിൽ.



www.malankaralibrary.com

ഹാ വരുന്നുണ്ടു നിന്റെമേൽ സർവ്വ
വേവലാതിയും ഭീതിയും.

*ദേഹം:*

ഹാ വെറും ജഡം കാഴ്ചയില്ലാത്ത
നിർവികാരമൺകട്ട ഞാൻ
തെറ്റുചെയ്യുവാനാവുകില്ലെനി-
ക്കൊട്ടുമേ സ്വന്തം ശക്തിയാൽ
പിന്നിൽനിന്നു നീ മൂകമായെന്നെ
തള്ളി വീഴ്ത്തിയീ രൂപത്തിൽ.

*ദേഹി:*

ഉർവ്വിപെറ്റതാം ഹീനദേഹമേ
സർവ്വമാലിന്യ രൂപമേ
നിന്നിൽ ചേർന്നുഞാൻ നിന്നില്ലെങ്കിലോ
നിന്ദ്യകർമ്മങ്ങൾ ചെയ്യുമോ?
ആകയാൽ തെറ്റു ചെയ്തുകൂട്ടിയ
പാപി നീ തന്നെയോർക്കെടോ.

*ദേഹം:*

ദുഷ്ടബുദ്ധിയാമാത്മാവേയെന്നെ
തെറ്റിലേക്കുന്തിയിട്ടു നീ
ദുർവ്വിധിക്കിരയാക്കി നീയെന്നെ
സർവ്വനാശത്തിൽ വീഴ്ത്തി നീ.

*ദേഹി:*

നാവടക്കി നീ കേൾക്കുമോ മമ
പാവനോക്തികൾ ദേഹമേ:
ചെയ്തുമില്ല ഞാൻ, പാപത്തിൻ സുഖം
കൊയ്തനുഭവിച്ചില്ല ഞാൻ.
ജീവനാകുമെൻ നാഥനിൽ നിത്യ-
ജീവനിൽ ഞാൻ വസിച്ചിടും.



www.malankaralibrary.com

*(നരനായിങ്ങനെ)*

തിരയടങ്ങാത്ത കടലുപോൽ തമ്മിൽ
കലഹമിങ്ങനെ തുടരവേ,
മലിനവാക്കുകളിരുവരും മുഖ-
ത്തെറിയവേ വാശി മുറുകവേ,
പരിശുദ്ധാത്മാവിൻ കതിരൊളി വന്നു
തെളികയായവർക്കകതാരിൽ.

കരുണതൻ നാഥാ കലഹമൊക്കെയും
അകലെയാക്കുവാൻ വരിക നീ
തരിക ശാന്തിതൻ വരമിവർക്കെന്നാ-
യിരുവരും കേണു തിരുമുമ്പിൽ.

നരകരാജന്റെ കെണിയിൽ വീണിവർ
പരമവൈരത്തിൽ കഴിയുന്നു.
ഇരുസഹോദരർ ദുര പെരുകിയ
നരികളായ് തമ്മിലിടയണോ?

ശമനമേകുന്ന ജനകനും തന്റെ
വിടുതലേകുന്ന തനയനും
സകലവന്ദ്യനാ മമല റൂഹിനും
സ്തുതിയും നന്ദിയുമവിരാമം.

ഉടലുമാത്മാവുമിടയുമ്പോളതിൻ
നടുവിൽ നിൻ ശാന്തി നിറയണം.
അവർ പരസ്പരം വസനമായ്ത്തീരാൻ
അവിടുന്നല്ലയോ വിരചിച്ചു?

ഭരണകർത്താക്കൾ, ഗുരുപുരോഹിതർ
കരുണയാൽ നരരഖിലർക്കും
സുഖസമാധാന വരമരുളി നിൻ
സഭയെയും പാലിച്ചരുളുക.



www.malankaralibrary.com

# X

# സഖറിയായും മാലാഖയും

*(മാവേലി)*

ഉത്സവം വന്നു പടിക്കലെത്തി
സോത്സാഹം സഖറിയായുമെത്തി.
ശുദ്ധിതൻ ശുദ്ധസ്ഥലത്തുതന്നെ
ശുദ്ധിതേടുന്ന ജനവുമെത്തി.
സാനന്ദം പാടുന്നു നിൻ സ്തുതികൾ
വാനവും ഭൂമിയും ചേർന്നു നാഥാ.

*(മഞ്ജരി)*

നാഥന്റെ സന്നിധിയെത്തി സഖേറിയാ
താനന്നു ദൈവികശുശ്രൂഷയിൽ.
പ്രാർത്ഥനാ ഗീതച്ചുരുളുകൾ പോലതാ
പേർത്തുമുയർന്നു സുഗന്ധധൂപം
സ്വപ്നമോ മായയോ ദിവ്യമാം ദൃശ്യമോ
കർത്താവിൻ മാലാകാ വന്നു നില്പു.
കോരിത്തരിപ്പിക്കും കാഴ്ചയാലന്നവൻ
പേടിയിൽ പെട്ടെന്നു വാടിവീണു.
സ്വർഗീയകാന്തിയിൽ മുങ്ങി വിളങ്ങിയ
സ്വർഗീയൻ ചാരത്തണഞ്ഞു ചൊന്നു.

*മാലാഖ:*

*(മാവേലി)*

ഒട്ടും ഭയം വേണ്ട സഖറിയാ
കേട്ടു കർത്താവുനിൻ പ്രാർത്ഥനകൾ.
ചേലിലവസരം വന്നുചേർന്നു
ചേലാർന്ന വാർത്തയും കൊണ്ടുവന്നു.

*(മഞ്ജരി)*

താവകകാന്തയാമേലീശ്വായൊത്തു നീ
ദൈവതിരുമുമ്പിൽ പ്രീതരായി



www.malankaralibrary.com

വൃദ്ധയാമത്തമ്പിയേകീടും പുത്രനെ
ദർശിച്ചു ധന്യരായ് വാഴും നിങ്ങൾ.
ആനന്ദമായീടുമാസുതനേവർക്കു-
മായവൻ മദ്യം തൊടുകയില്ല.
നാഥന്റെ നസ്രായനായവൻ തീർന്നല്ലോ
തായ തൻ ഗർഭത്തിൽ വച്ചുതന്നെ.
പാവനാത്മാവാലഭിഷിക്തനായവൻ
പാവനകാര്യങ്ങൾ ചെയ്തുതീർക്കും.
യോഹന്നാനെന്നഭിധാനത്താലാ മഹാൻ
നാഥന്റെ പാത തെളിച്ചുകാട്ടും.
എത്തിടും നാഥന്റെ മുമ്പിലായുന്നത-
ചിത്തനാം നിന്നുടെ ധീരപുത്രൻ.
ഇങ്ങനെ മാലാഖാതൻ വാക്കുകേട്ടപ്പോൾ
ശങ്കാകുലനായി സഖറിയാ.

*സഖറിയാ:*

‘സംഗതി ചൊന്നതു നല്ലതാണെങ്കിലും
എങ്ങനെ വൃദ്ധൻ ഞാൻ വിശ്വസിക്കും?
എൻ ഭാര്യയേലീശ്വാ വന്ധ്യയും വൃദ്ധയു-
മെന്നതു മാലാഖാ കണ്ടതില്ലേ?’

*മാലാഖ:*

മാലാഖ ചൊന്നപ്പോൾ: ‘കേൾക്കുക സഖറീ
മാമകസന്ദേശം സ്വീകരിക്കൂ.
കർത്താവിൻ കൈകളിലൊക്കെയും സാദ്ധ്യമാം
വൃദ്ധയും മച്ചിയുമമ്മയാകും’

*സഖറിയ:*

‘പെണ്ണിനെ മണ്ണോടുപമിച്ച ചൊല്ലുണ്ട്
വിത്തു വിതച്ചാൽ വിളവുനൽകും
പ്രത്യാശ കൊയ്ത്തിലില്ലാതേതു കർഷകൻ
വിത്തുവിതയ്ക്കും തരിശുമണ്ണിൽ?’

*മാലാഖ:*

എന്തെന്തു സംശയം! വിശ്വസിക്കില്ലേ നീ?
എൻ വാക്കു വിശ്വാസയോഗ്യമല്ലേ?



www.malankaralibrary.com

കർത്ത്യകരങ്ങൾക്കു സാദ്ധ്യമല്ലെന്നുണ്ടോ
സൃഷ്ടി, യില്ലായ്മയിൽ നിന്നുചെയ്യാൻ?'

*സഖറിയ:*

ഇല്ലില്ല, യിച്ചൊല്ലു വിശ്വസിക്കില്ല ഞാൻ
ഉള്ളം തുറന്നു ഞാൻ വ്യക്തമാക്കാം.
നന്നേ ചെറുപ്പത്തിലമ്മയാകാത്തവൾ
പിന്നെ വാർദ്ധക്യത്തിലമ്മയാമോ?

*മാലാഖ:* *(മാവേലി)*

വ്യക്തമായ് ചൊന്നു ഞാനാ രഹസ്യം
ശക്തനാം കർത്താവിൻ നിശ്ചയവും.
തർക്കിച്ചിടാതെ നീ കേൾക്കവേണം
തർക്കിച്ചവിശ്വാസം കാട്ടിയെന്നാൽ
എന്നെയയച്ചവൻ തൻവിധി നീ-
യിന്നു മാനിക്കാതിരിക്കയത്രേ.

*സഖറിയ:*

മൂത്തു മുരടിച്ച മാമരമോ
പൂത്തുതളിർത്തു ഫലം തരുന്നു?
ചൊല്ലേണ്ട നീയിദ്ദം പാഴ്മൊഴികൾ
ചൊല്ലും കഥയേവമാരു കേൾക്കാൻ.

*മാലാഖ:*

തെറ്റി നിനക്കെന്റെ സഖറിയാ
മറ്റു കഥകളിതുപോലുണ്ട്.
വേദഗ്രന്ഥത്തിലും കാണുന്നുണ്ട്
നാഥനീശൻ ചെയ്തോരത്ഭുതങ്ങൾ.

*സഖറിയാ:*

'കർത്താവിനേതുമെളുപ്പമെന്ന്
ബോദ്ധ്യമെനിക്കുണ്ട് ശങ്കവേണ്ട.
അക്കാലത്തായവ സംഭവിച്ചു
ഇക്കാലത്തങ്ങനെ സാദ്ധ്യമല്ല'



www.malankaralibrary.com

*മാലാഖ:* *(മഞ്ജരി)*

'അക്കാലം കർത്താവു ചെയ്തൊരു കാര്യങ്ങൾ
അക്കാലത്താവശ്യമെന്നുകണ്ടു.
ഇക്കാലത്തേലീശ്വാപുത്രനെ നൽകേണ്ട -
തൊക്കെയും കർത്താവിനാവശ്യംതാൻ'

*(മാവേലി)*

*സഖറിയ:*

'ഇത്തരം കാര്യങ്ങൾ പണ്ടുപണ്ടേ
സംഭവിച്ചെന്നു ഞാൻ കേട്ടിരിപ്പൂ
ഇന്നിതാ കാലം വളർച്ചയെത്തി
ഇന്നത്ഭുതങ്ങൾക്കു സ്ഥാനമില്ല'

*മാലാഖ:*

ലോകത്തിനാവശ്യമെന്നു കണ്ട്
ലോകൈകനാഥനയച്ചിതെന്നെ
ഞാൻ ചൊന്നകാര്യം നടന്നുകാണാൻ
ലോകമാകാംക്ഷയിൽ കാത്തിരിപ്പൂ'

*സഖറിയ:*

ഞങ്ങൾക്കു പണ്ടേ വിളവെടുപ്പിൻ
മംഗലകാലം കഴിഞ്ഞുപോയി.
പാറ്റിക്കൊഴിക്കുന്നകാലമിത്
വിത്തുവിതയ്ക്കുന്ന നേരമല്ല.

*മാലാഖ:*

വന്നെത്തി കൊയ്യുവാനുള്ള കാലം
എന്നു നീ ചൊന്നതു നേരുതന്നെ.
നീ കാണുമേലീശ്വാതൻസുതനെ.
നീയപ്പോളത്ഭുതസ്തബ്ധനാകും.

*(മഞ്ജരി)*

*സഖറിയ:*

കാണുന്നു ഞാനിന്നു നിന്നെ മഹത്വത്തിൽ
ഭൂമുഖത്താരും നിൻ തുല്യനല്ല



www.malankaralibrary.com

നീയെത്ര ദിവ്യമഹത്വത്തിൽവന്നാലും
നിൻ വാക്കെനിക്കു സ്വീകാര്യമല്ല'

*മാലാഖ:*

പിന്നോട്ടു നീയൊന്നു നോക്കണേ സഖറീ
ഒന്നബ്രഹാമിനെയോർത്തുനോക്കൂ.
താന്തനായ് പ്രായം കടന്നവൻ; സാറയോ
വന്ധ്യയെന്നാലും ജനിച്ചു പുത്രൻ.

*സഖറിയ:*

അബ്രാഹത്തെപ്പറ്റി നീ ചൊന്നകാര്യങ്ങൾ
വ്യക്തമായ് ഞാനുമറിഞ്ഞിരിപ്പൂ.
തന്റെ ജനത്തിനാ നന്ദനനെക്കൊണ്ടു
തമ്പുരാനുണ്ടായിരുന്നു കാര്യം.

*(മാവേലി)*

*മാലാഖ:*

തെറ്റി നിനക്കു നീ സഖറിയാ
കഷ്ടം നിൻ വിശ്വാസമെങ്ങുപോയി?
ശങ്ക നീയിങ്ങനെ നീട്ടിടാതെ
ഉണ്ടാകും തിന്മ നിനക്കതിനാൽ.

*സഖറിയ:*

എല്ലാമറിയുന്നു സർവ്വനാഥൻ
എല്ലാമവനു തെളിഞ്ഞുകാണാം.
എന്നാലുമീവാക്കു സ്വീകരിക്കാൻ
ഇന്നെൻ ഹൃദയമൊരുക്കമല്ല.

*മാലാഖ:*

ദമ്പതിമാർ നിങ്ങൾ രണ്ടുപേർക്കും
നല്ലൊരു പുണ്യനാളിന്നു വന്നു.
സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ
ഈ മകനുന്നതനായിരിക്കും.



www.malankaralibrary.com

*സഖറിയ:*

എത്ര മേലെന്നെ നീ കീഴ്പ്പെടുത്താൻ
നോക്കിയാലും ഞാൻ വഴങ്ങുകില്ല
വന്ധ്യത വാർദ്ധക്യമെന്നിവയാൽ
ബന്ധിതയേലീശ്വയെന്റെ പത്നി.

*(മഞ്ജരി)*

*മാലാഖ:*

ഓർത്തുനോക്കീടുക സാറായ്ക്കു കിട്ടിയോ-
രുത്തമദാനം നീ കാണ്മതില്ലേ?
വൃദ്ധയും മച്ചിയുമാണവളെങ്കിലും
കർത്താവവൾക്ക് സുതനെ നൽകി

*(മാവേലി)*

*സഖറിയ:*

ആരെന്റെ ബുദ്ധിയെ കീഴടക്കും?
ആരെന്റെ ശങ്കതൻ വേരറുക്കും?
കർത്താവിനൊക്കെയും സാദ്ധ്യമെന്ന്
തീർച്ചയെന്നാലും നിൻ വാക്കുപോരാ

*മാലാഖ:*

ഈ മട്ടിൽ സംശയം പാടില്ലല്ലോ
നീയെന്റെ വാക്കിന്നു വിശ്വസിക്ക
താവക പുത്രനെപ്പറ്റിയല്ലോ
പൂർവ്വികനേശയ്യാ ചൊന്നതോർത്താൽ.

*സഖറിയ:*

വാഗ്ദത്തപുത്രനു താതനാകാൻ
യോഗ്യനല്ലിന്നു ഞാനൊന്നുകൊണ്ടും.
എത്ര നീ വിസ്തരിച്ചോതിയാലും
വിശ്വസിക്കാനെനിക്കാവുകില്ല.



www.malankaralibrary.com

*(മഞ്ജരി)*

*മാലാഖ:*

അത്യുന്നതനു വഴിയൊരുക്കാൻ നിന്റെ
പുത്രൻ നിയുക്തനതുല്യഭൂതൻ
പശ്ചാത്തപിച്ചുതിരിച്ചുവരാനവൻ
മർത്ത്യക്കത്യുച്ചസന്ദേശമേകും

*സഖറിയ:*

ദേവാലയത്തിലേയ്ക്കെത്തിയതാണു ഞാൻ
ദൈവതിരുമുമ്പിൽ ധൂപമേകാൻ
ഇത്തരം വൃത്താന്തമൊന്നുമുൾക്കൊള്ളുവാൻ
ചിത്തത്തിലൊട്ടുമേ മോഹമില്ല.

*(മഞ്ജരി)*

*മാലാഖ:*

ഉച്ചത്തിൽ ഞാനൊരുവാർത്ത ചൊല്ലാം
അപ്പോൾ സ്വീകാര്യമാമെൻ മൊഴികൾ.
ഗബ്രിയേൽ മാലാഖയാകുന്നു ഞാൻ
ദൈവത്തെ സേവിച്ചു വാണിടുന്നോൻ.
തെല്ലുമെൻ സന്ദേശം കേട്ടുകൊൾവാൻ
ഇല്ലയോ താല്പര്യം വിശ്വാസവും?
പൊട്ടനും മൂകനുമായിടും നീ
പുത്രൻ നിനക്കു ജനിക്കുവോളം.
എൻവാക്കു പൂർത്തിയായ് വന്നിടുമ്പോൾ
നിന്റെയീവൈകല്യം മാറിക്കിട്ടും.
കാതിന്റെ വാതിൽ തുറന്നുകിട്ടും
നാവുമഴിയും സുതനണഞ്ഞാൽ.

*(മഞ്ജരി)*

മാലാഖാ ചൊല്ലിയ ശാപവചസ്സുകൾ
സഖറിയാവിൽ ഫലിച്ചുടനെ.
എന്തേ പുരോഹിതൻ വൈകുവാനെന്നോർത്തു
നിന്നൂ ജനങ്ങളുൽക്കണ്ഠയോടെ.



www.malankaralibrary.com

*(മാവേലി)*
ദേവാലയത്തിൻ പുറത്തുകാത്തു
മേവി ജനങ്ങളവനെക്കാണാൻ
നാവനങ്ങാതവൻ മുന്നിൽ വന്നു
കേവലമാംഗല്യങ്ങൾ കാട്ടിനിന്നു.

*(മഞ്ജരി)*
നീതിമാനായ പുരോഹിതനെന്തിതു
മൂകനായെന്നവർക്കത്ഭുതമായ്.
ദർശനം കിട്ടിയ കാര്യങ്ങളോരോന്നും
ആംഗ്യങ്ങൾ കൊണ്ടല്ലോ വർണിക്കുന്നു.
ഏതുവിധമവനോതുമതൊക്കെയും
മൂകനായ് കാതിനു കേൾവിയെന്യേ.
സ്തംഭിച്ചുനിന്നു യഹൂദജനതതി
തമ്മിലവരന്നു ചൊല്ലി പിന്നെ
'ജന്മത്തിലിത്തിര മത്ഭുതമാണെങ്കിൽ
കർമ്മത്തിലാമകനാരായ് തീരും?'

വിവ: - റവ. ഡോ. തോമസ് കൂനമ്മാക്കൽ



www.malankaralibrary.com

# XI
# പാപിനിയും സാത്താനും

ആദിമശതകങ്ങളിലുണ്ടായ ഈ സംവാദഗീതത്തിന്റെ പൂർണവും ശുദ്ധ വുമായ ഒരു കയ്യെഴുത്തുപ്രതി ലഭിച്ചിട്ടില്ല. പല കയ്യെഴുത്തു പ്രതികളുള്ള തിൽ പാഠഭേദങ്ങളും ആശയഭേദങ്ങളും കാണാനുണ്ട്. സുസമ്മതമായ ഒരു പാഠം ഇവിടെ സ്വീകരിച്ചിരിക്കുന്നു. പാപിനിയും സാത്താനും ആധുനിക ദൃഷ്ടിയിൽ രണ്ടു പ്രതീകങ്ങളാണ്. ഭൗതികമോഹവും പരാജയഭീതിയും നിറഞ്ഞ മനസിന്റെ താഴ്ന്നതലമാണ് സാത്താൻ. മോചനകാംക്ഷയും പ്രത്യാ ശയും നിറഞ്ഞ ഉയർന്നതലത്തെ പാപിനി പ്രതിനിധാനം ചെയ്യുന്നു.

മോചനം തേടുന്ന പാപിയുടെ ആന്തരികസംഘട്ടനമാണിവിടെ പ്രമേയം. ബൈബിളിന്റെ പശ്ചാത്തലമുള്ള ഈ സങ്കല്പകഥയ്ക്ക് അങ്ങനെ ഒരു നൂതനമാനം കൈവരുന്നു.

പാപിനിയും സാത്താനും, സ്ത്രീയും പിശാചും എന്നീ രണ്ടു ഗീതങ്ങ ളുടെ മൂലം കിട്ടാൻ കാലവിളംബമുണ്ടായതുകൊണ്ട് മറ്റു ഗീതങ്ങൾ അച്ച ടിച്ചുകഴിഞ്ഞാണ് ഇവ വിവർത്തനം ചെയ്തു ചേർക്കാൻ കഴിഞ്ഞത്. മഹാ കവി വള്ളത്തോളിന്റെ മഗ്ദലനമറിയത്തിൽ പ്രതിപാദിച്ചിരിക്കുന്നതാണ് രണ്ടു ഗീതങ്ങളുടെയും വിഷയം. വള്ളത്തോൾ സാത്താനെ രംഗത്തുവരാത്ത ഒരു കഥാപാത്രമായി അണിയറയിൽ നിർത്തിയിരിക്കുകയാണ്. കവിഭാവനകളെ താരതമ്യപ്പെടുത്തുന്നത് രസകരമായിരിക്കും. രണ്ടു ഗീതങ്ങളുടെയും വിവർത്തനം:- മാത്യു ഉലകംതറ.

*(ശ്ലോകം - വസന്തതിലകം)*

ദാവീദുരാജസുതനായ് നരരൂപമാർന്നു
പാരിൻ കടങ്ങളൊഴിവാക്കിയ ലോകനാഥൻ
സ്നേഹാതിരേകനിധി സർവ്വ കൃപാപയോധി
മോഹാന്ധകാരപാടലിക്കു പ്രഭാതസൂര്യൻ.

കാരുണ്യമാർന്ന പടുവൈദ്യനവൻ തിരിഞ്ഞു
പാരിങ്കലെത്തി നിജപാപികളെത്തിരക്കി
ഭീരുത്വമെന്നിയരികത്തിവർ ചെല്ലുവാനായ്
പാരം വിനീതമനുജന്റെ പദം വരിച്ചു.



www.malankaralibrary.com

ദേഹത്തിനുള്ള മുറിവിൽ ദയയാം മരുന്നും
ദേഹിക്കു ചേർന്ന പരിശുദ്ധിയതാം വിരുന്നും
ജീവിച്ചിരിപ്പവരെയും മൃതരേയുമൊപ്പം
ഭാവിച്ചു സ്നേഹമൊടവൻ പരമേകിടുന്നു.

അന്ധൻ വരിച്ചു നയനത്തിനു സുപ്രകാശം
തല്പം ചുമന്നു തളർവാതമിയന്ന മർത്യൻ.
മാൻപേടപോലെ കുതികൊണ്ടിതു കാൽ തളർന്നോൻ
എന്തെന്തു സൗഖ്യമവശർക്കു കൊടുത്തു നാഥൻ.

സക്കായിയെത്തരുവിൽ നിന്നു പിടിച്ചെടുത്തു
കേവഞ്ചിവിട്ടു സബദീസുതരെത്തി പിമ്പേ
കൂപാന്തികേ സമരിയാവധു രക്ഷകണ്ടു
ശീമോന്റെ വീട്ടിലഭിസാരിക മുക്തിപൂണ്ടു.

*(കാകളി)*

ശീമോന്റെ മന്ദിരം തന്നിൽ വിരുന്നിനു
പ്രേമസ്വരൂപനണഞ്ഞെന്നു കേൾക്കയാൽ
ചിത്തസന്തോഷം വളർന്നൊരപ്പാപിനി-
യിത്ഥമന്തർഗതം ചെയ്താളനന്തരം:
തെല്ലും മടിക്കാതെ നാഥന്റെ മുന്നിൽ ഞാൻ
ചെല്ലുമെൻ പാപങ്ങളേറ്റുപറഞ്ഞിടും.
എല്ലാപ്പിഴയും പൊറുത്തവനെന്റെമേൽ
സ്വർല്ലോകകാരുണ്യമാരി വർഷിച്ചിടും.
മാനവരൂപം ധരിച്ച ദൈവത്തിന്റെ
സൂനുവെക്കാണാനുഴറുന്നു കണ്ണുകൾ.
സക്കായിതൻ പാപമൊക്കെപ്പൊറുത്തവൻ
സൽകൃപയെന്നിലും തൂകും ദയാമയൻ.
നൽകാതിരിക്കും വധശിക്ഷ രാജാവു
തൻകാൽ പിടിക്കുന്ന ചോരനും നിർണയം.
ഘോരാപരാധാൽ വധാർഹ ഞാനെങ്കിലും
രാജാധിരാജൻ തരും ജീവനാർദ്രമായ്.
ഏവം നിനച്ചു നടക്കും തരുണിയെ
പാതയിൽ സാത്താൻ നിരീക്ഷിച്ചു സൂക്ഷ്മമായ്
പശ്ചാത്തപിക്കയാണിന്നവളെന്നുക-
ണ്ടെത്തിയടുത്തു നയത്തിൽ പറഞ്ഞവൻ:



www.malankaralibrary.com

*(പ്രേമസംഗീതം — ഒരൊറ്റമതമുണ്ടുലകിന്നുയിരാം.... എന്ന രീതി)*

*സാത്താൻ:-*

പറയുക കുഞ്ഞേ നീയെന്തിങ്ങനെ കരയാനൊരു ഹേതു
കരളിൽ നിനക്കെന്താധിയതെന്നോടു പറയാനെന്തുമടി?
പുറമേ സ്നേഹം കാട്ടിക്കാമുകർ വഞ്ചിച്ചോ നിന്നെ?
ശരിയാക്കാമതു ഞാനതിനിങ്ങനെ കരയാതരുമേ നീ.

*പാപിനി:*

അനുതാപികളിൽ കനിവിയലുന്നോനതുല മഹോന്നതനാ-
മഖിലേശ്വരനാണെൻ പ്രിയകാമുകനവനാണെൻ സ്നേഹം.
ചതിയൻ നീയും നിൻ പ്രിയതോഴരുമെന്നറിയുന്നു ഞാൻ
ചതിയന്മാരാം കാമുകരെ ഞാൻ നമ്പുകയില്ലിനിമേൽ.

*സാത്താൻ:-*

സ്നേഹം നിന്നിലെനിക്കുള്ളതിനാൽ ഞാനിവ പറയുന്നു
സ്നേഹത്താൽ ഞാൻ തന്നു നിനക്കു വിഭൂതികളും സുഖവും.
ഒക്കെ മറന്നു പുറന്തള്ളുന്നു സ്നേഹിതരൊത്തെന്നെ
ധിക്കൃതിയാണു കൃതഘ്നതയാണു നിനക്കിതു നന്നല്ല.

*പാപിനി:*

ഒരു സത്യത്തിൻ വിളികേട്ടല്ലോ നിന്നെയുപേക്ഷിച്ചേൻ
നീ തരുമൈശ്വര്യങ്ങളുമിനിമേലെനിക്കു വേണ്ടൊട്ടും.
നിന്റെ വെറുപ്പിനു വിധേയരായവർ ഭാഗ്യമിയന്നവർ താൻ
ഉന്നതനീശ്വരനെന്നും സ്നേഹിതരായവർ വർത്തിക്കും.

*സാത്താൻ:*

എന്നുപദേശം കേൾപ്പവർ പിന്നെയലട്ടുകയില്ലൊട്ടും
ഉന്നതവേദിയിൽ വാണരുളുന്ന മഹോന്നതനീശ്വരനെ.
ബഹുമാന്യനവൻ നിന്നെക്കണ്ടാൽ കോപമിയന്നേക്കും.
അകലെപ്പോരിക കോപമുയർന്നാൽ ശാപവുമുണ്ടാകും.

*പാപിനി:*

വഴിതെറ്റിക്കും നിന്നുപദേശം കേൾക്കില്ലിനിയും ഞാൻ
അനുതാപം പൂണ്ടവരൊടു ശത്രുതയകമേയുള്ളോൻ നീ.



www.malankaralibrary.com

ഇന്നുവരെ ഞാൻ നിന്നുടെ പിമ്പേ വന്നു മടിയ്ക്കാതെ
എന്നാലിനിമേൽ മേരീസുതനാണെന്നുടെ വഴികാട്ടി.

*സാത്താൻ :*

ദൈവത്തിൻ സുതനാണവനോർക്കിൽ പാപിനിയല്ലോ നീ
കൈവിടുമരികിൽച്ചെന്നാൽ നിന്നെ കൈക്കൊള്ളുകയില്ല.
ദുഷ്കൃതിയധികം ചെയ്തു വെറുക്കപ്പെട്ടവളാം നിന്നെ
ആട്ടിയകറ്റുമവൻ, നീയതിനാൽ നാണംകെടുമധികം.

*പാപിനി:*

ദൈവത്തിൻസുതനാണവനലിവിന്നുറവയുമാകുന്നു.
കോപിക്കില്ലവനനുതാപികളിൽ പ്രീതി പരം പൂണ്ടോൻ.
തന്റെ പിതാവിനു തുല്യൻ, കരുണയിലെന്നുമതുല്യനവൻ
പിന്തിരിയുന്നൊരു പാപികൾതൻ വരവെന്നും കാംക്ഷിപ്പോൻ.

*സാത്താൻ:*

അഖിലജഗത്തിനു പരിഹാസത്തിനു നീയിരയായ്ത്തീരും
ഒരുപൊഴുതും മാപ്പേകുകയില്ല സമീപം നീ ചെന്നാൽ.
പാപത്തിൻ കെടുനീരു നിറഞ്ഞു കവിഞ്ഞൊഴുകും നിന്നെ
ക്കോപം പൂണ്ടു നിരാകൃതയാക്കും മാപ്പിനയോഗ്യതയാൽ.

*പാപിനി:*

പരിഹാസത്തിനു ഞാനിരയാകും ലോകം മുഴുവനിലും
നീ പറയുന്നതുകേട്ടു നടന്നാലില്ലതിനൊരുകില്ലും
ദൈവത്തിൻ കൃപയഖിജഗത്തെക്കാളും വലുതല്ലോ
അവനു ക്ഷമിക്കാൻ ചെറിയൊരു സംഗതിയാണെൻ പാപകടം.

*സാത്താൻ:*

നീതി വിധിപ്പവനാണവനൊട്ടുമിളക്കം തട്ടാത്തോൻ
നീതി വിധിച്ചുശപിക്കും നിന്നെ കോഴയിലഴിയാതെ.

*പാപിനി:*

വിധിയാളൻ താനവനെന്നാലും കരളലിവിയലുന്നോൻ
കതകു തുറന്നവനെന്നുമിരിപ്പൂ പാപികളെത്തീടാൻ.
എനിക്കു ജീവിതമുണ്ടാകട്ടെ; മൃതിതാനായ്ക്കോട്ടെ
ശരിക്കു ചുംബനമരുളും ഞാനിന്നവന്റെ തൃക്കഴലിൽ.



www.malankaralibrary.com

*സാത്താൻ:*

പരിശുദ്ധനവൻ; നികൃഷ്ട മലിനത നിറയും പാപിനി നീ
ദഹിച്ചുപോം നീയവന്റെ നിശ്വാസത്തിൻ തീക്കാറ്റിൽ.
അളിഞ്ഞപാപം ചുമന്നുകൊണ്ടാ വിശുദ്ധിയെത്തീണ്ടാൻ
തുനിഞ്ഞിറങ്ങുവതെന്തിനു വെറുതേ നാണംകെട്ടവളേ.

*പാപിനി:*

അറിഞ്ഞിടുന്നേൻ നിത്യവിശുദ്ധൻ നിർമ്മലനെൻ നാഥൻ
കുറഞ്ഞ പാപക്കറയുമവന്മേൽ നിഴലിക്കുന്നില്ല.
അവന്റെ ശുദ്ധിയിൽനിന്നു ലഭിക്കുമെനിക്കും നൈർമ്മല്യം
അതാണുകാരണ, മശുദ്ധ ഞാനിന്നവങ്കലെത്തിടുവാൻ.

*സാത്താൻ:*

നാശം പിണയും നിനക്കു പെണ്ണേ നീയവിടെപ്പോയാൽ
മോശം നിൻ സ്ഥിതിയെന്നുരചെയ്തു നീ തന്നെ മുന്നം.
അവന്റെ ചുറ്റും നിരന്നുനില്ക്കും പന്തിരു ശിഷ്യന്മാർ
ഒരുങ്ങിടുന്നു നിന്നെക്കൊല്ലാൻ രോഷാകുലരായി.

*പാപിനി:*

നാശം സകലം നിന്നവകാശം നികൃഷ്ടസാത്താനേ
ദ്വേഷമിയന്നോൻ നീയനുതാപമിയന്നവരിൽ നിത്യം.
നാഥനെ വലയംചെയ്തു വസിക്കും പന്തിരുശിഷ്യന്മാർ
പാപിയെനിക്കായ് തിരുസന്നിധിയിൽ ശുപാർശ ചെയ്തീടും.

*സാത്താൻ:*

അഭിസാരികനീയെന്ന തിരിച്ചറിവുണ്ടു നിനക്കെങ്കിൽ
മുതിരുകയില്ലൊരുനാളും സാഹസമിങ്ങനെ ചെയ്തിടുവാൻ.
വിടനാമൊരുവനെയല്ലണയുന്നതു നീയെന്നറിയേണം.
സമനിലതെറ്റിയശലഭം തീയിനെയല്ലോ തീണ്ടുന്നു.

*പാപിനി:*

അഭിസാരികഞാനെന്നതു തെല്ലും നിരസിക്കുന്നില്ല
അതിലൊരു നേർവഴിയെത്തിപ്പെട്ടവൾ റാഹാബിൻ ഭഗിനി.
നുനിൻ (Nun) സുതനാം യോശുവയവളെക്കാത്തതുപോലിന്നും
കന്യാനന്ദനനേശുവെനിക്കും രക്ഷകനായ്ത്തീരും.



www.malankaralibrary.com

*സാത്താൻ:*

പറയുവതെന്തെന്നറിയുവതില്ല – പാവം പെൺകൊടി നീ
സമനിലതെറ്റി നിനക്കെന്നിപ്പോൾക്കണ്ടറിയുന്നു ഞാൻ.
തിരുവചനം നീ വേണ്ടവിധത്തിൽ വായിച്ചിട്ടില്ല
മൊഴിയതിലുള്ളവ തലകീഴായ് നീ മാറ്റിമറിക്കുന്നു.

*പാപിനി:*

ശാപം നല്കി നിനക്കജപുത്രൻ; ലജ്ജിതനതിനാൽ നീ
ശാപമെനിക്കും നേടിത്തരുവാൻ വഴിനോക്കുകയല്ലോ?
ഇന്നലെയോളം നിന്നടിമപ്പണി ചെയ്തു വസിച്ചു ഞാൻ
ഇന്നുമുതൽ ഞാൻ നിന്നെ വെടിഞ്ഞു നിൻ സ്നേഹിതരേയും.

*സാത്താൻ:*

പറയുന്നു ഞാൻ നിനക്കു നല്ലതു പഴകിയ വഴിതന്നെ.
മറിയത്തിൻ മകനവിടെങ്ങാനും കഴിയട്ടെ സ്വൈരം
വെറുപ്പു നിന്നോടവനുണ്ടെന്നതു നീയറിയുന്നില്ല.
അടുത്തുചെന്നാൽ കോപിക്കുമവൻ ശപിച്ചു പൊടിയാക്കും.

*പാപിനി:*

ഭാഗ്യമെനിക്കതുതന്നേ നാഥനെയടുത്തുകാണുവതേ
യോഗ്യം മറിയാനന്ദനനെന്നെക്കൊന്നു കളഞ്ഞാലും.
സർവ്വാരാതിഭവാനടിമപ്പണി ചെയ്യുവതേക്കാളും
സർവ്വേശ്വരനുടെ ഹിതമാം മൃതിയും മോചനമായ്ത്തീരും.

*സാത്താൻ:*

എന്തുപിണഞ്ഞുനിനക്കെന്നരുമേ കുറുകുമരിപ്രാവേ
എന്തിനുനീ കലഹിക്കുവതെന്നോ, ടെന്തു പിഴച്ചുഞാൻ?
വളരെക്കാലമിണങ്ങി വസിച്ചവരാണല്ലോ നമ്മൾ.
ചിറകുവിരിച്ചുപറന്നകലുന്നോ നീയെൻ കണ്മുന്നിൽ.

*പാപിനി:*

കപടതയുള്ളിലെഴാത്തൊരരിപ്രാവാണല്ലോ ഹാ ഞാൻ.
വിടുതൽ നേടുകയാണിഹ നിന്റെ നഖപ്പിടിയിൽനിന്നും.
രക്ഷിച്ചീടുകയാണിന്നെന്നെപ്പക്ഷീന്ദ്രൻ ക്രിസ്തു
പക്ഷപുടങ്ങൾക്കിടയിലെനിക്കവനേകും സങ്കേതം.



www.malankaralibrary.com

*സാത്താൻ:*

ധിക്കാരം പൂണ്ടവിഹിതമാർഗ്ഗം തേടിപ്പോയോൾ നീ
മർത്ത്യാധമരുടെ സ്നേഹക്കെണിയിൽ വീണു നശിച്ചോൾ നീ.
എന്തിനു ചീഞ്ഞഴുകുന്ന ശവം നീ പരിശുദ്ധനു നല്കി
സന്തതമവനുടെ സങ്കേതത്തെപ്പങ്കിലമാക്കുന്നു?

*പാപിനി:*

ധിക്കാരം പൂണ്ടവിഹിതമാർഗം തേടിപ്പോയവൾ ഞാൻ
രക്ഷകനെന്നാലിന്നെൻ പ്രിയതമനെന്നെ വിളിക്കുന്നു.
എന്റെ കളങ്കം സകലം കഴുകി വെടിപ്പാക്കിക്കൊണ്ടേ
തന്മണവറയിലെനിക്കവനേകും സാന്ത്വന സുഖതല്പം.

*സാത്താൻ:*

തെരുവിലിറങ്ങി പ്രതിദിനമുടലിനു വിലപേശുന്നവളേ
നിരവധിയുണ്ടു നിനക്കു പ്രിയന്മാരെന്നിവനറിയുന്നു.
മരിയാസുതനുടെ തിരുസദനത്തിനു ചേർന്നവളല്ലാ നീ
തിരിയെപ്പോരുകനിൻ കഴലിൻചെളിയവിടെച്ചെല്ലാതെ.

*പാപിനി:*

ശരി, ഞാൻ പ്രതിദിനമുടലിനു തെരുവിൽ വിലപേശിയതത്രേ
ശിമയോൻ തന്നുടെ സദനമെനിക്കിന്നഭയം വിഗതഭയം.
എനിക്കു രക്ഷകനേശുവൊരുത്തൻ സ്നേഹവുമവനിൽത്താൻ
വെറുത്തിടുന്നൂ നിന്നെയുമിന്നാ സ്നേഹിതരേയും ഞാൻ.

*സാത്താൻ:*

നിനക്കുഞാനേ യജമാനൻ നീയെന്നടിമയുമല്ലോ
എതിർപ്പിനെന്താണിന്നൊരുഹേതു നിനച്ചിരിക്കാതെ.
സുദീർഘകാലം സേവനമരുളീയെനിക്കു നീ നന്നായ്
വെറുപ്പു നിന്നിലെനിക്കില്ലല്ലോ മറിച്ചു നീയെന്തേ?

*പാപിനി:*

ഒരിക്കലടിമപ്പെടുത്തിയെന്നെപ്പിടിച്ചു വച്ചു നീ
നിനക്കു സേവനമേകി വസിച്ചു സുദീർഘകാലം ഞാൻ.
വിലയ്ക്കെടുത്തു ദൈവകുമാരകനിന്നെന്നെസ്സദയം
മനസ്തപിപ്പോർക്കവന്റെ നുകമതി ലഘുതരമാണല്ലോ.



www.malankaralibrary.com

*സാത്താൻ:*

പ്രപഞ്ചമെല്ലാമറിഞ്ഞു നിന്നുടെ കളങ്കിതം ചരിതം
പ്രപഞ്ചനാഥനുനിന്നിലെഴുന്നൊരു കോപത്തിൻ കഥയും.
അഴുക്കുപെട്ടവർ നിന്നെപ്പോലെയൊരാളും ദൈവത്തിൻ
അടുക്കലെത്താൻ ധൈര്യപ്പെടുകില്ലൊരുവട്ടംകൂടി.

*പാപിനി:*

പ്രപഞ്ചമെല്ലാമറിഞ്ഞിരിപ്പൂ ദൈവത്തിൻ തനയൻ
എനിക്കു നല്കിയ പാപക്ഷമയുടെ വിശിഷ്ടമാം കഥയും.
മനസ്തപിക്കും പാപിക്കിനിമേലേതും ഭയമെന്യേ
അടുത്തുചെല്ലാമഭയം തേടാം മോചനവും നേടാം.

*സാത്താൻ:*

എന്നും നിസ്തുലപരിമളതൈലം പൂശിയ നിൻകേശം
ചിന്നിയഴിഞ്ഞുപറന്നും നിറയെ പൊടിപൂണ്ടും കാണ്മൂ
ഏകമകൻ മൃതിപൂണ്ടൊരു ജനനിയവന്റെ ശരീരത്തെ
പൂഴിക്കടിയിൽ മറച്ചുകഴിഞ്ഞു മടങ്ങിവരുംപോലെ.

*പാപിനി:*

എന്നും പരിമളതൈലം പൂശി മിനുക്കിയൊരെൻകേശം
മന്നിലനേകം പുരുഷന്മാർക്കു കുരുക്കുകളുണ്ടാക്കി
ഇന്നതു പൊടിപൂണ്ടലസം പാറിയുലഞ്ഞുപറക്കുമ്പോൾ
നന്നു, മഹേശനെനിക്കുവിരിച്ചൊരു മംഗലവലയത്രേ.

*സാത്താൻ:*

അഞ്ജനമെഴുതി മനോഹരമാക്കിയ നിന്മിഴിയിണകണ്ടാൽ
ചഞ്ചലമാകും മാനസമേതൊരു പുരുഷനുമൊരു നിമിഷം.
ഇന്നതിലിടമുറിയാതൊഴുകുന്നു കണ്ണീരിൻ പുഴകൾ
എന്തൊരു കാരണമിതിനെന്നും ഞാനറിയുവതില്ലല്ലോ.

*പാപിനി:*

എന്മിഴിയിണയാൽ കെണികളൊരുക്കിക്കുഴിയും തീർത്തു ഞാൻ
സന്മതിപൂണ്ടയുവാക്കളെ വീഴ്ത്തി നിഷ്കളമാനസരെ.
അങ്ങനെ പാപം ചെയ്തതിനെല്ലാം പൊറുതി തരുന്നതിനായ്
മന്നനു തിരുമുൽക്കാഴ്ചയൊരുക്കുകയാണെൻ നയനജലം.



www.malankaralibrary.com

*സാത്താൻ:*

നിന്നധരങ്ങൾ മൊഴിഞ്ഞ മനോഹരസംഗീതം മൂലം
നിർവൃതിപൂണ്ടു തെരുവോരങ്ങളിലസുലഭതാരുണ്യം.
ഇന്നവയുതിരുകയാണതിവേദന തിങ്ങിയനെടുവീർപ്പും
ഉന്നതസാരമിണങ്ങും പ്രാർത്ഥന തന്നുടെ ചൂടുവാക്കും.

*പാപിനി:*

പാഴിൽ പാട്ടുകൾ പാടിയ ചുണ്ടുകളിന്നു വിലാപത്താൽ
പൂരിതമാകുമവതുചിതം തന്നെ ദൈവത്തിൻമുന്നിൽ.
പണ്ടുചിരിച്ചുകളിച്ചതിനെല്ലാം പകരമൊരുക്കുന്നേൻ
വിണ്ടലനാഥനു കീർത്തനമനുദിനമെളിയവളെൻചുണ്ടിൽ.

*സാത്താൻ:*

എന്തിനു പരിമളവ്യാപാരികളെത്തേടിനടപ്പൂ നീ
എന്തിനു കയ്യിലെടുത്തു തൈലമൊഴിക്കുന്നൊരു ഭരണി.
വരുവാനുണ്ടോ കാമുകരാരാൻ സന്ദർശകരായി
അവരോടൊത്തു രമിക്കാനാണോ നിന്നുദ്യമമിപ്പോൾ?

*പാപിനി:*

ഉന്നതനാമെൻ മണവാളനെ ഞാൻ തേടി ഗമിക്കുന്നു
എന്നഭിഷേകം ശാശ്വതജീവിതമരുളും ശിരസ്സിൽത്താൻ.
ഞാനതിനല്ലോ ഭരണിയിൽ സുരഭില തൈലം വാങ്ങുന്നു
മോചനമെൻപാപത്തിനവൻ തരുമതു കൈക്കൊണ്ടുടനേ.

*സാത്താൻ:*

പൊന്നും പവിഴവുമിടകലരുന്നൊരു കണ്ഠാഭരണങ്ങൾ
മിന്നും നിൻഗളമെത്രമനോജ്ഞം സുന്ദരി, യോർക്കുന്നോ?
ഇന്നതു കഷ്ടം വിധവകണക്കിനു ശൂന്യമനാർഭാടം
പെണ്ണും പൊന്നും വേർപിരിയുന്നതു കണ്ണിനു ദുസ്സഹമേ.

*പാപിനി:*

ഭൂഷണഭാരം കൊണ്ടു കുനിഞ്ഞ കഴുത്തിനി വിനയത്താൽ
ഭാസിതമാകണമവനതമാകണ, മതാണു ദൈവഹിതം.
തിരുമുമ്പിൽ ഞാനിങ്ങനെ ചെന്നു വണങ്ങിക്കേഴുമ്പോൾ
തരുമവനെൻ പാപങ്ങൾക്കവികല മോചനമാസകലം.



www.malankaralibrary.com

*സാത്താൻ:*

ആകാശങ്ങളുമാഴങ്ങളുമന്നുയരും സാക്ഷികളായ്
ഏകാ പൊറുതി നിനക്കവന, ഖിലം കണ്ടുവസിക്കുന്നോൻ.
നാണംകെട്ടു തിരിച്ചുവരുന്നൊരു നിന്നെക്കാണുമ്പോൾ
നാസികമേൽവിരൽചേർത്തുചിരിക്കും കാണികളെല്ലാരും.

*പാപിനി:*

ആകാശങ്ങളുമാഴങ്ങളുമതുകണ്ടു വസിക്കട്ടെ
ഭൂഗോളം പുളകാങ്കിതമായതിൽ സാക്ഷിവഹിക്കട്ടെ.
ഉടയവനെന്നെയുപേക്ഷിക്കില്ലാ; കൈക്കൊള്ളും സദയം.
തിരികെവരും ഞാൻ പാപപ്പൊറുതി ലഭിച്ചവളായ്ത്തന്നെ.

*സാത്താൻ:*

ഭൂസ്വർഗങ്ങൾ കരയും നിന്നുടെ ദയനീയാന്ത്യത്തിൽ,
നീയെന്നുപദേശത്തിനു കാതുകളേകാതോടിയതിൽ.
എനിക്കുനഷ്ടം വരുവാനില്ലതിലൊന്നും; നീയെന്നാൽ
തിരിച്ചുപോരും ലജ്ജിതയാ, യപമാനിതമാനസയായ്.

*പാപിനി:*

ഭൂസ്വർഗങ്ങൾകരയും നിന്നുപദേശം ഞാൻ കേട്ടാൽ;
പാതാളത്തിൽ വീഴും നിന്നുടെ വഴിയേ ഞാൻ പോയാൽ.
പ്രത്യാശയോടേ പോകുന്നുഞാൻ നാഥാന്തികമെത്താൻ.
പ്രത്യാഗതയാം ഞാനതിമോദ വിഭൂഷിതമാനസയായ്.

*സാത്താൻ:*

നിനക്കു തോന്നുംപടി നിന്നെയവൻ കൈക്കൊള്ളുന്നെങ്കിൽ
ശരിക്കതത്ഭുത, മെന്നല്ലാതിവനെന്തുപറഞ്ഞീടും.
ദുഷിച്ച പാപിനിയൊരുത്തിയെത്തന്നറയ്ക്കകത്തേറ്റാൻ
തുറക്കുമെന്നോ കനകകവാടം നിർമ്മലനഖിലേശൻ?

*പാപിനി:*

മഹോന്നതൻ തൻ കനകകവാടം തുറന്നിരിക്കുന്നു
ശരിക്കുപാപികൾ മനസ്തപിച്ചാലതീശനാനന്ദം.
അവർക്കുവേണ്ടി സ്വർഗം വിട്ടവനിറങ്ങിവന്നില്ലേ?
അനുതാപികളെച്ചൊല്ലിഗ്ഗഗനവുമാനന്ദിച്ചില്ലേ?



www.malankaralibrary.com

*(സമാപനം – വസന്തതിലകം)*

പ്രത്യാശപൂണ്ടരിയൊരുത്തരമേവമോതി
സാത്താനെ വിട്ടു നടകൊണ്ടിതു സന്നതാംഗി
നാർദീൻദ്രവം സുരഭിലം കരതാരിലേന്തി
കർത്താവിരുന്ന ഭവനത്തിനകത്തണഞ്ഞാൾ

എണ്ണം കവിഞ്ഞ നിജപാപകടങ്ങളെല്ലാം
ദണ്ണം പെടും കരളിലോർത്തുകരഞ്ഞു വീണ്ടും
കണ്ണീരിലക്കറകളൊക്കെയൊഴുക്കി വീണാൾ
കന്യാതനൂജനുടെ തൃപ്പദതാരിലാരാൽ.

നേത്രാംബുവിൽ പദയുഗം കഴുകിത്തുടച്ചും
ചെഞ്ചുണ്ടിനാലവ നിരന്തരമുമ്മവച്ചും
പശ്ചാത്തപിച്ചുഴലുമാപ്പതിതാംഗനയ്ക്കായ്
സ്വർഗം തുറന്നു കൃപതൻ നിധിപേടകങ്ങൾ.

വിശ്വാസവും ശരണവും കദനങ്ങൾ നീക്കും
പ്രത്യാശ നല്കുമെതിരറ്റ നവീനജീവൻ.
പശ്ചാത്തപിച്ചുപദതാരഭയംഗമിച്ചാൽ
കർത്താവു നല്കുമഘ മുക്തി മഹാഖലർക്കും.

*(ശാർദ്ദൂലവിക്രീഡിതം)*

കുഞ്ഞേ പോവുക ശാന്തിയിൽ ത്തവമഹാപാപങ്ങൾ നിർമ്മുക്തമെ–
ന്നുള്ളോരീശസുതോദിതം ഗഗനവും പാരും കുളിർപ്പിക്കവേ
ശീർഷം താണു പിശാചിനൊ, പ്പമബലയ്ക്കുണ്ടായ് ബലം നിസ്തുലം;
പാടാം ഞങ്ങളനുഗ്രഹം വഴിയുമപ്പാദാശ്രയത്തിൻ കഥ.

*(സ്രഗ്ദ്ധര)*

പാപക്കൂമ്പാരമോടേ കഴലിടറി നടന്നീടുമീ മർത്ത്യരേയും
പാരിൽ പാപിക്കുതാങ്ങാമരിയസഭയെയും കാക്കണം നീ ദയാലോ.
പാടാൻ പ്രാവീണ്യമില്ലെങ്കിലുമഖില ജഗൽപ്രാണനാം നിൻ മഹത്ത്വ
പ്പാരാവാരാത്തെയിപ്പാഴ്പദനിരയിലൊതുക്കീടുമീ ഭൃത്യനേയും.

● ●



www.malankaralibrary.com

# XII
# സ്ത്രീയും പിശാചും

താരതമ്യേന ആധുനികമായ ഈ സംവാദഗാനം മദ്ധ്യശതകങ്ങളിലുണ്ടായതാണ്. കഥാപാത്രങ്ങൾ മുൻകവിതയിലേതുതന്നെ. എങ്കിലും മനശ്ശാസ്ത്രപരമായ ആഴം അത്രതന്നെ ഇതിന് അവകാശപ്പെടാനില്ല. പാപമുപേക്ഷിച്ചു ദൈവത്തെ പ്രാപിക്കാനൊരുങ്ങുന്ന ഒരാത്മാവിന്റെ ദൃഢനിശ്ചയമാണ് പ്രമേയം. വിട്ടുപേക്ഷിക്കുന്ന ലോകഭോഗങ്ങളെയും കിട്ടുവാനാഗ്രഹിക്കുന്ന സ്വർഗഭാഗ്യത്തെയും തമ്മിൽ കഥാപാത്രവചനങ്ങളിലൂടെ പരോക്ഷമായി താരതമ്യം ചെയ്യുന്നത് ശ്രദ്ധേയമാണ്.

*(നരനായിങ്ങനെ)*

നരരൂപം പൂണ്ടു ധരയിൽ വന്നെത്തി
യടിമത്തം നമുക്കൊഴിവാക്കി
നരകുലത്തിന്റെ പരമമോചക-
പദവി പൂണുന്ന തിരുനാഥാ
കരുണയാലല്ലോ മനുജമക്കൾക്ക്
നടുവിൽ നീ വന്നു മടിയാതെ.
അവരുടെ ജന്മക്കെടുനീരിൻ കൈപ്പു
മധുരമാക്കി നിൻ രുധിരത്താൽ.
ചൊരിയുന്നു വെട്ടം മിഴിയിലന്ധർക്കു
തളരും കാലിനു ചലനവും.
മലിനത പൂണ്ട മനുജജന്മത്തെ
മഹിതസ്നേഹത്തിൽ പൊതിയുന്നു.
ഒരു ദിനം 'നായീൻ'നഗരത്തിൽ പ്രഭു-
ഭവനത്തിൽ നീ വന്നമരവേ
അതുകേട്ടെത്തി നിൻ സവിധത്തിലൊരു
കൊടിയപാപിനി പൊറുതിക്കായ്.
കരുണതോന്നി നീയവളുടെ പാപ-
മഖിലം തീർത്തു നിന്നുയിരേകി
അവളെപ്പാപത്തിൻ തടവിൽ ബന്ധിക്കാൻ
തുനിയും സാത്താന്റെ കഥ കേൾക്കൂ.



www.malankaralibrary.com

*(പാന)*

*പിശാച്:*

പാരമത്തലാൽ മാഴ്കുന്ന നാരിതൻ
ചാരെയെത്തിപ്പിശാചനുരയ്ക്കയായ്
നീ കരയുവതെന്തിനെൻ പെൺകൊടി
നേരുരയ്ക്ക ഞാൻ പോംവഴി ചൊന്നിടാം.

*സ്ത്രീ:*

നീ വരായ്കെന്നെടുത്തിനി ദുർമ്മതേ
ഘോരദുഃഖത്തിനിന്നു നീ കാരണം
മിത്രഭാവത്തിലന്തികത്തെത്തി നീ
യെത്രമാത്രം പതിപ്പിച്ചു പാപത്തിൽ.

*പിശാച്:*

പൊന്നുകൊണ്ടു നിൻപെട്ടി നിറച്ചതും
വെള്ളിയിൽ നിൻ ഭവനം പൊതിഞ്ഞതും
മന്നിലാരിന്നു ഞാനൊഴിഞ്ഞോതുക
പിന്നെയന്തിനീക്കോപവും നിന്ദയും.

*സ്ത്രീ:*

കൊണ്ടുപോ നിന്റെ പൊന്നും പവിഴവും
കുണ്ടിലിട്ടു ദഹിപ്പിക്ക വെള്ളിയും.
മാലിന്യം പൂണ്ട നിൻ ധനമൊന്നുമേ
മേലിൽ വേണ്ടെനിക്കീ സുഹൃൽബന്ധവും.

*പിശാച്:*

എന്തുദോഷം നിനക്കു വരുത്തി ഞാൻ
എന്തിനീക്കൊടും വൈരവും ദ്വേഷവും?
നിന്നിലെന്നും പ്രിയംപൂണ്ടു വാണൊരീ
യെന്നിലെന്തിനീ നിന്ദാവചസ്സുകൾ.

*സ്ത്രീ:*

നിന്റെ മൈത്രിയെക്കാളെന്നുയർച്ചയ്ക്ക്
നിന്റെ ശത്രുത ഹേതുവായ്ത്തീർന്നിടും
നിന്നെ നിന്ദിച്ചുഞാൻ പുറന്തള്ളിയാ-
ലെന്നെ സ്നേഹിക്കുമീശൻ ദയാമയൻ.



www.malankaralibrary.com

*പിശാച്:*

പൊന്നൊളിക്കസവാടകൾ തന്നു ഞാൻ
നിൻ പഥങ്ങളിൽ പട്ടുവിരിച്ചു ഞാൻ
തന്നു ലോകസുഖങ്ങളും മേന്മയും
പിന്നെയെന്തിനീ കുത്സയും നിന്ദയും?

*സ്ത്രീ:*

നീ തരും പട്ടുമെത്തയെക്കാട്ടിലും
ചാരവും മണ്ണുമാഗ്രഹിക്കുന്നു ഞാൻ.
താവകാനന്ദദാനങ്ങളൊക്കെയും
പാവകജ്വാലതന്നിൽ വീഴ്ത്തുന്നുമേ.

*പിശാച്:*

ഞാൻ തരുന്നു സിറിയ തന്നുത്തമ
ഭോഗമെന്നല്ല സൈപ്രസിൻ മദ്യവും.
എന്നുമീവക കാംക്ഷിച്ചശിച്ച നീ
നന്ദികെട്ടെന്നെയിന്നു നിന്ദിക്കയോ?

*സ്ത്രീ:*

നീ തരും സുഖഭോഗമാപൽക്കരം;
നിന്റെ മദ്യം സുബുദ്ധിവിനാശകം.
പാപമന്ദിരം പൊന്നിൽചമച്ചുനീ
ഘോരമാം വിഷം വീഞ്ഞായൊഴുക്കി നീ.

*പിശാച്:*

റോമിൽ നിർമ്മിച്ചു നിന്റെ കിരീടം ഞാൻ
നിന്നുടയാടയേജിപ്തിലുണ്ടാക്കി.
ബാബിലോണിലെപ്പട്ടും, വരുത്തി ഞാൻ
നീയെനിക്കിതോ സമ്മാനമേകുന്നു?

*സ്ത്രീ:*

നാണക്കേടു വരുത്തിയതാണു നിൻ
ദാനമൊക്കെയുമെന്നറിയുന്നു ഞാൻ.
പുച്ഛമായിരുന്നെന്നെയെല്ലാവർക്കും;
ഒച്ചവയ്ക്കാതെ കൊണ്ടുപോ സർവ്വവും.



www.malankaralibrary.com

*പിശാച്:*

ചക്രവർത്തിമാർ രാജകുമാരന്മാ-
രെത്തി വാഴ്ത്തി നിൻ മെയ്യഴകോമലേ
ആർക്കുമിന്നോളമിങ്ങനെ സേവനം
നേർക്കു ഞാൻ ചെയ്തതില്ല നിനയ്ക്കുകിൽ.

*സ്ത്രീ:*

നിന്റെ സംഭാവനകൾ സമസ്തവും
കൊണ്ടു പോ തിരിച്ചെന്നലറുന്നുഞാൻ.
ദാസ്യവൃത്തിയെനിക്കു വിനാശകം;
യേശുവിൻ വധുവാവതെൻ വാഞ്ഛിതം.

*പിശാച്:*

തൂത്തുനിന്നെ മിനുക്കി നടത്തി ഞാൻ
തീർത്തു ത്രൈലോക്യസുന്ദരിയായ് നിന്നെ.
പാർത്തലത്തിലതുല്യയായ് തീർന്നപ്പോൾ
കൂർത്തവാക്കാൽ മുറിച്ചിടുന്നെന്നെ നീ.

*സ്ത്രീ:*

കണ്ടിട്ടില്ല ഞാൻ നിന്നെപ്പോലാരെയും
എന്തു ധിക്കാരി ക്രൂരൻ ഖലാധമൻ!
വേണ്ടെനിക്കു നിൻസേവനം, മാധുരി
ചിന്തിടും വാക്കു നീയെത്ര ചൊൽകിലും.

*പിശാച്:*

വിട്ടുപോരിക നീയീ മനുഷ്യനെ
മർത്യസംയോഗമെന്യേ ജനിച്ചോനെ.
നിന്നെയങ്ങവൻ കാണുന്നുവെങ്കിലോ
ഖിന്നനാകും, ഞാനോതിടാം കാരണം.
നിന്നെയില്ലാതെയാക്കുമസംശയം
കണ്ണിലുള്ളതിളക്കത്തിനാലവൻ.

*സ്ത്രീ:*

ഈ മനുഷ്യനെത്തേടിയോടുന്നു ഞാൻ.
ഞാനിവനെയുപേക്ഷിക്കയില്ലിനി.
കൊല്ലുമെന്നെയവനെന്നിരിക്കിലും
ഇല്ല മറ്റൊന്നു കാമ്യമായൂഴിയിൽ.



www.malankaralibrary.com

*പിശാച്:*

ഏറെ സംശുദ്ധനാണിവൻ സുഷ്ടമാ-
മേതിനെക്കാളുമെന്നറിഞ്ഞീടുക.
ശിഷ്യരുണ്ടു പന്ത്രണ്ടിവ, നായവർ
നിശ്ചയം നിന്നെ നിഗ്രഹിച്ചീടുമേ.
എന്നെയപ്പോൾ തുണയ്ക്കു വിളിക്കിലും
നിന്റെ രക്ഷയ്ക്കു ഞാനനന്തശക്തനാം.

*സ്ത്രീ:*

നിന്റെ മൈത്രിയെനിക്കു വേണ്ടൊട്ടുമേ;
എന്റെ വൈരി നീയെന്നറിയുന്നു ഞാൻ
യേശുവെൻ സ്വന്തമാണവനെന്റെയും
ഞാനവന്റെയുമാകുന്നു സന്തതം.
എത്ര സുന്ദരനെൻ പ്രിയനേതൊരു
രശ്മിയെക്കാളു മുജ്ജ്വലകാന്തിമാൻ.
പിന്തിരിഞ്ഞുപോയെന്നിൽ നിന്നായവൻ
മുമ്പു പാപങ്ങൾ ഞാൻ ചെയ്തവേളയിൽ
വീണ്ടുമെന്നെ വിളിച്ചു കൃപാകുലൻ
വീണ്ടെടുത്തു പിശാചിൽ നിന്നാർദ്രമായ്.
നന്മയാണവൻ സൗന്ദര്യമാണവൻ
ചിന്മയൻ കാന്തി ചിന്തും ദിനകരൻ.
വാഴ്ത്തിടുന്നേനവന്റെ മഹിമയെ
സ്തോത്രമാത്തിരുനാമത്തിനെന്നുമേ.
നന്ദിയെങ്ങനെ ചൊല്ലേണ്ടു വല്ലഭൻ
എന്നിൽ വർഷിച്ച നന്മകൾക്കൊക്കെ ഞാൻ.
എന്നിലിച്ഛയർപ്പിച്ചു ക്ഷണിച്ചവൻ
തന്മണവറയ്ക്കുള്ളിലേക്കുണ്മയിൽ.
നന്ദി നാഥാ നിനക്കുനിരന്തരം
മന്നിലെന്തുള്ളു ഭാഗ്യമിതില്പരം?
നിൻവസതിയതീവ മനോഹരം
നിന്നിലെൻസുഖമത്യന്തഭാസുരം.

● ●



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

സുറിയാനിസാഹിത്യനിധിപേടകത്തിലെ അനർഘരത്ന ങ്ങൾ പുറത്തെടുത്ത് മലയാളികൾക്കു നൽകുന്ന ഒരു സംരംഭമാണ് **"സുറിയാനി സംവാദഗാനങ്ങൾ മലയാളത്തിൽ"** എന്ന കൃതി.

... ....ഇതു് മലയാള ഭാഷയ്ക്കുതന്നെ ഒരു മുതൽക്കൂട്ടായിരിക്കും. നമ്മുടെ കലാലയങ്ങളിൽ സംഭാഷണഗാനങ്ങളായി അവതരിപ്പിക്കാനും ഇതു പ്രയോജനപ്പെടും. സുറിയാനി ഭാഷയുടെ ആത്മാവിലേക്കു് കൂട്ടതലടുക്കുന്നതിനും വേദപുസ്തക പരിചയവും സുവിശേഷസംസ്കാരവും വളർത്തുന്നതിനും ഇതു സഹായകമായിത്തീരും.

*ഗീവറുഗീസ് മാർ തിമോത്തിയോസ്*
തിരുവല്ല ബിഷപ്പ്

www.malankaralibrary.com